"അപ്പോൾ കിഴക്കുനിന്നു് ഏതാനും ശാസ്ത്രജ്ഞന്മാർ ഓർശലത്തുവന്നു. "യൂദന്മാരുടെ രാജാവായി ജനിച്ചവൻ എവിടെയാകുന്നു? ഞങ്ങൾ അവന്റെ നക്ഷത്രം പൗരസ്ത്യദേശത്തു ദർശിച്ചു്, അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു" എന്നു പറഞ്ഞു. ഇതുകേട്ടപ്പോൾ ഹേറോദേശ്‌രാജാവും അവനോടൊപ്പം ഓർശലേം മുഴുവനും. പരിഭ്രമിച്ചുവശായി.

# സത്യദീപം

അതിനാൽ അപ്പോൾ എല്ലാ പുരോഹിതപ്രമാണികളേയും ജനത്തിലെ നിയമജ്ഞന്മാരേയും വിളിച്ചുകൂട്ടി, ക്രിസ്തു എവിടെ ജനിക്കുമെന്നു അവരോടു ചോദിച്ചു. അവർ അവനോടു പറഞ്ഞു: യൂദായിലെ ബെത്‌ലഹമിൽ"

-മത്തായി II: 1-5.

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ജനുവരി 2—ബുധനാഴ്ച | Vol. 30, No. 20


## "ഈശോ മിശിഹാ" എന്ന തിരുനാമം


(ബ്രദർ ജേക്കബ് കട്ടയ്ക്കൽ)


സകല നാമങ്ങളെയുംകാൾ സംപൂജ്യമാണു് "ഈശോ" എന്ന പരിപാവന നാമം. മനുഷ്യരക്ഷയ്ക്കായി മനുഷ്യാവതാരമെടുത്ത ദൈവസുതനു് ദൈവകല്പനയനുസരിച്ചാണു് രക്ഷകൻ എന്നർത്ഥമുള്ള ഈശോ എന്ന മനോഹരനാമം നൽകപ്പെട്ടതു്. "അവനു് ഈശോ എന്നു് നീ പേരിടണം; കാരണം, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു് രക്ഷിക്കും" എന്നു് ദൂതൻവഴി ദൈവം അവിടത്തെ തിരുമനസ്സറിയിച്ചു. ഈ പരിശുദ്ധനാമം സ്വർഗ്ഗവാസികൾക്കു് ആഹ്ലാദസമ്പൂർണ്ണവും ഭൂവാസികൾക്കു് ആശ്വാസദായകവും നരകവാസികൾക്കു് ഭയജനകവുമാണു്. "ഈശോയുടെ നാമത്തിൽ, ആകാശത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരുടെയും മുട്ടുകൾ മടങ്ങുവാനും കർത്താവായ ഈശോ പിതാവായ ദൈവത്തിന്റെ മഹത്വത്തിലാണെന്നു് എല്ലാ അധരങ്ങളും അനുസരിച്ചു പറയുവാനുമായി, സകല നാമങ്ങളെയുംകാൾ മഹത്വമേറിയ ഒരു നാമം ദൈവം അവനു നൽകി." (ഫലി. 2. 10. 11) എന്നു് വി. പൗലോസ് ശ്ലീഹാ പ്രകീർത്തിക്കുന്നു.

ഒരു ക്രിസ്ത്യാനിക്കു് ഈശോയുടെ തിരുനാമംപോലെ മാധുര്യം തുളുമ്പുന്ന വേറൊരു നാമമില്ല. ഈ മോഹനനാമം അവന്റെ നാവിനു് തേനും കാതിനു് ഇമ്പവും ഹൃദയത്തിനു കുളിർമ്മയും നൽകുന്നു. ഭക്തിപുരസ്സരം ഉരുവിടുന്ന പക്ഷം, ഈ തിരുനാമം ശത്രുക്കൾക്കെതിരായുള്ള പ്രബലമായ ഒരു കോട്ടയാണു്; നാരകീയ ശത്രുക്കളുടെനേരെ ഏതു സമയവും എടുത്തു പ്രയോഗിക്കാവുന്ന ഒരു അണുബോംബാണു്; ജീവിതായോധനത്തിൽ വിജയം കൈവരിക്കുവാൻ നമുക്കു് ശക്തിയും ധൈര്യവും നൽകുന്ന ഒരു സിദ്ധൗഷധമാണു്; അപഥസഞ്ചാരികളെ സൽപഥത്തിലേക്കു് തിരിച്ചുവിടുന്ന ചൂണ്ടുപലകയാണു്; ആപത്തിൽ സഹായവും നിരാശയിൽ പ്രത്യാശയുമാണു് ഈ പരിശുദ്ധ നാമം. നസ്രായനായ ഈശോയുടെ നാമത്തിൽ അനേകം അത്ഭുതങ്ങൾതന്നെ സംഭവിച്ചിട്ടുണ്ടു്. ഈശോയുടെ തിരുനാമം ഉച്ചരിച്ചുകൊണ്ടു മരിക്കുവാൻ ഉത്തമകത്തോലിക്കരെല്ലാം ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. കുഞ്ഞുങ്ങൾക്കു് സംസാരശക്തി ഉണ്ടാകുമ്പോൾ തന്നെ, ഈ മധുരനാമം ഉരുവിടുവാൻ ക്രിസ്തീയ മാതാപിതാക്കന്മാർ അവരെ പഠിപ്പിക്കുന്നു. ക്രിസ്ത്യാനികളെല്ലാവരും ഈ സംപൂജ്യനാമം അനുദിനം പല പ്രാവശ്യം ജപിക്കണമെന്നു് തിരുസഭാമാതാവു് ആവശ്യപ്പെടുന്നു. ഈശോയുടെ തിരുനാമത്തിന്റെ സ്തുതിക്കായി ഒരു തിരുനാൾ ഏർപ്പെടുത്തിക്കൊണ്ടും, ഈ തിരുനാമോച്ചാരണത്തിനു് പ്രത്യേകം ദണ്ഡവിമോചനങ്ങൾ നൽകിക്കൊണ്ടും തിരുസഭയുടെ ഔദ്യോഗികപ്രാർത്ഥനകളിൽ ഈ പരിപാവനനാമത്തിനു് പ്രത്യേകപ്രാധാന്യം നൽകിക്കൊണ്ടും ഈ ഭക്തകൃത്യത്തെ തിരുസഭ പ്രോത്സാഹിപ്പിക്കുന്നു. വിശുദ്ധ കുർബാനയുടെ ആശീർവാദാനന്തരം, "ഈശോയുടെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നു് വൈദികനോടു ചേർന്നു് വിശ്വാസികളെല്ലാവരും പ്രാർത്ഥിക്കുന്നു.

ഈശോ എന്ന നാമത്തിന്റെ ഭാഷാപരമായ ഉല്പത്തിയെപ്പററി അല്പം ചിന്തിക്കുന്നതു് വിജ്ഞാനപ്രദമാണു്. "യാശ" എന്ന ഹീബ്രു ക്രിയാധാതുവിനു് രക്ഷിക്കുക, മോചിപ്പിക്കുക, സ്വാതന്ത്ര്യം നൽകുക മുതലായ അർത്ഥങ്ങളാണുള്ളതു്. പ്രസ്തുത ക്രിയയിൽനിന്നു് ഉത്ഭവിച്ചിട്ടുള്ള നാമങ്ങളാണു് യ്ശൂവാ, യേശുവാ, യേശാ, ഏശായ, ഹോശിയാ, യോശുവാ മുതലായവയെല്ലാം. ഈ നാമങ്ങൾക്കു്, രക്ഷ, സ്വാതന്ത്ര്യം, സൗഭാഗ്യം, സുഭിക്ഷത എന്നീ അർത്ഥങ്ങളുണ്ടു്. ഈ ഹീബ്രു നാമങ്ങളുടെ ഒരു അരമായരൂപമാണു് "ഈശോ" എന്നതു്. അതിനാൽ "ഈശോ" എന്ന പദത്തിനു്, "രക്ഷ" അല്ലെങ്കിൽ "രക്ഷകൻ" എന്ന അർത്ഥമാണുള്ളതു്.

എന്നാൽ "യേശുവാ" അല്ലെങ്കിൽ "യേശാ" എന്ന ഹീബ്രു പദം ഗ്രീക്കിലേക്കു് പകർത്തിയപ്പോൾ "യേസൂസ്" എന്നായി. എന്നാൽ ചിലർ അഭിപ്രായപ്പെടുന്നു, "യേസൂസ്" എന്ന ഗ്രീക്കുരൂപം, സ്വസ്ഥമാക്കുക എന്നർത്ഥമുള്ള "യാസ്തൈ" എന്ന ഗ്രീക്കുമൂലത്തിൽനിന്നു് വന്നിട്ടുള്ളതാണെന്നു്. യേസൂസ് എന്ന ഗ്രീക്കുരൂപം തന്നെ JESUS എന്നു് ലാററിനിലേക്കും പകർത്തി. JESUS (യേസൂസ്) എന്ന ലാററിൻ രൂപം ഇംഗ്ലീഷിൽ ഉച്ചരിക്കുമ്പോൾ "ജീസസ്" എന്നായി; കാരണം, ലാററിനിൽ I. J. (ഐ. ജെ) എന്നീ അക്ഷരങ്ങൾക്കു് ഏതാണ്ടു് തുല്യോച്ചാരണമാണു് ഉള്ളതെങ്കിലും, ഇംഗ്ലീഷ് ഭാഷയിൽ "ജെ" എന്ന അക്ഷരത്തിനു് "ജ്" എന്ന ശബ്ദമാണുള്ളതു്.

ഈശോയുടെ പേരിന്റെ ഒരു ഘടകമായിത്തീർന്നിരിക്കുന്നതും "അഭിഷിക്തൻ" എന്നർത്ഥം വരുന്നതുമായ "മ്ശിഹാ" അല്ലെങ്കിൽ "ക്രിസ്തു" എന്ന പദത്തിന്റെ ഉല്പത്തിയെപ്പററിയും അല്പം ചിന്തിക്കാം. "മാശഹ്" എന്ന ഹീബ്രു ക്രിയക്കും "മ്ശഹ്" എന്ന അരമായ ക്രിയയ്ക്കും പൂശുക അല്ലെങ്കിൽ അഭിഷേകം ചെയ്യുക എന്നാണർത്ഥം. "മാശഹ" എന്ന രൂപത്തിൽനിന്നു് "മ്ശീആ" എന്ന ഹീബ്രു രൂപവും "മ്ശഹ്"എന്ന രൂപത്തിൽനിന്നു് "മ്ശിഹാ" എന്ന അരമായ രൂപവും ഉണ്ടായി. "Messiah" എന്നു് ചില യൂറോപ്യൻ ഭാഷകളിൽ കാണുന്നതു് "മ്ശീആ" എന്ന ഹീബ്രു പദം പകർത്തിയതാണു്. എന്നാൽ ഗ്രീക്കുകാർ, "മ്ശീആ" എന്ന ഹീബ്രു രൂപവും "മ്ശിഹാ" എന്ന അരമായ രൂപവും സ്വീകരിക്കാതെ "പൂശപ്പെട്ടവൻ" എന്നർത്ഥം വരുന്ന "ക്രിസ്തോസ്" എന്ന ഗ്രീക്കു പദമാണു് ഉപയോഗിച്ചതു്. "ക്രിസ്തോസ്" ലാററിൻ ഭാഷയിലേക്കു് പകർത്തിയപ്പോൾ "ക്രിസ്തുസ്" ആയി. "ക്രിസ്തുസ്" മലയാളത്തിൽ വന്നപ്പോൾ "ക്രിസ്തു" എന്നായി, ഇംഗ്ലീഷിൽ "ക്രൈസ്റ്റ്" എന്നുമായി.

ഈശോയുടെ പേരിനോടുകൂടി മ്ശിഹാ അല്ലെങ്കിൽ ക്രിസ്തു എന്നുകൂടി ചേർക്കാൻ പ്രത്യേകം കാരണം ഉണ്ടായിരുന്നു. പഴയ നിയമകാലത്തു്, പുരോഹിതന്മാരും പ്രവാചകന്മാരും രാജാക്കന്മാരും അഭിഷേകം ചെയ്യപ്പെടുക പതിവായിരുന്നു. ഇക്കാരണത്താൽ പുരോഹിതനും പ്രവാചകനും രാജാവിനും "അഭിഷിക്തൻ" എന്ന സ്ഥാനപ്പേരു് അല്ലെങ്കിൽ ഔദ്യോഗികനാമം നൽകപ്പെട്ടിരുന്നു. തന്നിമിത്തം "ക്രിസ്തു" എന്നതു് ഇന്നത്തെപ്പോലെ ഒരു സംജ്ഞാനാമം ആയിരുന്നില്ല. "Non proprium nomen est, sed nuncupatio potestatis et regni" ഒരാളിന്റെ പേരായിരുന്നില്ല, പ്രത്യുത, അധികാരത്തെയും ഭരണത്തെയും സൂചിപ്പിക്കുന്ന ഒരു വാക്കായിരുന്നുവെന്നു് 4-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന "ക്രിസ്ത്യൻ സിസറോ" എന്ന അഭിധാനത്തിനു് അർഹനായിത്തീർന്ന ലക്‌ററാൻഷ്യസ് (Lactantius) പ്രസ്താവിക്കുന്നു. എന്നാൽ ലോകരക്ഷയ്ക്കായി വരുമെന്നു്, പ്രവാചകന്മാർ വഴി അറിയിക്കപ്പെട്ട "അഭിഷിക്തൻ" ഈശോ തന്നെയാണെന്നു് ഈശോയുടെ ശിഷ്യന്മാരും ആദിമക്രിസ്ത്യാനികളും പരിപൂർണ്ണമായി ഗ്രഹിച്ചതോടുകൂടി "ഈശോമ്ശിഹാ" എന്ന പേരിൽ ലോകരക്ഷകൻ അറിയപ്പെട്ടുതുടങ്ങി. രാജത്വവും പൗരോഹിത്യവും പ്രവാചകത്വവും അവയു


(ശേഷം 5-ാംപേജിൽ)




ദിവ്യഉണ്ണിയെ നോക്കി ധ്യാനിക്കുന്ന മരിയാംബിക

## മഹദ്ദിനം

(എബ്രാഹം മൂഴൂർ)

(ഓമനക്കുട്ടൻ)

സ്നേഹസുന്ദരസൗരഭത്തിനാൽ
മോഹനമാണല്ലിദ്ദിനം!
സ്നേഹത്തിൻ രത്നരാശിയാൽ സ്വർഗ്ഗ-
ഗേഹം തീർത്തതാണിദ്ദിനം!
ഇദ്ദിനമാണു സ്വർഗ്ഗജാതനി-
ങ്ങുത്ഭവിച്ച മഹദ്ദിനം.
ഇദ്ദിനമാണു ദൈവമാംക്രിസ്തു
മർത്ത്യനായ മഹദ്ദിനം.
വാനിൽനിന്നതാ വാനവർ പാടു-
ന്നാനന്ദാഹ്ലാദഗീതകം:
"ഉന്നതങ്ങളിൽദൈവസ്തുതിയും
മന്നിൽ മർത്ത്യർക്കു ശാന്തിയും"
"ശാന്തിമർത്ത്യ" നീ സ്വർഗ്ഗ സന്ദേശ-
മേന്തിടും ദിവ്യഗീതകം,
ഋക്ഷരാശിയും പുഷ്പജാലവും
കേട്ടുനിന്നു സവിസ്മയം!
കാററിലാടുന്ന പൂമരങ്ങള-
തേറ്റുപാടി തൻ വീണയാൽ!
മന്നിലും വിയദ്മണ്ഡലത്തിലും
മാറെറാലിക്കൊണ്ടാ വീചികൾ!
പാടുക തോഴാ പാടുക നാമും
പാവനശാന്തി ഗീതകം....
പാടുക സ്നേഹദിവ്യഗാനങ്ങൾ
പാരിനു ശാന്തിദായകം.
നീറിടും ജനഹൃത്തിനുവേണ്ട
നീരുറവയീസ്നേഹമാം.
മാനവമനതാരിനുവേണ്ട
മാധുരിരാഗപൂജയാം.
മുററിവിസ്മയം തിങ്ങുമത്ഭുത-
മുത്ഭവിച്ച സ്നേഹത്തിനാൽ!
വിസ്തൃതമിപ്രപഞ്ചമൊക്കെയും
സൃഷ്ടിചെയ്തതാമീശ്വരൻ,
സ്വർഗ്ഗലോകത്തിൽ രത്നവേദിയി-
ലുദ്ദിതനായ ദിവ്യജൻ,
കേവലമീപുൽത്തൊട്ടിലിൽ മർത്ത്യ-
ജീവിതമാർന്നതെന്തിനാൽ?
ഇപ്രപഞ്ചങ്ങളൊക്കെയെക്കാളു
മത്ഭുതമാം സ്നേഹത്തിനാൽ!
സ്നേഹസുന്ദരസൗരഭത്തിനാൽ
സ്വർഗ്ഗീയമീമഹദ്ദിനം!
മഞ്ജുളാനന്ദമഞ്ജരിപാടി
മംഗളമാക്കുകിദ്ദിനം.

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 21 (തുടർച്ച)

# റോമായിൽനിന്നൊരു കത്തും അതിനു മറുപടിയും

(വി. സി. ജോർജ്ജ് ബി എ. എൽ. റ്റി.)

കണ്ണിലെണ്ണയൊഴിച്ച് ശ്രദ്ധാലുവായിരുന്നുകൊള്ളുക, അല്ലെങ്കിൽ അവർ ആഗസ്റ്റസിൻെറ സമക്ഷം പരാതിപ്പെടുകയും, തന്മൂലം തൻെറ ഉദ്യോഗം നഷ്ടമാകുകയും ചെയ്യും എന്നല്ലയോ സ്നേഹിതൻ എഴുതിയിരിക്കുന്നതു്! ഇതുവരെ യൂദിയായിലെ സർവ്വാധിപത്യം സ്വന്തമെന്നു് കരുതിയിരുന്ന പീലാത്തോസിനിപ്പോൾ തൻെറ അധികാരത്തിനു് പരിധിയുണ്ടെന്നു് തോന്നിത്തുടങ്ങി. താൻ എത്രകാലം ഭരിക്കണമെന്നു് ഉന്നതാചാര്യൻ അന്നാസ് തീരുമാനിക്കുന്നുവോ അത്രകാലമെ തൻെറ അധികാരം നിലനില്ക്കുകയുള്ളുയെന്നും പീലാത്തോസിനു ബോധോദയം വന്നു. പുരോഹിതവൃന്ദമാകട്ടെ മൊത്തത്തിൽ പരിഭ്രമത്തിൽ കഴിയുകയായിരുന്നു. ബറാബാസിൻെറ കാര്യം സാമാന്യം ഔദ്ധത്യത്തോടുകൂടിയാണു് ഹന്നാസ് ഉന്നയിച്ചതെങ്കിലും ആ പെരുങ്കള്ളനോടും മക്കാബ്യൻെറ പൗത്രനോടും തങ്ങൾക്കുണ്ടായ സമ്പർക്കം സംബന്ധിച്ച് പുരോഹിതന്മാർ ധാരാളം അസ്വാസ്ഥ്യം അനുഭവിച്ചതായി പ്രൊക്കുറയിറ്റർ ധരിച്ചിരുന്നു. പ്രൊക്കുറയിറ്ററുടെ ധാരണയിൽ കയറിയ വേറൊരു കാര്യം കുറെക്കാലമായി അന്നാസ് റോമായിലേക്കു കത്തുകൾ അയയ്ക്കുന്നുണ്ടായിരുന്നുയെന്നതത്രെ. പീലാത്തോസ് നടത്തം നിറുത്തിയിട്ട്, സിക്രട്ടറി എഴുതിക്കൊണ്ടിരുന്ന മേശയ്ക്കു സമീപം ചെന്നു. "എനിക്കു് തന്നോടതൃപ്തിയാണു്", മാർക്കസ്" പ്രൊക്കുറയിറ്റർ പ്രസ്താവിച്ചു.

സിക്രട്ടറി തലപൊക്കി പീലാത്തോസിനെ നോക്കി. "കാരണമെ.. ായിരിക്കുമൊ?" എന്നിങ്ങനെ വിനയപൂർവ്വം അന്വേഷിച്ചു.

"എനിക്കിഷ്ടമില്ലാത്തവിധം അത്രയധികം കത്തുകൾ ഇവിടെനിന്നു് റോമിലേയ്ക്കു പോകുന്നുണ്ടു്. ഹീബ്രുവിലും അറാമായിക്കിലുമായി ഒട്ടുവളരെ കത്തുകൾ! മനസ്സിലായോ? എല്ലാ കത്തുകളും പരിശോധിക്കണമെന്നുള്ള എൻെറ ആജ്ഞ നിലവിലിരിക്കുന്നുവെന്നറിയാമല്ലോ. ആ ആജ്ഞയനുസരിച്ച് വല്ലതും നടക്കുന്നുണ്ടോ? ഉത്തരണസ്ഥാനങ്ങളെല്ലാം നമ്മുടെ അധീനതയിലാണല്ലോ. സംശയവിഷയമാകുന്ന ഏതൊരു സന്ദേശവാഹിയെയൊ സഞ്ചാരിയെയൊ പരിശോധിക്കുവാനാവശ്യമായ ഭടന്മാരും നമ്മൾക്കുണ്ടു്. കൃത്യവിലോപം ഇവിടെ നടമാടുന്നതായി എനിക്കു തോന്നുന്നു. അതിനെ ശിക്ഷിക്കാതിരിക്കുവാൻ ഞാൻ കരുതുന്നുമില്ല."

"ഉന്നതാചാര്യൻ ഹന്നാസ് റോമിലേക്കയക്കാറുള്ള കത്തുകളുടെ കാര്യമായിരിക്കാം അങ്ങു് സൂചിപ്പിക്കുന്നതു്. എൻെറ ഊഹം ശരിയായിരിക്കുമോ?" മാർക്കസ് ചോദിച്ചു.

"അവയും വേറെ പലതും. തൻെറ ഊഹം ശരിയാണു്. പ്രധാനമായി അന്നാസിൻെറ കത്തുകളുടെ കാര്യംതന്നെ."

"റോമൻ ഉദ്യോഗസ്ഥന്മാർവഴി അന്നാസിനു് ധാരാളം കത്തുകൾ റോമിൽനിന്നു കിട്ടാറുണ്ടെന്നും ആ വഴിക്കുതന്നെ അദ്ദേഹം മറുപടി അയക്കാറുണ്ടെന്നും ഞാൻ ധരിച്ചിട്ടുണ്ടു്. ഇങ്ങോട്ടുവരികയും ഇവിടെനിന്നു മടങ്ങുകയും ചെയ്യുന്ന സമ്പ്രദായം നാം സ്വീകരിച്ചിട്ടില്ലല്ലോ."

"മേലാൽ ആ കൃത്യവും നിർവ്വഹിക്കത്തക്കവണ്ണം ശട്ടംകെട്ടുക. മാത്രമല്ല, ഉന്നതാചാര്യൻെറ കത്തുകൾ മേൽവിലാസക്കാർക്കു കിട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്നും മനസ്സിലാക്കുക."

"പ്രൊക്കുറയിറ്റർ, അങ്ങു് ഈ ആഗ്രഹം അറിയിക്കുന്നതിന്നാദ്യമായിട്ടാണല്ലോ."

"അങ്ങനെ പ്രത്യേകം പറയേണ്ട ആവശ്യമുണ്ടെന്നെനിക്കു തോന്നിയില്ലാ", വൈരസ്യപൂർവ്വം പീലാത്തോസ് പറഞ്ഞു.

"അവിടത്തെ ആഗ്രഹംപോലെ ചെയ്തുകൊള്ളാം. എന്നാൽ ഒരു കാര്യം എനിക്കഭ്യർത്ഥിക്കുവാനുണ്ടു്. സന്ദേശവാഹികൾക്കെതിരായി കർശനനടപടികൾ—അവരുടെ സ്ഥാനവലിപ്പവും മററും ഗൗനിക്കാതെ—നടത്തുവാൻ എനിക്കു അസാധാരണാധികാരങ്ങൾ നൽകുവാറാകണം."

"അതു് പ്രത്യേകം പറയേണ്ടതില്ല. വിശ്വസ്തരും സ്വാമിഭക്തരുമായ സേവകർ എനിക്കുണ്ടായിരുന്നുവെങ്കിൽ ഇതൊന്നും ഞാൻ പറയേണ്ടതായി വരികയില്ലായിരുന്നു." മാർക്കസ് ഒന്നും പറയാതെ ജോലി തുടന്നു. പീലാത്തോസ് ലാത്തുകയുമായി.

"ശാപയോഗ്യമായ നാടു്! എന്തെല്ലാമായാലും റോമയുടെ അപ്രീതി സമ്പാദിക്കാതിരിക്കുന്നതിലേക്കു ഞാൻ എല്ലാം ഭംഗിയാണെന്നു് ഭാവിക്കുകതന്നെ വേണം." ഇപ്രകാരമായിരുന്നു പ്രൊക്കുറയിറ്ററുടെ അന്തർഗ്ഗതം. പെട്ടെന്നു് അദ്ദേഹം ബറാബാസിൻെറ കാര്യം ഓർമ്മിച്ചു. താൻ നിർവ്വഹിക്കേണ്ടതായ ഒരു പ്രധാന സംഗതി ആ വിദ്വാനെ സംബന്ധിച്ചാണല്ലോയെന്നു ചിന്തിച്ചു. അയാളുടെ കാര്യത്തിൽ വിധിപറയുവാൻ പ്രതിബന്ധം ഒന്നും കണ്ടില്ല. അന്നാസിൻെറ അഭിപ്രായത്തിൽനിന്നു് ഗ്രഹിച്ചിടത്തോളം തങ്ങൾക്കെതിരായി തലപൊക്കാവുന്ന ഒരു സംഭവനീയസാക്ഷി തീരോധാനം ചെയ്യുന്നതിൽ പുരോഹിതന്മാർക്ക് വൈമനസ്യം ഉണ്ടാകുകയില്ലെന്നു മാത്രമല്ലാ അവർ സന്തോഷഭരിതരാകാനാണു് സാദ്ധ്യതയെന്നും തോന്നി. നസ്രായനൊ? പുരോഹിതന്മാരുടെ ദൃഷ്ടിയിൽ നസ്രായൻ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതായി കാണപ്പെടുന്നു. ആ കാര്യവും ഗൗനിക്കേണ്ടതാണു്. ഏതായാലും കാര്യങ്ങൾ കൂട്ടിക്കുഴയ്ക്കാതെ ഓരോന്നായി നടക്കട്ടെ.

"ബറാബാസ് ഇവിടെ ഹാജരാകട്ടെ. ആ സംഗതിക്കു് പൂർണ്ണവിരാമമിടുവാനാണെൻെറ തീരുമാനം."

അഴുകിയ വൈക്കോലിന്മേൽ കിടക്കുകയായിരുന്നല്ലോ ബറാബാസ്. എണീററുനില്ക്കത്തക്കവണ്ണം ചങ്ങലയ്ക്കു നീളമില്ലാതിരുന്നതിനാൽ ഇങ്ങനെയുള്ള കിടപ്പു മാത്രമായിരുന്നു വിനോദരംഗത്തിലെ സമരത്തിനുശേഷം അയാൾക്കു ശരണം. അയാളുടെ അവസ്ഥ തുലോം ശോച്യമായിരുന്നു. വിനോദരംഗത്തുവച്ചു അയാളുടെ ദേഹത്തേക്കെറിഞ്ഞുകൊടുത്ത അധോവസനം അഴുക്കുനിറഞ്ഞു ദുർഗ്ഗന്ധം വമിച്ചിരുന്നു. ഈ പൊത്തിൽ അകപ്പെട്ടശേഷം ഒന്നിടവിട്ട ദിവസങ്ങളിൽ വളിച്ച കുറെയപ്പവും അല്പം വെള്ളവും മാത്രമേ അയാൾക്കാഹാരമായി ലഭിച്ചിരുന്നുള്ളു. രണ്ടു ദിവസമായി അയാൾ ജ്വരബാധിതനായിട്ടു്! മയങ്ങിയും പേയ്പറഞ്ഞും മതിവിഭ്രമത്തിന്നധീനനായി കണ്ണുതുറന്നും, അയാൾ കഴിഞ്ഞു. റോമന്മാർക്കെതിരായി സമരം ചെയ്യുന്ന ഒരു മഹാസൈന്യത്തിൻെറ അധിനായകത്വം വഹിക്കുന്നു താൻ എന്നു് ഒരിക്കൽ അയാൾക്കു തോന്നി. ഈ മായാസ്വപ്നത്തിനിടയിൽ റോമൻ രുധിരം ധാരധാരയായി ഒഴുകുന്നതു് അയാൾ കണ്ടു. ജറുസലേമിൽനിന്നു് ഒററ റോമനെങ്കിലും ജീവനോടുകൂടി പിന്മാറുവാൻ അനുവദിക്കരുതെന്നു് താൻ ആജ്ഞനൽകുന്നതായും സ്വന്തം കിങ്കരന്മാർ അക്ഷരശ്ശ: ആജ്ഞ അനുസരിക്കുന്നതായും അയാൾക്കനുഭവപ്പെട്ടു.

ആ അവസ്ഥയിൽ കാവൽക്കാരിൽ രണ്ടുപേർ ബറാബാസിൻെറ പൊത്തിൽ പ്രവേശിച്ച് അയാളുടെ ചങ്ങല ഭിത്തിയിൽനിന്നു വേർപെടുത്തി. അനന്തരം ഇടിയും തൊഴിയുംകൊടുത്തു് അവർ അയാളെ വലിച്ചെഴുന്നേല്പിക്കുകയും കോലായിലേക്കു് കാലിൽ നില്ക്കുവാൻ കഴിയാതിരുന്ന അയാളെ വലിച്ചിഴച്ചുകൊണ്ടുപോകുകയുംചെയ്തു. അവിടെ വച്ച് അവർ അയാളുടെ അധോവസനം മാററി അയാളുടെ ദേഹത്തു കുറെ പച്ചവെള്ളംവീഴ്ത്തി. അതു് അഴുക്കുകളയുവാൻ മതിയായില്ലെങ്കിലും അയാൾക്കു തെല്ലൊരാശ്വാസം നൽകി. അനന്തരം അയാൾക്കു ഒരു മുഷിഞ്ഞവസ്ത്രം അവർ കൊടുക്കുകയും വിലങ്ങിട്ട് അയാളെ കൊട്ടാരത്തിലെ ഉള്ളറകളിലേക്കു് നയിക്കുകയുംചെയ്തു. അവിടെ രണ്ടു ഭടന്മാരുടെ മേൽനോട്ടത്തിനു് ബറാബാസ് ഏല്പിക്കപ്പെട്ടു. അവർ മൂക്കുപൊത്തി, ആക്ഷേപസൂചകമായി ചിരിച്ചുകൊണ്ടാണു് തടവുകാരനെ സ്വീകരിച്ചതു്.

ഭടന്മാരിൽ ഒരുവൻ കാവൽക്കാരോടു ചോദിക്കുകയാണു്: "എടാ, പന്നികളെ, ഈ വേഷത്തിൽ ഞങ്ങൾ ഇയാളെ പ്രൊക്കുറയിറ്ററുടെ മുമ്പിൽ ഹാജരാക്കണമെന്നാണൊ നിങ്ങൾ കരുതുന്നതു്?"

ഈ ചോദ്യം കാവൽക്കാർക്കു് രസിച്ചില്ല. ഇരുകൂട്ടരും തമ്മിൽ നടന്ന ഒരു വാഗ്വാദമായിരുന്നു അനന്തരഫലം. ഭടന്മാർ ഒരു പ്രാവശ്യംകൂടെ ബറാബാസിനെ നനച്ചു. പിന്നീടു് അയാൾക്കു ഭേദപ്പെട്ട ഒരു വസ്ത്രം അവർ നൽകി. ഈ രണ്ടാമത്തെ കുളിക്കുശേഷം തടവുകാരൻ പ്രൊക്കുറയിറ്ററുടെ കച്ചേരിയിലേക്കു നീതനായി. ബറാബാസിനെ ഭടന്മാർ മുറിയിലേക്കു തള്ളിക്കയററിയപ്പോൾ പീലാത്തോസ് അതിൻെറ മദ്ധ്യഭാഗത്തു നില്ക്കുകയായിരുന്നു. ബറാബാസിൻെറ ദയനീയസ്ഥിതി,

(ശേഷം 11-ാംപേജിൽ)


# അന്നു് സന്തോഷപൂർവ്വം ഇന്നു് ഖേദസമേതം

മാന്യസുഹൃത്തുക്കളെ,

"ഔഷധങ്ങളുണ്ടാക്കുന്നതിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾക്കു വന്നിട്ടുള്ള വിലക്കുറവിനേ"യും, "മനുഷ്യസമുദായത്തിനു് ആരോഗ്യപരമായി നേരിട്ടിരിക്കുന്ന മഹാവിപത്തിനെ യഥാശക്തി പരിഹരിക്കുന്നതിനു് കാളൻ'സ് ഔഷധങ്ങളുടെ വില സാധിക്കുന്നേടത്തോളം ചുരുക്കേണ്ടതു് വളരെ അത്യാവശ്യമായ ഒരു കാര്യമാണെന്നു് ഞങ്ങൾക്കു് ബോദ്ധ്യപ്പെട്ട"തിനേയും മററും ആസ്പദമാക്കി 1955 ഫെബ്രുവരി 15-ാംനു മുതൽ കാളൻ'സ് ഔഷധങ്ങളുടെ വിലയിൽ വീണ്ടും കുറവുവരുത്തിയിട്ടുണ്ടെന്നുള്ള വിവരം "അനല്പമായ സന്തോഷ"ത്തോടുകൂടി 1955 ഫെബ്രുവരി 13-ാംനു-യിലെ പത്രങ്ങൾവഴി ഞങ്ങൾ അറിയിച്ചിരുന്നതു് ഓർക്കുന്നുണ്ടായിരിക്കുമല്ലോ.

ഇങ്ങനെ വില കുറച്ചതിൻെറശേഷം 1956 മദ്ധ്യത്തോടുകൂടി ഔഷധങ്ങളുടെ നിർമ്മാണത്തിനും, പാക്കിങ്ങിനും ആവശ്യമുള്ള പദാർത്ഥങ്ങളുടെ വില കൂടിത്തുടങ്ങി. ഈ വിലക്കൂടുതൽ ദീർഘകാലം നിലനില്ക്കുകയില്ലെന്നും, പിന്നേയും പിന്നേയും കൂടുകയില്ലെന്നുമുള്ള പ്രതീക്ഷയോടുകൂടി ഞങ്ങൾ പല ക്ലേശങ്ങളും സഹിച്ചു വില കൂട്ടാതെതന്നെ ഔഷധങ്ങളുടെ വിതരണം ഇന്നേവരെ തുടന്നുപോന്നു. എന്നാൽ, ഇപ്പോൾ കാളൻ'സ് ഔഷധങ്ങൾ സംസ്കരിക്കുന്നതിനും, പാക്കുചെയ്യുന്നതിനും ആവശ്യമുള്ള പദാർത്ഥങ്ങളുടെ വില ഗണ്യമായി കൂടിയിട്ടുള്ളതുകൊണ്ടു് 1956 ഡിസംബർ 17-ാംനു തിങ്കളാഴ്ച മുതൽ താഴെകാണുംപ്രകാരം കാളൻ'സ് ഔഷധങ്ങളുടെ വിലയിൽ മാററം വരുത്തുവാൻ ഞങ്ങൾ നിർബന്ധിതരായിത്തീർന്നിരിക്കുന്നുവെന്നുള്ള വസ്തുത ഏററവും ഖേദസമേതം അറിയിച്ചുകൊള്ളുന്നു.

## 1956 ഡിസമ്പർ 17-ാംതീയതി മുതല്ക്കുള്ള പുതിയ വില

നിംബാസവം 20 ഔൺസ് കുപ്പി 1ക്കു് 2— 8—0

ദ്രാക്ഷാരിഷ്ടം 5/8 റാത്തൽ കുപ്പി 1ക്കു് 4—12—0

ശാരിബാതൈലം 19 ഔൺസ് കുപ്പി 1ക്കു് 3—12—0

| 1949 ഡിസമ്പർ അവസാനംവരെയുണ്ടായിരുന്ന വില | | | | 1955 ഫെബ്രു. 15-ാംതിയതിവരെയുണ്ടായിരുന്ന വില | | | | 1956 ഡിസ. 16-ാംനു-വരെയുണ്ടായിരുന്ന വില | | | |
|---|---|---|---|---|---|---|---|---|---|---|---|
| നിംബാസവം 18 ഔൺസ് കുപ്പി 1ക്കു് | 2 | 0 | 0 | നിംബാസവം 18 ഔൺസ് കുപ്പി 1ക്കു് | 2 | 0 | 0 | നിംബാസവം 20 ഔൺസ് കുപ്പി 1ക്കു് | 2 | 0 | 0 |
| ദ്രാക്ഷാരിഷ്ടം 5/8 (അരേ അരക്കാൽ റാത്തൽ) കുപ്പി 1ക്കു് | 4 | 12 | 0 | ദ്രാക്ഷാരിഷ്ടം 5/8 (അരേ അരക്കാൽ റാത്തൽ) കുപ്പി 1ക്കു് | 4 | 8 | 0 | ദ്രാക്ഷാരിഷ്ടം 5/8 (അരേ അരക്കാൽ റാത്തൽ) കുപ്പി 1ക്കു് | 4 | 0 | 0 |
| ശാരിബാതൈലം 18 ഔൺസ് കുപ്പി 1ക്കു് | 3 | 12 | 0 | ശാരിബാതൈലം 18 ഔൺസ് കുപ്പി 1ക്കു് | 3 | 8 | 0 | ശാരിബാതൈലം 19 ഔൺസ് കുപ്പി 1ക്കു് | 3 | 0 | 0 |

*N. B.* അവസരം കിട്ടുന്നതനുസരിച്ച് കാളൻ'സ് ഔഷധങ്ങളുടെ വില കുറയ്ക്കുന്ന കാര്യത്തിൽ ഞങ്ങൾ ഏററവും ജാഗരൂകരാണെന്നുള്ള വിവരവുംകൂടി ഇതോടൊപ്പം രേഖപ്പെടുത്തികൊള്ളുന്നു.

ഫോൺ: അളഗപ്പനഗർ 542.
ടെലിഗ്രാം: കാളൻ, അളഗപ്പനഗർ **കാളൻ, നെല്ലായി (S. India)**

## കർമ്മലീത്തരുടെ കേരളപ്രവേശനത്തിന്റെ

# മൂന്നാം ശതാബ്ദം

(ഫാ. എലിസേവൂസ് ഒ. സി. ഡി.)

വിദേശീയകർമ്മലീത്താ മിഷ്യനറിമാർ കേരളക്കരയിൽ മിഷ്യൻവേലയ്ക്കു വന്നിട്ട് മൂന്നു ശതാബ്ദങ്ങൾപൂർത്തിയാവുകയാണ് ഇക്കൊല്ലം. 1657 ഫെബ്രുവരി 22-ാംനു കൊച്ചിയിൽ വന്നിറങ്ങിയ അഞ്ചു കർമ്മലീത്തരെ അനുഗമിച്ച് നാളിതുവരെ 24 മെത്രാന്മാരുൾപ്പെടെ 530 കർമ്മലീത്താ മിഷ്യനറിമാർ വിവിധരാജ്യങ്ങളിൽനിന്നു ഇവിടെവന്നു ജോലിചെയ്തിട്ടുണ്ടെന്നു കാണുന്നു. അവരിൽ 195 പേർ മരിച്ചടക്കപ്പെട്ടിരിക്കുന്നതും ഈ രാജ്യത്താണ്. ഓരോ കാരണങ്ങളാൽ മററു സഭക്കാർ ഒരുകാലത്ത് ഇവിടെനിന്നു പിൻവാങ്ങിയപ്പോൾ, ബോംബെ മുതൽകന്യാകുമാരിവരെയുള്ള സ്ഥലങ്ങൾ കർമ്മലീത്താക്കാരുടെ മിഷ്യൻരംഗമായിരുന്നു.

അവർ എന്തിനു വന്നു, എന്തു ചെയ്തു എന്നെല്ലാം കേരളസഭാചരിത്രം കുറെയെങ്കിലും പഠിച്ചിട്ടുള്ളവർക്കു അറിയാവുന്നതാണ്.

### മോൺ. സെബസ്ത്യാനി

1653 ജനുവരി 3-ാംനു മട്ടാഞ്ചേരിയിൽവച്ചു നടന്ന കൂനൻകുരിശുസത്യത്തിന്റെ അനന്തരഫലമായി കേരളകത്തോലിക്കാസഭയിലുണ്ടായ പിളപ്പിനെ നികത്താൻ അലക്സാണ്ടർ സപ്തമൻ മാർപ്പാപ്പാ ഔദ്യോഗികമായി നിയമിച്ചതായിരുന്നു ആദ്യത്തെ കർമ്മലീത്താ ധൈഹികസംഘം. കേരളത്തിലെ സഭാകുഴപ്പങ്ങൾ ഒരു യഥാർത്ഥ ശരിദ്മത്തിൽ ചെന്നവസാനിക്കാൻ ഇടവരരുത് എന്നു കരുതി മുൻകൈയെടുത്തു പ്രവർത്തിച്ച ചില പ്രമുഖ വൈദികരും അത്മേനികളും ഇവിടത്തെ സ്ഥിതിഗതികൾ ഗോവായിൽ താമസിച്ചിരുന്ന ഫാദർ ജോസഫ് അലെക്സിസ് എന്ന കർമ്മലീത്താ സന്യാസിവഴി യഥാവസരം റോമയിൽ അറിയിച്ചതിന്റെ ഫലമായിരുന്നു മാർപ്പാപ്പായുടെ മേൽപ്രസ്താവിച്ച നിയമനം. ഏഴാമത്തെ അലക്സാണ്ടർ മാർപ്പാപ്പാ കർമ്മലീത്തരുടെ ഈ ദൗത്യസംഘത്തിനു് എത്രമാത്രം പ്രാധാന്യംകൊടുത്തിരുന്നു എന്നു്, വിപുലമായ അധികാരങ്ങൾ നൽകിക്കൊണ്ടു് അവരെ ഏല്പിച്ച പതിനഞ്ചോളം പ്രമാണരേഖകളിൽനിന്നു കാണാവുന്നതാണ്.(1)

പേർസ്യാ, അറേബ്യാ മുതലായ രാജ്യങ്ങളിൽക്കൂടി വളരെ കഷ്ടപ്പാടുകൾ സഹിച്ചു യാത്രചെയ്തു ആദ്യം മലങ്കരയിലെത്തിയ കർമ്മലീത്താ മിഷ്യനറിസംഘത്തിന്റെ നേതാവു് ഫാദർ ജോസഫ് (പിന്നീട് മോൺ. സെബസ്ത്യാനി) ആയിരുന്നു. അനധികൃതമായി മെത്രാൻസ്ഥാനമേററ അർക്കദിയാക്കോൻ തോമ്മായെ നേർവഴിയിലേക്കു പിന്തിരിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശ്രമം നിഷ്ഫലമായെങ്കിലും, അജ്ഞതകൊണ്ടു വഴിതെററിപ്പോയ ക്രിസ്ത്യാനികളുടെ ഇടയിൽ അദ്ദേഹത്തിന്റേയും അനുയായികളുടേയും പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ചു. താമസംവിനാ 116-ൽ 84 ഇടവകക്കാരെ തിരുസഭാഐക്യത്തിലേക്കു തിരിച്ചുകൊണ്ടുവരുവാൻ അവർക്കു സാധിച്ചു. ഇതിനുവേണ്ടി അവർ ചെയ്തിട്ടുള്ള ത്യാഗങ്ങളും, സഹിച്ചിട്ടുള്ള ക്ലേശങ്ങളും അവർണ്ണനീയങ്ങളാണ്. ജീവാപായം സംഭവിക്കത്തക്ക സന്ദർഭങ്ങൾപോലും പലപ്പോഴും അവർക്കു നേരിടേണ്ടിവന്നിട്ടുണ്ടു്. ഫാ. ജോസഫ് സെബസ്ത്യാനിയുടെ ഭക്തിപ്രചുരിമയും ധൈഹികതീക്ഷ്ണതയും, നിസ്വാർത്ഥസ്നേഹവും, അചഞ്ചലമായ ക്ഷമയും, സർവ്വോപരി അനിതരസാധാരണമായ വിവേകവും ജനങ്ങളെ അദ്ദേഹത്തിലേക്കു അനായാസേന ആകർഷിച്ചു.

റിപ്പോർട്ടു സമർപ്പിക്കാൻ 1658-ൽ റോമയിലേക്കു തിരിച്ചുപോയ ഫാദർ ജോസഫ് സെബസ്ത്യാനിയെ അലക്സാണ്ടർ സപ്തമൻ ഹിയെറാപ്പൊളിയുടെ മെത്രാനും മലബാറിലെ പ്രീഫെക്ട് അപ്പസ്തോലിക്കയും ആയി നിയമിച്ചു തിരിച്ചയക്കുകയാണുണ്ടായതു്. 1663-ൽ ഡച്ചുകാരാൽ നാടുകടത്തപ്പെട്ടതുവരെ അദ്ദേഹം മാർത്തോമ്മാ ക്രിസ്ത്യാനികളെ വിജയകരമായി ഭരിച്ചിരുന്നു. 1671-ൽ അദ്ദേഹത്തെക്കുറിച്ചു പ്രൊപ്പഗാന്താതിരുസംഘത്തിനയച്ച ഒരെഴുത്തിൽ ഇപ്രകാരം കാണുന്നു: "ഫാദർ ജോസഫ് ആ സാന്താമരിയാ മൂന്നാം പ്രാവശ്യം മലങ്കരക്കയക്കപ്പെട്ടിരുന്നെങ്കിൽ, ക്രിസ്ത്യാനികൾ ആസകലം വിളംബംവിനാ കത്തോലിക്കാസഭയ്ക്കു വിധേയരാകും എന്നതു തീർച്ചയാണ്."(2)


കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.

**ബാങ്ക് ഓഫ് കൊച്ചിൻ**

ലിമിറ്റഡ്

എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്


റോമൻ പ്രോവിൻസിൽ കപ്രറോല എന്ന ഗ്രാമത്തിൽ 1623-ലാണ് ഇദ്ദേഹം ജനിച്ചതു്. അദ്ദേഹം 1689-ലാണ് കർത്താവിൽ നിദ്രപ്രാപിച്ചതു്. അദ്ദേഹത്തിന്റെ ശവകുടീരത്തിന്റെ മുകളിൽ എഴുതുവാൻ അദ്ദേഹംതന്നെ നിർദ്ദേശിച്ചുകൊടുത്ത വാക്കുകൾ ഇവയായിരുന്നു:- "കർമ്മലവനത്തിൽനിന്നു ഭൂമിയിൽക്കൂടി കാററു പറപ്പിച്ചുകൊണ്ടുപോയ ഒരില." എത്ര വലിയ വിനയം!

### പിൻഗാമികൾ

അദ്ദേഹത്തിനു ചെയ്തുതീർക്കാൻ സാധിക്കാതിരുന്ന ജോലികൾ അദ്ദേഹത്തിന്റെ പിൻഗാമികൾ ധൈര്യപൂർവ്വം തുടർന്നു. തന്മൂലം കേരളകത്തോലിക്കാ സഭയ്ക്കുണ്ടായിരിക്കുന്ന അഭിവൃദ്ധി വളരെയാണ്. അവർ എല്ലാവരും ഒരുപോലെ മഹാമനസ്കരും നിസ്വാർത്ഥരുമായിരുന്നു എന്നു പറയാൻ നിവൃത്തിയില്ല. ഈ മൂന്നു നൂററാണ്ടിനിടയ്ക്കു ചിലരുടെ ഹ്രസ്വവീക്ഷണത്തിന്റെയോ ഭിന്നരുചികളുടേയോ ഫലമായി കർമ്മലീത്തരുടെ നേരെ ചില കേന്ദ്രങ്ങളിൽ അല്പസ്വല്പം അതൃപ്തി ജനിപ്പിക്കുന്നതിനിടയാക്കിയിട്ടുണ്ടെങ്കിലും, അവരുടെ പൊതുവേയുള്ള സേവനങ്ങൾ എന്നും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കപ്പെടേണ്ടവയാണ്.

തെക്കൻ തിരുവിതാംകൂറിൽ കോട്ടാർ, തിരുവനന്തപുരം എന്നീ രൂപതകളിൽ ഇന്നു രണ്ടു ലക്ഷത്തിൽപ്പരം കത്തോലിക്കരുണ്ടു്. അതിനുള്ള കാരണം കർമ്മലീത്തരുടെ പ്രേഷിതപ്രവർത്തനമാണ്. 1855-ൽ 120 പള്ളികൾ മാത്രമുണ്ടായിരുന്ന കൊല്ലംരൂപത വിഭജിക്കപ്പെട്ടപ്പോൾ കോട്ടാറിനു 110-ം, തിരുവനന്തപുരത്തിനു 129-ം ദേവാലയങ്ങൾ ലഭിച്ചു. കർമ്മലീത്താമിഷ്യനറിമാർ എന്തുമാത്രം ധനവും ശ്രമവും ഇക്കാര്യത്തിൽ വിനിയോഗിച്ചിട്ടുണ്ടെന്നു് ഊഹിക്കാമല്ലോ. വിജയപുരം രൂപതയിൽതന്നെ കഴിഞ്ഞ 25 കൊല്ലങ്ങൾക്കുള്ളിൽ കത്തോലിക്കാ ജനസംഖ്യ ഇരട്ടിച്ചിട്ടുണ്ടു്. 1955-ൽ അവിടെ 62 758 വിശ്വാസികളും 68 പള്ളികളും ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

### വിദ്യാഭ്യാസനയം

കർമ്മലീത്താ മിഷ്യനറിമാരുടെ ശ്രദ്ധ ജനങ്ങളെ മാനസാന്തരപ്പെടുത്തുന്നതിലും, അവർക്കു ആരാധനസ്ഥലങ്ങൾ നിർമ്മിക്കുന്നതിലും, പ്രാഥമികവിദ്യാലയങ്ങളും, സൗകര്യമുള്ളിടത്തെല്ലാം മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും സ്ഥാപിക്കുന്നതിലും ആദ്യംമുതൽ പതിഞ്ഞിരുന്നു. ഇവയാണല്ലോ ഒരു മിഷ്യൻപ്രദേശത്തെ പ്രാഥമികാവശ്യങ്ങൾ. മുന്നണി മിഷ്യനറിമാർ അഭിമുഖീകരിക്കേണ്ടതും ഈ പ്രശ്നങ്ങളെയാണ്. ഉന്നതവിദ്യാഭ്യാസകാര്യവും അവർ വിസ്മരിച്ചിരുന്നില്ല എന്നതിനു തെളിവാണ് എറണാകുളത്തെ സെൻറു ആൽബർട്ട്സ് ഹൈസ്കൂൾ ഒരു കോളേജായി ഉയർത്തുന്നതിനു് അവരുടെ കാലത്തുതന്നെ നടത്തിയ ശ്രമങ്ങൾ. പ്രതികൂലസാഹചര്യങ്ങൾകൊണ്ടു് അന്നതു സഫലമായില്ല എന്നുമാത്രം. തിരുവനന്തപുരത്തെ ഹോളി എയിൻജൽസ് ഹൈസ്കൂൾ ഒരു കോളേജാക്കിയ കാര്യം ഇവിടെ പ്രസ്താവ്യമാണ്. കർമ്മലീത്തരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ പ്രശംസിച്ച്, അഭിവന്ദ്യ ദലഗാദപ്പസ്തോലിക്ക സലേസ്കി തിരുമേനി 1903 ഒക്ടോബർ 29-ാംനു കൊല്ലത്തുവച്ചു ചെയ്ത ഒരു പ്രസംഗ(3) ത്തിലെ ചില ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്: തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു: "കൊല്ലം രൂപതയിലും വിഖ്യാതമായ കർമ്മലീത്താസഭയെ ഭരമേല്പിച്ചിട്ടുള്ള എല്ലാ മിഷ്യൻരംഗങ്ങളിലും വിദ്യാഭ്യാസകാര്യത്തിൽ, അതിനെ യുക്തിയുക്തമായ പരിധികൾക്കുള്ളിൽ നിറുത്തിക്കൊണ്ടും, രാജ്യത്തിന്റെ പൊതുആവശ്യങ്ങളോടു് പൊരുത്തപ്പെടുത്തിക്കൊണ്ടും അവർ വളരെയധികം ചെയ്തിട്ടുണ്ടു്."

### വൈദികവിദ്യാഭ്യാസം

കർമ്മലീത്തരുടെ ശ്രദ്ധ ആരംഭം മുതൽ പ്രത്യേകം പതിഞ്ഞതു്, ഒരു രാജ്യത്തു് കത്തോലിക്കാസഭയുടെ നിലനില്പിനു് അനുപേക്ഷണീയമായ ഏതദ്ദേശീയവൈദികരുടെ വിദ്യാഭ്യാസവിഷയത്തിലായിരുന്നു. ഇന്നു കേരളസഭയുടെ തൊടുകുറിയായി ആലുവായിൽ പരിലസിക്കുന്ന വൈദികസെമ്മിനാരി തദർത്ഥം കർമ്മലീത്തർ ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങളുടെ മണിമകുടമാകുന്നു. ഏകദേശം 300 കൊല്ലത്തെ ചരിത്രവും നിരവധി ധീയസ്സുകളുടെ ത്യാഗങ്ങളും അതിന്റെ പിന്നിലുണ്ടു്.

1682-ൽ ഫാദർ ആൻജെലൂസ് ഫ്രാൻസിസ് എട്ടു വിദ്യാർത്ഥികളോടുകൂടി വരാപ്പുഴ ആരംഭിച്ച വൈദികവിദ്യാലയമാണ് ഇന്നു അഞ്ഞൂറിൽപ്പരം വൈദികവിദ്യാർത്ഥികൾക്കു പരിശീലനം നൽകുന്ന സുപ്രസിദ്ധ മംഗലപ്പുഴ സെമ്മിനാരിയായി രൂപംപ്രാപിച്ചിരിക്കുന്നതു്. സുറിയാനിക്കാരെ ഉദ്ദേശിച്ച് ആദ്യം തുടങ്ങിയ ഈ സെമ്മിനാരി പണക്കുറവും റീത്തുവ്യത്യാസത്തിൽനിന്നുണ്ടായ ചില വിഷമങ്ങളുംനിമിത്തം അധികനാൾ നീണ്ടുനിന്നില്ല.(4) 1764-ൽ മോൺ. ഫ്ളോറൻസ് വരാപ്പുഴയിൽ ലത്തീൻകാർക്കും, മററൊരു സ്ഥലത്തു (Mangale) സുറിയാനിക്കാർക്കും സെമ്മിനാരി വീണ്ടും തുറന്നു എന്നും 1773-ൽ ഇരുകൂട്ടരേയും വരാപ്പുഴയിൽത്തന്നെ ആക്കിയെന്നും അന്നു അവരുടെ മൊത്തസംഖ്യ 33 ആയിരുന്നെന്നും കാണുന്നു. ഇക്കാലം മുതൽ 1866-ൽ മോൺ. ബെർണാർദീൻ പുത്തൻപള്ളിയിലേക്കു സെമ്മിനാരി മാററുന്നതുവരെ, അതു് വരാപ്പുഴത്തന്നെ സ്ഥിതിചെയ്തിരുന്നു.

1932-ലാണു അതു ആലുവായിലേക്കു മാററപ്പെട്ടതു്. കൊല്ലത്തെ സെമ്മിനാരി നിറുത്തിയതോടുകൂടി ആലുവാ ഇന്നു കേരളത്തിലെ കേന്ദ്രസെമ്മിനാരിയായിത്തീർന്നിരിക്കുന്നു. ഇന്നും ഈ അപ്പസ്തോലിക്ക് സെമ്മിനാരി നടത്തിക്കൊണ്ടിരിക്കുന്നതു് കർമ്മലീത്തർതന്നെയാണ്.

ഇൻഡ്യയുടെ ദലഗാദപ്പസ്തോലിക്കയായിരുന്ന മോൺ. സലേസ്കി തിരുമനസ്സുകൊണ്ടു് 1903 ഒക്ടോബർ 28-ാംനു തിരുവനന്തപുരത്തുവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ കർമ്മലീത്തരുടെ ഏതദ്ദേശീയവൈദികപരിശീലനത്തെ പ്രശംസിച്ചിരിക്കുന്നതു് ഇപ്രകാരമാണ്: "പോർട്ടുഗീസുകാരുടെ കാലം കഴിഞ്ഞാൽ കർമ്മലീത്താ മിഷ്യനറിമാരെപ്പോലെ ഏതദ്ദേശീയവൈദികർക്കുവേണ്ടി ഇത്രയധികം പ്രവർത്തിച്ചിട്ടുള്ള വേറൊരുത്തരുമില്ല. അവരെ ഭരമേല്പിച്ചിരിക്കുന്ന എല്ലാ മിഷ്യൻരംഗങ്ങളിലേക്കും ദൃഷ്ടിതിരിച്ചുനോക്കുക. കൊല്ലം, വരാപ്പുഴ, കൊച്ചി, മൂന്നു സുറിയാനി വികാരിയാത്തുകൾ, മംഗലാപുരം, ബോംബെ ഈ സ്ഥലങ്ങളിലെല്ലാം അവർക്കു രൂപതാവൈദികരുണ്ടു്; അഥവാ അവരെ ഭരണം ഏല്പിച്ചിട്ടത്രെ കർമ്മലീത്തർ പിൻവാങ്ങിയിരിക്കുന്നതു്.(5)

### മികച്ച നേട്ടം

വിദേശീയകർമ്മലീത്തരുടെ വേദപ്രചാരചൈതന്യത്തിന്റേയും അപ്പസ്തോലിക തീക്ഷ്ണതയുടേയും മകുടംചാർത്തുന്ന ഒരു ശാശ്വതസ്മാരകമാണ് ഇവിടത്തെ ഏതദ്ദേശീയകർമ്മലീത്താ സഭയെന്നു പറയാം. ഒന്നാംസഭയും രണ്ടാംസഭയും ഇവിടെ സ്ഥാപിതമായിരിക്കുന്നു. പുരാതനമായ കർമ്മലീത്താസഭാതരുവിന്റെ ഈ ഇളംകൊമ്പ് കേരളക്കരയിൽ ഒടിച്ചുകുത്തിയിട്ട് 25 കൊല്ലം കഴിഞ്ഞെങ്കിലും, കൊടുങ്കാററുകളോടെതിർക്കുന്നതിനുള്ള തണ്ടും തടിയും പ്രഥമ വസന്തത്തിലെ വളർച്ചകൊണ്ടു് അതിനിനിയും ലഭ്യമായിട്ടില്ല. വിദേശീയകർമ്മലീത്താ മിഷ്യനറിമാരുടെ ആഗമനം മുഴുവൻതന്നെ നിന്നുപോയേക്കാവുന്ന ആസന്നഭാവിയിൽ, അവരുടെ മനോഹരമായ ദൗത്യം തുടരുന്നതിനും, സഭയുടെ ചൈതന്യം ഇന്നാട്ടിൽ നിലനിറുത്തുന്നതിനും ഏതദ്ദേശീയകർമ്മലീത്തരെ പ്രാപ്തരാക്കത്തക്കവണ്ണം ഒരു ദ്വിതീയവസന്തം സമാഗതമാകാൻ കർമ്മലാംബിക കടാക്ഷിക്കട്ടെ.

(1) Bullarium Carmelitanum III, 576–578.
(Cfr. also "കാർമ്മെൽ" ജൂലൈ 1953, p. 17-18)

(2) Acta Ordinis Carm. Discal. 1956 fasci. p. 2-3 57)

(3) A Man of God; by Rev. Fr. philip O.C. D. St. Joseph's Press Trivandrum, P. 212

(4) Acta Ord. Carm. Discal, 1956, fasc. 2-3 P. 57

(5) "കാർമ്മെൽ", ജൂലൈ 1953 പേജ് 58-59)

## സ്വർഗ്ഗത്തിന്റെ ഒരു നിഴൽ

(ഏ. പീലിപ്പോസ് എം. എ. ബി. എൽ., റിട്ടയർഡ് ജഡ്ജി)

മനുഷ്യർ എല്ലാവരും സ്വർഗ്ഗഭാഗ്യം അനുഭവിക്കാനാണ് ദൈവം അവരെ സൃഷ്ടിച്ചിട്ടുള്ളതു്. ആ ഭാഗ്യം അനുഭവിക്കണമെന്നുള്ള ചിന്തയും ആഗ്രഹവും മനുഷ്യരിൽ എപ്പോഴും ഉണ്ടായിരിക്കണം. മരണത്തോടു അടുക്കുന്തോറും, ഈ ചിന്തയും ആഗ്രഹവും അവരിൽ ഉജ്ജ്വലിച്ചുകൊണ്ടിരിക്കണം. അങ്ങനെ മനസ്ഥിതിയുള്ളവർക്കു വളരെ സന്തോഷവും ആനന്ദവും ഉണ്ടാകുന്ന ഒരു സംഭവമാണ് (പ്രകീർത്തിതമായ ഒരു ദർശനം) അടിയിൽ വിവരിക്കാൻ പോകുന്നതു്.

19-ാംശതാബ്ദത്തിന്റെ ഒടുവിൽ മരിച്ച ഒരു വലിയ പുണ്യവാനാണ് ഡോൺബോസ്കോ. അദ്ദേഹത്തിനു പല ദിവ്യദർശനങ്ങളും ജീവിതത്തിൽ ഉണ്ടായിട്ടുണ്ടു്. അവയെല്ലാം വളരെ അർത്ഥവത്തായിട്ടുള്ളവയായിരുന്നു. പല അത്ഭുതങ്ങളും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. അദ്ദേഹം മരിച്ചിട്ടു 68 വർഷമെ ആയുള്ളു. 1888-ൽ ആണു അദ്ദേഹം മരിച്ചതു്. അദ്ദേഹത്തെ പുണ്യവാൻ എന്നു നാമകരണം ചെയ്തു 11-ാംപീയൂസ് മാർപ്പാപ്പാ അദ്ദേഹത്തെ കണ്ടിട്ടുണ്ടു്. ഇപ്പോഴത്തെ മാർപ്പാപ്പായ്ക്കു 12 വയസ്സുള്ളപ്പോഴാണ് അദ്ദേഹം മരിച്ചതു്.

അദ്ദേഹത്തിന്റെ അമ്മ "മമ്മാ മാർഗരററ്" വീരോചിതപുണ്യങ്ങൾ നിറഞ്ഞ ഒരു സ്ത്രീരത്നം ആയിരുന്നു. അദ്ദേഹത്തിന്റെ ബാല്യത്തിൽ അദ്ദേഹത്തെ പുണ്യത്തിൽ വളർത്തുന്നതിൽ ഒരു വലിയ പങ്കു ഈ അമ്മ നിർവ്വഹിച്ചിട്ടുണ്ടു്. 1856-ൽ അമ്മ മരിച്ചു. മരിച്ചു 4 വർഷങ്ങൾ കഴിഞ്ഞപ്പോൾ, 1860 ആഗസ്റ്റ്മാസത്തിൽ ഈ സംഭവം ഉണ്ടായി.

ഒരു ദിവസം പള്ളിക്കു വെളിയിൽവച്ചു അമ്മയെ കണ്ടതായി ഡോൺബോസ്കോയ്ക്കു തോന്നി. അമ്മയുടെ ശോഭ വളരെ വളരെ ആകർഷണീയമായിരുന്നു. ഡോൺബോസ്കോ ചോദിച്ചു:

"അമ്മേ, നീ ഇവിടെ എന്തു ചെയ്യുന്നു. നീ മരിച്ചില്ലയോ?"

"ഞാൻ മരിച്ചു. എങ്കിലും ഞാൻ ജീവിക്കുന്നു."

"നിനക്കു ഭാഗ്യമാണോ?"

"വളരെ"

അപ്പോൾ ഡോൺബോസ്കോ പിന്നെയും ചോദിച്ചു.

"നീ മരിച്ചു ഉടൻ നേരെ സ്വർഗ്ഗത്തിലേക്കു പോയോ?"

"ഇല്ല. ശുദ്ധീകരണസ്ഥലത്തുക്കൂടി കടക്കണമായിരുന്നു. എന്റെ മകന്റെയും അവൻ പരിശീലിപ്പിച്ച കുട്ടികളുടെയും പ്രാർത്ഥനമൂലം എനിക്കു മോചനം ലഭിച്ചു.

ഡോൺബോസ്കോ വീണ്ടും ചോദിക്കുന്നു:- "അമ്മേ സ്വർഗ്ഗം എങ്ങനെ ഇരിക്കുന്നു?"

"വാക്കുകൾകൊണ്ടു വർണ്ണിക്കാൻ പ്രയാസമാണ്"

"എങ്കിലും എനിക്കു ഒരു ഏകദേശജ്ഞാനം കിട്ടണം."

അപ്പോൾ അമ്മയുടെ ഭാവം മുഴുവൻ മാറി. ശോഭ വർദ്ധിച്ചു. വസ്ത്രങ്ങൾ തിളങ്ങി പ്രകാശിച്ചു. അനേകലക്ഷം വിലയേറിയ വജ്റക്കല്ലുകൾ വസ്ത്രങ്ങളിൽ പതി

ജീവചരിത്രപംക്തി

# മാർഗരററ് സിങ്ക്ളയർ

## ഒരു കൂലിവേലക്കാരിയായ യുവതി

(മി. ഇട്ടൂപ്പ് മാമ്പിള്ളി)

### സന്യാസസഭയിലേക്കുള്ള പ്രവേശനം

(തുടർച്ച)

ഈ കാലത്തിനിടയിൽ മാർഗരററ് സിങ്ക്ളയർ അവളുടെ ദൈവവിളി ക്ലാരമഠത്തിൽ ചേരുന്നതിനാണു് എന്നു തീർച്ചപ്പെടുത്തി. ആ ദൈവവിളി ശരിയായിട്ടുള്ളതാണോ എന്നറിവാൻ വീണ്ടും അവൾ അഗിയൂസച്ചനെ ശരണം പ്രാപിച്ചു.

അച്ചൻ ഒരിക്കൽക്കൂടി വിവാഹാന്തസ്സിൻെറ ശ്രേഷ്ഠതയെപ്പററി വിവരിക്കുകയാണു ചെയ്തതു്. "ശരിതന്നെ അച്ചാ, വിവാഹം ഒരു വലിയ കൂദാശതന്നെ. എങ്കിലും നമ്മുടെ കത്താവിനോടുകൂടി ഇരിക്കണമെന്നാണു് എൻെറ ആഗ്രഹം" അവൾ മറുപടി പറഞ്ഞു.

അച്ചൻ ആ വിഷയത്തിലേക്കു കടന്നു. ക്ലാരമഠത്തിലെ ജീവിതക്രമവും അതിൻെറ പ്രയാസവും മററും അവളെ മനസ്സിലാക്കി. "അവിടെ മാംസം ഭക്ഷിക്കയില്ല. അതു തപസ്സിൻെറയും പ്രായശ്ചിത്തത്തിൻെറയും ഒരു ജീവിതമാണു്."

"എനിക്കതറിയാം അച്ചാ, നമ്മുടെ കത്താവിനോടുകൂടി അവയെല്ലാം സഹിപ്പാൻ ഞാനാഗ്രഹിക്കുന്നു. ദൈവസഹായത്താൽ അവ സഹിക്കുന്നതിനുള്ള ശക്തി എനിക്കുണ്ടാകാതിരിക്കയില്ല." അവൾ പറഞ്ഞു.

പിന്നീടു അവളുടെ ആത്മീയവും കുടുംബസംബന്ധവുമായ സാഹചര്യങ്ങളെപ്പററി സംഭാഷണങ്ങൾ നടന്നു. അവളുടെ അമ്മയ്ക്കു തൻെറ മൂന്നു മക്കൾ ഒന്നിച്ചു വീടുവിട്ടു പിരിഞ്ഞുപോകുന്നതിൽ അത്യധികം മനോവ്യാകുലമുണ്ടെന്നും, അതാണു് മാർഗരററിനെ ഏററവുമധികം അലട്ടുന്നതെന്നും അദ്ദേഹം മനസ്സിലാക്കി. ഒന്നാമതായി, അവളുടെ സഹോദരി "ബെല്ല" മുൻനിശ്ചയപ്രകാരം മഠത്തിൽ ചേരുവാൻ പോകുന്നു. സഹോദരൻ "ആൻഡ്റൂ" അന്യരാജ്യത്തു കുടിയേറിപ്പാക്കുവാൻ നിശ്ചയിച്ചിരുന്നു. മററൊന്നു മാർഗരററിൻെറ ഇപ്പോഴത്തെ തീരുമാനം. ഇവയായിരുന്നു അമ്മയെ വേദനിപ്പിച്ച മൂന്നു മക്കളുടെ ഒന്നിച്ചുള്ള വേർപാടു്.

ദൈവികാനുഗ്രഹങ്ങൾ ലഭിക്കുന്നതിനും പ്രതിബന്ധങ്ങൾ മാറുന്നതിനും മാതാവിനും വി. കൊച്ചുത്രേസ്യാ പുണ്യവതിക്കും ഓരോ നൊവേന കഴിക്കണമെന്നു് മാർഗരററിനോടു അച്ചൻ നിർദ്ദേശിച്ചു. കൂടാതെ എഡിൻബറോവിലെ ലിബർട്ടൺ മഠത്തിൽപോയി ശ്രേഷ്ഠത്തിയമ്മയെ കണ്ടു വിവരം പറയണമെന്നും ആവശ്യപ്പെട്ടു. നല്ല ആഹാരം കഴിച്ചു് ദൈവം തരുന്ന ക്ലേശങ്ങളാകുന്ന കുരിശുകളെ വഹിക്കുന്നതിനു വേണ്ട ശരീരശക്തി ഉണ്ടാക്കണമെന്നും അദ്ദേഹം ഉപദേശിച്ചു.

നവനാൾ കഴിച്ചശേഷം മാർഗരററു് "ലിബർട്ടണി"ലെ മദർ ആബസ്സിനെ ചെന്നു കണ്ടു. മാർഗരററിനു ദൈവവിളി ഉണ്ടെങ്കിലും അഗിയൂസച്ചൻ അവളെപ്പററി ശുപാർശചെയ്തിട്ടുണ്ടെങ്കിലും ആ മഠത്തിൽ ഒഴിവില്ലാത്തതുകൊണ്ടു് അവിടെ സ്വീകരിക്കാൻ തൽക്കാലം നിവൃത്തിയില്ല എന്നായിരുന്നു മറുപടി. പക്ഷെ, അഗിയൂസച്ചൻ ഒരെഴുത്തു "നോട്ടിങ്ങ് ഹിൽ" മഠത്തിലേക്കു എഴുതിയാൽ അവിടെ ഒഴിവുണ്ടാകും എന്നു ശ്രേഷ്ഠത്തി പറഞ്ഞു.

അധികം താമസിക്കുന്നതിനുമുമ്പു്, നോട്ടിങ്ങ്ഹിൽ മഠത്തിലെ ശ്രേഷ്ഠത്തിയമ്മയിൽനിന്നു വളരെ ആശാവഹമായ ഒരെഴുത്തു അഗിയൂസച്ചനു കിട്ടി. അതിൽ സഭയിലെ ജീവിതാരിഷ്ടതകളും നിയമകാഠിന്യവും ഒന്നുകൂടി മാർഗരററിനെ മനസ്സിലാക്കണമെന്നും കൂടാതെ അവൾക്കു വേണ്ടത്ര ശരീരശക്തിയുണ്ടോ എന്നറിവാൻ ഒരു മെഡിക്കൽ സർട്ടിഫിക്കററു് വേണമെന്നും കാണിച്ചിരുന്നു.

മാർഗരററിൻെറ അമ്മയെക്കുറിച്ചുള്ള വിചാരമാണു പിന്നീടു ശേഷിച്ചിരുന്നതു്. സംഗതികൾ എല്ലാം അമ്മയോടു പറഞ്ഞു് തീരുമാനം അമ്മയ്ക്കു വിട്ടുകൊടുക്കുകയെന്നും, അമ്മ എന്തെങ്കിലും സമാധാനക്കേടു കാണിക്കുന്നപക്ഷം അദ്ദേഹംതന്നെ വേണ്ടതു ചെയ്തുകൊള്ളാം എന്നും അച്ചൻ പറഞ്ഞു.

മാർഗരററിൻെറ സംസാരങ്ങളിൽനിന്നു അവളുടെ അമ്മയുടെ പോക്കേതുവിധമായിരിക്കുമെന്നു് അഗിയൂസച്ചനു് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. അമ്മ ക്ഷമാപൂർവ്വം ആ ബലി സ്വീകരിച്ചു. മുന്നോട്ടുപോകുവാനുള്ള വഴി തെളിഞ്ഞു മാർഗരററിനു്. അവൾ അവളുടെ മുതലാളിയുടെ ജോലി അവസാനിപ്പിച്ചു നോട്ടീസുകൊടുത്തു. അതിനുശേഷം ലേനാക്കിൽ വിൻസെൻഷ്യൻസഭക്കാരായ നർസിങ്ങ് സഹോദരികളുടെകൂടെ കുറെദിവസങ്ങൾ വിശ്രമിച്ചു.

1923 ജൂലായി 21-ാംനു-യിലെ സായാഹ്നത്തിൽ ആൻഡ്റൂവും ഒരുമിച്ചു മാർഗരററു യാത്ര തിരിച്ചു. എഡിൻബറോ, പ്രിൻസ് തെരുവു്, തോട്ടങ്ങൾ, പൊക്കമുള്ളതായ കാസൻ പാറക്കൂട്ടം, ആർതറിൻെറ ആസ്ഥാനം, പിന്നീടു വയലുകൾ, സ്കോട്ടുലണ്ടിലെ കുന്നുകൾ, ഇവ ഓരോന്നോരോന്നായി അവർ കടന്നുപോയി. പിറേറദിവസം കാലത്തു അവർ ഒന്നിച്ചു കുർബാന കാണുകയും വിശുദ്ധകുർബാന കൈക്കൊള്ളുകയും ചെയ്തശേഷം "ടിൻബറി" ഡോക്കിൽനിന്നു ആൻഡ്റൂ കപ്പൽ കയറി.

മാർഗരററു് അവിടെനിന്നു ലണ്ടൻ പട്ടണത്തിലേക്കു തിരിക്കുകയും, ലാഡ്ബ്രൂക്ക്ഗ്രൂവിലുള്ള പാവപ്പെട്ട ക്ലാരകന്യാസ്ത്രീകളുടെ മഠത്തിൻെറ ഭിത്തികൾക്കുള്ളിൽ മറയുകയും ചെയ്തു. അങ്ങിനെ മാർഗരററു് സിങ്ക്ളയർ ലോകത്തിനു അപ്രത്യക്ഷമായി. "അഞ്ച് തിരുമുറിവിൻെറ മരിയ ഫ്രാൻസിസ്" ആയിരുന്നു അതിനു പകരം ആവിർഭവിച്ചതു്. ആറു മാസം കഴിഞ്ഞു 1924 ഫെബ്രുവരി 11-ാംനു പുതുകന്യാസ്ത്രീയായി തലമുണ്ടു ധരിച്ചു. 1925 ഫെബ്രുവരി 14-ാംനു സഭാവസ്ത്രം ധരിച്ചു കന്യാസ്ത്രീയായി തീരുകയും ചെയ്തു.

### സന്യാസജീവിതം

മാർഗരററിൻെറ സന്യാസജീവിതം മാതൃകാപരമായിരുന്നു. തലവന്മാർ നിശ്ചയിക്കുന്ന ഏതു ഹീനപ്രവൃത്തികളേയും മാർഗരററു് സസന്തോഷം ചെയ്തുപോന്നു. പുറജോലിക്കു നിശ്ചയിച്ചിരുന്ന ഒരു സഹോദരിയായിരുന്നതിനാൽ അവ വളരെയധികം ചെയ്യേണ്ടിവന്നു. കൂട്ടത്തിൻെറ ആവശ്യത്തിലേക്കു പുറത്തുപോയി ഭിക്ഷ ഇരക്കുക എന്ന ജോലിയും അവളുടേതായിരുന്നു. സാധാരണ എല്ലാ കൂട്ടജീവിതത്തിലും കാണാറുള്ള തമ്മിൽ തമ്മിലുള്ള അഭിപ്രായവ്യത്യാസവും വേറുക്കുറും അവിടേയും ഉണ്ടാകാതിരുന്നില്ല.

ഇളവില്ലാതെയുള്ള പലവിധ ജോലികൾക്കിടയിൽ ആശ്രമജീവിതത്തിൽ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും അല്ലാതെ യാതൊരു സമയവും ബാക്കി ഉണ്ടായിരിക്കയില്ല. പരിചയമില്ലാത്തവക്കു ഇതു ക്ഷീണത്തിനും മററു സുഖക്കേടുകൾക്കും കാരണമായേക്കും. ഇപ്രകാരമുള്ള ബുദ്ധിമുട്ടുകളും സങ്കടങ്ങളും ക്ഷമയോടെ ദൈവത്തെപ്രതി സഹിപ്പാൻ പാടില്ലാത്തവക്കു ഈ അന്തസ്സിൽനിന്നു തിരിഞ്ഞുപോകുന്നതിനു ഇതാണു് ഒരവസരം. അതിനു യാതൊരു തടസ്സവും ഇല്ല. അഗിയൂസച്ചനും ശ്രേഷ്ഠത്തിയമ്മയും ക്ലാരമഠക്കാരുടെ ജീവിതവും ബുദ്ധിമുട്ടും ആദ്യമേതന്നെ വിവരിച്ചിരുന്നതിൽ ഒട്ടും അതിശയോക്തിയില്ലായിരുന്നു എന്നു ക്രമേണ മാർഗരററിനു മനസ്സിലായി. മാർഗരററു് നിലനില്പിൻെറ അനുഗ്രഹത്തിനുവേണ്ടി പ്രാത്ഥിക്കുകയും എല്ലാ പരീക്ഷകളേയും ജയിക്കുകയും ചെയ്തു.

ജൂബിലിവത്സരം 1925-ലെ പ്രതിജ്ഞയിൽ ഇപ്രകാരം കാണുന്നു:- "എൻെറ കത്താവും എൻെറ ദൈവവുമായ ഈശോ വി. യൗസേപ്പിനു എപ്പോഴും കീഴ്‌വഴങ്ങിയിരിക്കയും കുരിശുമരണംകൂടെ ക്ഷമയോടുകൂടെ കയ്യേൽക്കുകയും ചെയ്ത സംഗതികളെ ഞാൻ ഓക്കയിൽ എല്ലാററിലും ഞാൻ കീഴ്‌വഴക്കമുള്ളവളായിരിക്കുമെന്നു പ്രതിജ്ഞചെയ്യുന്നു. കൂടാതെ എൻെറ സ്വഭാവത്തിനു എതിരായിട്ടുള്ളവ ആയിരുന്നാലും എൻെറ സംസാരത്തിൽ എല്ലാവക്കും ഇഷ്ടപ്പെടത്തക്കതായ എളിമയോടുകൂടിയ വത്തമാനമല്ലാതെ ഞാൻ പറയുകയില്ല, അതും മററുള്ള സഹോദരികൾക്കു മനസ്സിലാകത്തക്ക അവസരംനോക്കി അവരുടേയും ഗുണത്തിനുതകത്തക്കതായിരിക്കുന്നതിനുംവേണ്ടി ഉപയോഗിക്കും. ഞാൻ എല്ലായ്പോഴും സൂക്ഷ്മമുള്ളവളായിരിക്കയും എല്ലാ പ്രവൃത്തികളും വെടിപ്പായും നല്ല നിയോഗത്തോടുകൂടിയും ചെയ്യുകയും ചെയ്യും."

അവളുടെ മരണത്തിനു മുമ്പായി ഒരിക്കൽ അവളുടെ അമ്മ അവളെ കാണാൻ വന്നു. ആ അവസരത്തിൽ അവൾ പറഞ്ഞു: "എനിക്കു ഈ മഠത്തിൽ പല പ്രാവശ്യവും ഉന്നതിയും താഴ്ചയും ഉണ്ടായിട്ടുണ്ടു്. അതു ഞാനു് അത്ര കണക്കാക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ചെയ്യുന്നതെല്ലാം നമ്മുടെ കത്താവിൻെറ മഹത്വത്തിനായി തൻെറ ഇഷ്ടാനുസരണമായിരുന്നു ചെയ്തിരുന്നതു്."

അവളുടെ സഹനത്തേയും പീഡകളേയും വിവരിക്കുന്നതു് ഉള്ളതിലധികമായി, മററുള്ളവരെ തെററിദ്ധരിപ്പിക്കത്തക്കവണ്ണമാകരുതെന്നു അവൾ പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ടു്. അതു സംബന്ധിച്ച രേഖകൾ പുറമേയുള്ളവക്കു ഒരിക്കലും ലഭിക്കയില്ല. ആ പീഡകൾ വാസ്തവങ്ങളായിരുന്നു. എങ്കിലും അവയായിരുന്നു മാർഗരററിൻെറ പുണ്യപൂർണ്ണതയ്ക്കുള്ള കാരണങ്ങൾ. അതു ശരിയായി മനസ്സിലാക്കി അവൾ എപ്പോഴും വളരെ സന്തോഷമനുഭവിച്ചിരുന്നു. ആ സന്തോഷം അവളുടെ പടത്തിലും അവളുടെ എഴുത്തുകളിലും പ്രത്യക്ഷമായി കാണാവുന്നതാണു്.

സന്യാസജീവിതത്തിലും സന്തോഷാവസരങ്ങൾ ഇടകലന്നനുഭവപ്പെട്ടു. മാർഗരററിൻെറ ഒരെഴുത്തിൽ ഇപ്രകാരം കാണുന്നു:- "എനിക്കു ഒരതിശയിക്കത്തക്ക കാര്യം പറയുവാനുണ്ടു്. ഇന്നലെ ഞങ്ങൾ വളരെ സ്നേഹിക്കുന്ന ശ്രേഷ്ഠത്തിയമ്മയുടെ പറഞ്ഞൊപ്പു പുതുതാക്കുന്ന സന്തോഷത്തിൻെറ പെരുന്നാളായിരുന്നു. അന്നു പുറജോലിക്കാരായ എല്ലാ കന്യാസ്ത്രീകൾക്കും ഉള്ളിൽ പ്രവേശിക്കുന്നതിനു അനുവാദമുണ്ടു്. ശ്രേഷ്ഠത്തിയമ്മ പറഞ്ഞൊപ്പു പുതുതാക്കുന്നതിൽ പങ്കുകൊണ്ട സന്തോഷം ഇതിനുമുമ്പു അനുഭവിച്ചിട്ടില്ലാത്ത പ്രകാരത്തിലുള്ളതായിരുന്നു. വിശുദ്ധകുർബാന പരസ്യമായി ആ നേരം മുഴുവൻ എഴുന്നെള്ളിച്ചുവച്ചിരുന്നു. ശ്രേഷ്ഠത്തിയമ്മ വ്യക്തമായ സ്വരത്തിൽ ദൈവതിരുമുമ്പാകെ പറഞ്ഞൊപ്പു പുതുതാക്കുന്ന വാക്കുകളും അതിൽ സ്പഷ്ടമായിരുന്ന സന്തോഷാനന്ദവുമെല്ലാം ആ ദിവസത്തെ എനിക്കു ഒരിക്കലും മറക്കുവാൻ സാധിക്കാതാക്കിത്തീത്തു."

മറെറാരു വലിയ സന്തോഷദിവസം അവളുടെ ഉടുപ്പുമാററദിവസമായ 1924 ഫെബ്രുവരി 11-ാം തീയതിയായിരുന്നു. അന്നു അവളുടെ സ്വന്തവീട്ടുകാരുമായി അല്പസമയം ചിലവഴിക്കുന്നതിനുള്ള സന്തോഷത്തിനിടയായി. അന്നു അവളുടെ അമ്മയും സഹോദരിമാർ "ബെല്ല"യും "ലിസ്സി"യും സഹോദരൻ ജോണും വന്നിട്ടുണ്ടായിരുന്നു.

(തുടരും)

ച്ചതിളങ്ങുന്നതുപോലെ കാണപ്പെട്ടു. അമ്മ പാട്ടുപാടാൻ തുടങ്ങി. ദൈവത്തെക്കുറിച്ചും ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തെക്കുറിച്ചും ആണു പാടിയതു്. അനേകായിരം സ്വരങ്ങൾ അമ്മയോടു യോജിച്ചു വളരെ മർമ്മരസ്വരത്തിൽ സ്വർഗ്ഗീയഗാനങ്ങൾ പാടി. ഡോൺബോസ്കോ ഈ പാട്ടു കേട്ടു വികാരഭരിതനായി പാട്ടവസാനിച്ചപ്പോൾ, അമ്മ മകനെ നോക്കി ഇങ്ങനെ പറഞ്ഞു: "നീയും സ്വർഗ്ഗത്തിൽ വരണം. നിത്യഭാഗ്യം നമുക്കു യോജിച്ചു അനുഭവിക്കണം."

അതിൻെറ ശേഷം അമ്മ ഒരു പുഞ്ചിരി മകനെനോക്കി തൂകി. ഉടൻ അമ്മ അപ്രത്യക്ഷയാകയും ചെയ്തു.

മമ്മാമാർഗരറോ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

ഡോൺബോസ്കോ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

ആദ്ധ്യാത്മികവീഥി

# ദിവ്യബലിയും പരിത്യാഗവും

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

ദിവ്യബലിയിൽ സംബന്ധിച്ച ശേഷം വീട്ടിലേക്കു മടങ്ങുന്ന ഒരാൾക്കു പരദൂഷണം ഒട്ടും പററിയതല്ലെന്നു കഴിഞ്ഞ ലക്കത്തിൽ പറഞ്ഞല്ലോ. ഇനി വീട്ടിൽ ചെന്നിട്ടുള്ള അയാളുടെ വത്തനത്തെപ്പററി ചിന്തിക്കാം. അവിടെ തൊട്ടതിനെല്ലാം കുററം പറഞ്ഞു കലഹം ഉണ്ടാക്കുന്നെങ്കിൽ അതിനു കാരണമെന്തായിരിക്കും? അയാളുടെ ഹിതത്തിനോ സുഖസൗകര്യങ്ങൾക്കോ വിഘാതമായി വല്ലതുമെല്ലാം അനുഭവപ്പെടുന്നു എന്നതായിരിക്കും. മറെറാരു തരത്തിൽ പറഞ്ഞാൽ സ്വാത്മത്തെ ബലി കഴിക്കേണ്ട അവസരങ്ങൾ അഭിമുഖീകരിക്കേണ്ടതായിവന്നിരിക്കും.

ദിവ്യബലിയിൽ മിശിഹായോടുകൂടി സ്വയം ദൈവത്തിനു ബലിയപ്പിച്ചുകൊണ്ടു അന്നത്തെ തൻെറ സകല അനുഭവങ്ങളും ദിവ്യബലിയുടെ അരൂപിയിൽ സ്വീകരിച്ചുകൊള്ളാമെന്നും അങ്ങനെ ദൈവാലയത്തിൽ വച്ചു ആരംഭിച്ച ബലി ദിവസം മുഴുവൻ തുടന്നുകൊള്ളാമെന്നും വാഗ്ദാനംചെയ്തുകൊണ്ടുപോന്നിട്ടുള്ള ഒരാൾ സ്വാത്മപരിത്യാഗത്തിനുള്ള അവസരം ഉണ്ടാകുമ്പോൾ ക്ഷോഭിക്കുന്നതിനു പകരം താൻെറ രാവിലത്തെ വാഗ്ദാനത്തെ സ്മരിച്ചുകൊണ്ടു "കത്താവേ, അങ്ങയുടെ ദിവ്യബലിയോടുകൂടി ഇതിനേയും നിത്യപിതാവിനു ഞാൻ കാഴ്ചവയ്ക്കുന്നു" എന്നു പറഞ്ഞു് അതിനെ ദൈവത്തിനു സമപ്പിക്കയേ ചെയ്യുകയുള്ളു.

അങ്ങനെ ചെയ്യുന്നപക്ഷം കുടുംബത്തിൽ എത്രസമാധാനമായിരിക്കും ഉണ്ടാകുക. സഹിക്കുന്നതിനും ക്ഷമിക്കുന്നതിനും എത്ര എളുപ്പമുണ്ടായിരിക്കും? നാം കാണുന്ന കുർബാനകൊണ്ടു ഇങ്ങനെ ഒരു പരിവത്തനം നമ്മിൽ ഉണ്ടാകുന്നില്ലെങ്കിൽ ദിവ്യബലി നമ്മുടെ ജീവിതത്തിൻെറ കേന്ദ്രമാക്കിയെന്നു പറഞ്ഞുകൂടാ. കുർബാനകൊണ്ടു നമുക്കു ഗണ്യമായ പ്രയോജനം ഉണ്ടാകുകയുമില്ല.

കുടുംബത്തിലെ അനുഭവങ്ങളെക്കുറിച്ചു പറഞ്ഞതുതന്നെ മററുള്ളവരുമായി ഇടപെടുമ്പോൾ നമ്മുടെ ഹിതത്തിനു വിരോധമായി ഉണ്ടാകുന്ന സംഭവങ്ങളെക്കുറിച്ചും പറയാം. ചുരുക്കത്തിൽ സ്വാത്മത്തെ ക്ഷതപ്പെടുത്തുന്നവയെല്ലാം തന്നെ നമ്മുടെ കുർബാനയായി ദൈവത്തിനു അപ്പിക്കാവുന്നതും അപ്പിക്കേണ്ടതുമാണു്.

എന്നു പ്രാത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.



(1-ാം പേജ് തുടർച്ച)

ടെ പരിപൂർണ്ണതയിൽ ഈശോ എന്ന ഏകവ്യക്തിയിൽ സമ്മേളിച്ചിട്ടുണ്ടെന്നും, അതിനാൽ അവിടുന്നു രാജാധിരാജനും അത്യുന്നതപുരോഹിതനും പ്രവാചകപ്രമുഖനുമാണെന്നു അവർ ഗ്രഹിച്ചു. അങ്ങനെ "മ്ശിഹാ" അല്ലെങ്കിൽ "ക്രിസ്തു" എന്ന പദം ഈശോയുടെ പേരിൻെറ ഒരു ഭാഗമായിത്തീർന്നു. എങ്കിലും ക്രൈസ്തവേതരരായ റോമാക്കാരും ഗ്രീക്കുകാരും, ക്രിസ്തൂസ് എന്ന പദത്തിൻെറ അർത്ഥവ്യാപ്തിയെ പററി ഒന്നും തന്നെ ഗ്രഹിച്ചിരുന്നില്ല. അതിനാൽ "നല്ലവൻ" എന്നർത്ഥമുള്ള ക്രെസ്തൂസ് (Chrestus) എന്നു ഈശോയെപ്പററി അവർ പറഞ്ഞിരുന്നു. ഇന്നാകട്ടെ, ഈശോമ്ശിഹായുടെ രക്ഷാകരമായ നാമം സർവത്രസുജ്ഞാതമായിത്തീർന്നിരിക്കുന്നു. ഈശോയുടെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ.

## ഇടവകവാർത്തകൾ

**ബോംബെ:** യു. പി. സി. നാഷനൽ ഓഫീസിൻെറ നേതൃത്വത്തിൽ പീഡിതസഭയ്ക്കുവേണ്ടി (പ്രത്യേകിച്ചു ഹങ്കറിക്കും പോളണ്ടിനും) സംഭരിക്കപ്പെട്ട സുകൃതമഞ്ജരി പരിശുദ്ധമാർപ്പാപ്പായ്ക്കു ക്രിസ്തുമസ് സമ്മാനമായി കാഴ്ചവയ്ക്കുവാൻ റോമിലെ കേന്ദ്രആപ്പീസിലേക്കു ഡിസമ്പർ 21-ാം തീയതി അയച്ചുകൊടുത്തിരിക്കുന്നു. അതിൽ മെത്രാന്മാരും, വൈദികരും, സന്യാസികളും, വൃദ്ധന്മാരും, യുവാക്കളും, കുട്ടികളും ഉത്സാഹപൂർവ്വം പങ്കെടുത്തുവെന്നും, അഭിമാനാവഹമായ ഒരു സുകൃതശേഖരം കേന്ദ്രത്തിലെത്തിച്ചുകൊടുക്കുവാൻ സാധിച്ചു എന്നും സസന്തോഷം പ്രസ്താവിക്കുവാൻ കഴിയും. "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ അവൻെറ കുരിശു വഹിക്കട്ടെ" എന്നുള്ള വേദവാക്യം ഉല്ലേഖമായ ഒരു ചിത്രത്തിലാണു സൽകൃത്യങ്ങൾ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതു്.

പീഡിതസഭയോടു സഹാനുഭൂതി പ്രകടമാക്കുന്നതും അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതുമായ ഹൃദയസ്പർശകമായ പരിപാടികൾ നിർമ്മലയിലെ ദേവാലയങ്ങളിൽ ഡിസമ്പർ 23-ാംതീയതി നടത്തപ്പെട്ടു. സെൻറു തെരേസാസ് പള്ളിയിൽനിന്നും ബാൻഡ്റായിലെ മൗണ്ടു മേരീസ് ബസിലിക്കായിലേക്കു 11 മൈൽ ദീർഘിക്കുന്ന ഒരു തീർത്ഥയാത്ര നടത്തപ്പെട്ടതു അവയിൽ പ്രമുഖമായ ഒരു സമാപനചടങ്ങായിരുന്നു. നഗരത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വന്നുചേർന്ന തീർത്ഥകസംഘങ്ങൾ ഒന്നുചേർന്നു മൗണ്ടു മേരീസിൽവച്ചു ഒരു "ഡയലോഗ് മാസ്"—ജനങ്ങൾ ഒന്നിച്ചു ദിവ്യബലിയിലെ പ്രാർത്ഥനകൾ ചൊല്ലുന്ന കുർബാനക്രമം—നടത്തി. കാഴ്ചവെപ്പിൻെറ സമയത്തു് വിശുദ്ധകുർബാന ഉൾക്കൊള്ളാൻ തയാറായി വന്നിരുന്നവർ ഈരണ്ടുപേരായി മദ്ബഹായെ സമീപിച്ചു അവരവർക്കു വേണ്ട പൂജാപ്പം ഒരു കുസ്തോദിയിൽ നിക്ഷേപിച്ചു രംഗം അസാധാരണവും ഭക്തിദ്യോതകവുമായിരുന്നു.

**ചെമ്മലമററം:** സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ സമ്മേളനം ഡിസംബർ 26-ാംനു റവ. ഫാ. ജോർജ്ജ് കിഴക്കേക്കുററു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി, പ്രസിഡണ്ടു്, വൈസ് പ്രസിഡണ്ടു്, സെക്രട്ടറി, ജോ. സെക്രട്ടറി എന്നീ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**അവിട്ടത്തൂർ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ തിരുനാൾ ഡിസം. 9-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. കാലത്തു് ആഘോഷമായ പാട്ടുകുർബാനയും ഉച്ചതിരിഞ്ഞു 3 മണിക്കു ജപമാലപ്രദക്ഷിണവും നടന്നു. കുട്ടികളെ സഖ്യത്തിൽ ചേർക്കൽ കഴിഞ്ഞു പരി: കുർബാനയുടെ വാഴ്വോടുകൂടി കർമ്മങ്ങൾ അവസാനിച്ചു.

**വലപ്പാട്ട്:** സ്ഥലം സെൻറ് വിൻസെൻറു ഡി പോൾ സംഘത്തിൻെറ പുതിയ ഭാരവാഹികളായ പ്രസിഡണ്ടു്, വൈസ്പ്രസിഡണ്ടു്, സിക്രട്ടറി, ജോ: സിക്രട്ടറി, ഖജാൻജി മുതലായവരെയും പുതിയ കമ്മിററി അംഗങ്ങളേയും തിരഞ്ഞെടുത്തിരിക്കുന്നു.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

പി. സി. കുയ്യാള, മുഹമ്മ.

**മാള:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യം, സെൻറു് വിൻസെൻറു് ഡി പോൾ സംഘം തുടങ്ങിയവയുടെ സംയുക്തപൊതുയോഗം പള്ളിയങ്കണത്തിൽവെച്ചു റവ. ഫാ. കുണ്ടുക്കുളത്തിൻെറ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ ഏ. സി. റപ്പായി "മരിയൻഭക്തിയും ലോകസമാധാനവും" എന്ന വിഷയത്തെ മുൻനിറുത്തി പ്രസംഗിച്ചു. യോഗത്തിനുമുമ്പു് ജപമാല ജപിച്ചുകൊണ്ടുള്ള ഒരു ഘോഷയാത്ര നടത്തുകയുണ്ടായി.

**ആളൂർ:** ഇവിടെ നൂതനമായി പണികഴിച്ചിരിക്കുന്ന ദേവാലയത്തിൻെറ വെഞ്ചരിപ്പുകർമ്മം തൃശ്ശൂർ മെത്രാൻ ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് ഡിസംബർ 23-ാംനു ഞായറാഴ്ച നിർവ്വഹിച്ചിരിക്കുന്നു. കാലത്തു് 6-45നു് സ്ഥലത്തു എത്തിച്ചേർന്ന മെത്രാൻ തിരുമേനിയെ സ്ഥലം പള്ളിവികാരി റവ. ഫാദർ ജേക്കബ് ചൊവ്വല്ലൂരും വിവിധസംഘടനകളുടെ പ്രതിനിധികളുംകൂടി ഹാരമണിയിച്ചു സ്വീകരിച്ചു. വെഞ്ചരിപ്പിനുശേഷം 600-ൽപരം ബാലികാബാലന്മാർക്കു് സ്ഥൈര്യലേപനം നൽകി. ആറു ഭക്തസംഘടനകളുടെ സംയുക്തവാർഷികപൊതുയോഗത്തിൽ അദ്ദേഹം അദ്ധ്യക്ഷതവഹിച്ചു. വിവിധമൽസരങ്ങളിൽ വിജയികളായ കുട്ടികൾക്കും പള്ളി മനോഹരമായി പണിതീർത്തവർക്കും അദ്ധ്യക്ഷൻ സമ്മാനങ്ങൾ നൽകുകയുണ്ടായി. പള്ളി പണിക്കു സഹായം ചെയ്ത എവരോടും ഫാദർ ചൊവ്വല്ലൂർ നന്ദിപറഞ്ഞു.

**നെയ്യശ്ശേരി:** സ്ഥലം കാത്തലിക്കു് സോഷ്യൽലീഗ് ലൈബ്രറിയുടെ ഒരു വിശേഷാൽകമ്മിററിയോഗം ഡിസ. 16-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു് ലീഗ് ഡയറക്ടർ റവ. ഫാദർ പോൾ കുഴിക്കാട്ടു് ബി. ഏ. യുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. അസൗകര്യങ്ങൾമൂലം മുൻപ്രസിഡൻറു രാജിവച്ചതിനെത്തുടർന്നു് ശ്രീ പി. വി. വറുഗീസിനെ ലീഗ് പ്രസിഡൻറായി തെരഞ്ഞെടുത്തിരിക്കുന്നു.

**പൊൻകുന്നം:** സ്ഥലം തിരുക്കുടുംബദേവാലയത്തിലെ അമലോത്ഭവജൂബിലി തിരുനാൾ ഡി: 7, 8, 9 തീയതികളിൽ ആഡംബരപൂർവ്വം നടത്തപ്പെട്ടു.

സ്ഥലം സി വൈ എം എ യുടെ ആഭിമുഖ്യത്തിൽ ഡി: 16-ാംനു നടത്തപ്പെട്ട കാർഷികപ്രദർശനം പൂർവ്വാധികം വിജയപ്രദമായിരുന്നു. കൂടാതെ കരകൗശലസാധനങ്ങളും പ്രദർശിപ്പിച്ചിരുന്നു. വിജയികൾക്കുള്ള സമ്മാനം 1957 ജനുവരിയിൽ നടക്കുന്ന വാർഷികസമ്മേളനത്തിൽവച്ചു നൽകുന്നതാണു്.

**നിർമ്മലപുരം:** ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ സ്ഥലത്തു നവീനമായി പണിതീർത്തിരിക്കുന്ന ചാപ്പലിൻെറ വെഞ്ചരിപ്പും പരി: അമലോത്ഭവമാതാവിൻെറ തിരുനാളും ഡി: 7, 8 തീയതികളിൽ സമംഗളം നടന്നിരിക്കുന്നു.

മാർത്തോമ്മാ സഭാംഗമായിരുന്ന ശ്രീ കെ സി ചാക്കൊ കൊക്കാവള്ളിൽ കുടുംബസഹിതം പ്രസ്തുത ചാപ്പലിൽവച്ചു് ഡിസമ്പർ 7-ാംനു പുനരൈക്യപ്പെടുകയുണ്ടായി.

**മയ്യനാട്ട്:** തിരുഹൃദയത്തിരുനാൾ പ്രമാണിച്ചു് ശ്രീ ജോസഫ് കൈമാപറമ്പൻ പള്ളിയങ്കണത്തിൽവച്ചു് ഭക്തിസംവർദ്ധകമായ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

**ഇടപ്പാടി:** സ്ഥലത്തെ കപ്പുച്ചിൻ ആശ്രമത്തിലെ റവ ഫാദർ ഹെൻട്രിയുടെ നേതൃത്വത്തിലും യുവകത്തോലിക്കരുടെ സഹകരണത്തിലും നടന്നുവരുന്ന സെൻറു ഫ്രാൻസിസ് കത്തോലിക്കാ യുവജനസമാജത്തിൻെറ ധനശേഖരത്തിനായി ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു. മി. ജോസഫ് കൈമാപറമ്പനായിരുന്നു കാഥികൻ.

**ചെമ്പുക്കര:** പൂനാ പേപ്പൽ സെമിനാരിയിൽനിന്നും വൈദികപഠനം പൂർത്തിയാക്കി നവവൈദികനായി സ്വദേശമായ ഇവിടെ മടങ്ങിയെത്തിയ റവ ഫാദർ ജോൺ വള്ളമററം അവർകൾക്കു് നാട്ടുകാർ ഒരു കേമമായ സ്വീകരണം നൽകിയിരിക്കുന്നു. ഡി: 15-ാംനു തോട്ടക്കര പുതിയ കപ്പേളക്കൽ സജ്ജമാക്കിയിരുന്ന പന്തലിൽവച്ചു് ഇടവകപ്രതിനിധികൾ നവവൈദികനെ ഹാരാർപ്പണംചെയ്തു സ്വീകരിച്ചു.

16-ാംതീയതിയിലെ പള്ളിതിരുക്കർമ്മങ്ങൾക്കുശേഷം വെരി റവ ഫാദർ തോമസ് മൂത്തേടൻ എം എ ഡി ഡി യുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദനയോഗത്തിൽ ശ്രീ ഐ എബ്രാഹം ബി എ, എം എ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. വിവിധ സംഘടനക്കാർ ജ്ഞാനപുഷ്പമഞ്ജരികളും ഹാരങ്ങളും അർപ്പിച്ചു. ഫാദർ ജോണിൻെറ മറുപടിപ്രസംഗത്തിൽ അനുമോദനങ്ങൾക്കു നന്ദി പ്രകടിപ്പിച്ചു. യോഗാനന്തരം കുട്ടികൾക്കു് സ്കൂൾഹാളിൽവച്ചു് ചായസൽക്കാരവും നവവൈദികൻെറ വീട്ടിൽവച്ചു് വിരുന്നും നടത്തപ്പെട്ടു.


15-ാം തീയതി രാവിലെ ഫാദർ വള്ളമററം എറണാകുളം കത്തീഡ്രൽ പള്ളിയിൽ ദിവ്യപൂജയർപ്പിച്ചു. തുടർന്നു നവവൈദികൻെറ ബഹുമാനാർത്ഥം പാരിഷ് ഹാളിൽ അദ്ദേഹത്തിൻെറ സഹോദരൻ ശ്രീ ജോസഫ് വള്ളമററം ബി എ എൽ എൽ ബി അവർകൾ നടത്തിയ പാർട്ടിയിൽ ബ. വൈദികരും എറണാകുളത്തെ പൗരമുഖ്യരുമായ ഒട്ടുവളരെപ്പേർ സംബന്ധിച്ചിരുന്നു.

**മൂലംകുഴി:** കത്തോലിക്കാ യുവജനസമാജം മരണഫണ്ടിൻെറ 21-ാമതു വാർഷികപൊതുയോഗം എ ആർ മിഖേൽ അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തന്നാണ്ടത്തെ റിപ്പോർട്ടു്, കണക്കുകൾ മുതലായവ സെക്രട്ടറി വായിച്ചതു യോഗം അംഗീകരിച്ചു. പുതിയ ഭാരവാഹികളേയും കമ്മിററിയംഗങ്ങളേയും തിരഞ്ഞെടുത്തു




**മുലശ്ശേരി:** സ്ഥലത്തെ വിവിധ ഭക്തസംഘടനകളുടെ ഒരു സംയുക്തവാർഷികം ഡിസമ്പർ 9-ാം തീയതി ഞായറാഴ്ച "ഗുഡ്ഷെപ്പേർഡ് മൈതാന"ത്തിൽവച്ചു് റവ ഫാദർ പെപ്പിൻ ടി ഒ സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽവച്ചു് ബീഹാറിലെ ആദിമസമാജക്കാരുടെ മുതിയമർദ്ദനങ്ങൾക്കു വിധേയനായ റവ ഫാദർ മാത്യു മെഴുകനാൽ അവർകൾക്കു് നാട്ടുകാർ സമുചിതമായ സ്വീകരണവും ഗണ്യമായ ഒരു പണക്കിഴിയും നൽകി. അദ്ദേഹത്തെ അണിയിച്ച സ്വീകരണമാല ഒരു മാന്യഹൈന്ദവവ്യക്തി ശ്രീ സി കൊച്ചയ്യപ്പൻ അവർകൾ 11 കയ്ക്കു ലേലം ചെയ്തു. യോഗത്തിൽ മിഷനറി ഹൃദയസ്പർശകമായ ഒരു പ്രസംഗം ചെയ്തു. ശ്രീ സി എൽ ഇഗ്നേഷ്യസ് (സിക്രട്ടറി എസ് വി എസ് കേന്ദ്രകൗൺസിൽ) പ്രസംഗിച്ചു. ഇടയ്ക്കിടെ കലാപരിപാടികളും ടേബ്ളോയും യോഗാനന്തരം "രണ്ടു കള്ളന്മാർകൂടി മനുഷ്യരായി" എന്ന കഥാപ്രസംഗവും "ഞാൻ കരയേണ്ടവനാണു്" എന്ന സംഗീതനാടകവും ഉണ്ടായിരുന്നു.

**സേലം:** സ്ഥലത്തെ പ്രഥമ ഇൻഡ്യൻ ബനഡിക്ടയിൻ ആശ്രമമായ "സീലുവൈഗിരി"യിലെ പ്രഥമാംഗങ്ങളായ അന്ത്രയോസ് പഴയംപള്ളി(മററക്കര), വിൻസെൻറു് കുളപ്പുറത്താഴ (ചേപ്പുങ്കൽ), അഗസ്റ്റിൻ തെക്കേമൈലാടി (കൊഴുവനാൽ), ഊർബൻ തെക്കേൽ (പൂവരണി), പ്ലാസിഡ് അറയ്ക്കൽ (കൊഴുവനാൽ), പോൾ കൂട്ടുങ്കൽ (പ്രവിത്താനം) എന്നീ സഹോദരന്മാർ(മലയാളി) 18-ാം തീയതി വൈകുന്നേരം 6 മണിക്കു് ടോൺഷറും പിറേറദിവസം രാവിലെ ആറുമണിക്കു് ആദ്യരണ്ടുപട്ടങ്ങളും സേലം രൂപതയുടെ അഭിവന്ദ്യമെത്രാൻ മോൺ: സെൽവൈനാഥർ തിരുമേനിയിൽനിന്നു സ്വീകരിച്ചിരിക്കുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30 | 1957 JANUARY 2 | No. 20.


## മാർപ്പാപ്പാ തിരുമനസ്സിലെ ക്രിസ്മസ്സ് സന്ദേശം

പതിവുപോലെ പരിശുദ്ധപിതാവു് 12-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇക്കൊല്ലത്തെക്രിസ്തുമസ് അവസരം പ്രമാണിച്ചു, ആധുനികലോകത്തിന്റെ നിലയെ അവലോകനംചെയ്തു ജനതയ്ക്കു മാർഗ്ഗദർശകമായ അവിടുത്തെ ക്രിസ്തുമസ് സന്ദേശം പ്രക്ഷേപണം ചെയ്തിരിക്കുന്നു. വത്തിക്കാനിലെ കൺസിസ്റ്റോറി ഹാളിൽ സമ്മേളിച്ച കർദ്ദിനാൾസംഘത്തെ അഭിമുഖീകരിച്ചാണു് ഡിസമ്പർ 23-ാംതീയതി, നേരത്തെ വിജ്ഞാപനം ചെയ്തിരുന്ന ഈ പ്രക്ഷേപണ പരിപാടി നിർവ്വഹിക്കപ്പെട്ടതു്. ലോകത്തിൽ വിവിധരാഷ്ട്രങ്ങൾ തമ്മിൽ കൂടുതൽ ഐക്യം പുലർത്തേണ്ട ആവശ്യകതയെപ്പറ്റി ഉൽബോധിപ്പിക്കുന്നതിനും, കത്തോലിക്കർ പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റുകളുടെ വഞ്ചനകളിൽ കുടുങ്ങാതിരിക്കുന്നതിനു പൈതൃകമായ മുന്നറിയിപ്പു നൽകുന്നതിനും പരിശുദ്ധപിതാവു ഈ അവസരം ഉപയോഗപ്പെടുത്തുകയുണ്ടായി. കത്തോലിക്കരെ വശീകരിക്കുന്നതിനു കമ്മ്യൂണിസ്റ്റുകൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന തന്ത്രങ്ങളെപ്പറ്റിയും, ചില കത്തോലിക്കാ അൽമായരും വൈദികർതന്നേയും അവരുടെ വഞ്ചനയിൽ അകപ്പെട്ടുപോകുന്ന ദാരുണാനുഭവങ്ങളെപ്പറ്റിയും അവിടുന്നു സങ്കടപ്പെട്ടു. അവിടുന്നു ഇപ്രകാരം ചോദിച്ചു:-"പൊതുവായ ഒരടിസ്ഥാനമില്ലാത്തവർ തമ്മിൽ വാദപ്രതിവാദം നടത്തിയതുകൊണ്ടു എന്തു ഫലമാണുണ്ടാകുവാൻ പോകുന്നതു്? പരസ്പരം വിഭിന്നങ്ങളായ മാർഗ്ഗങ്ങളിൽക്കൂടി പ്രയാണം ചെയ്യുന്നവർ എങ്ങിനെയാണു് പരസ്പരം ഒന്നിച്ചുചേരുന്നതു്? ഒരു ഭാഗം അടിസ്ഥാനപരമായ സാമാന്യമൂല്യങ്ങളെപ്പോലും മർക്കടമുഷ്ടിയോടെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുമ്പോൾ സത്യത്തിൽ അധിഷ്ഠിതമായ ഒരു സഹവർത്തിത്വത്തെ സൃഷ്ടിക്കുന്നതിനുള്ള സാദ്ധ്യതയില്ലാതാകുകയല്ലേ അനുഭവം?"

തുടർന്നു പരിശുദ്ധപിതാവു് അക്രമപരമായ കമ്മ്യൂണിസ്റ്റുതന്ത്രങ്ങളെ അവിടുത്തെ സന്ദേശത്തിൽ ഇപ്രകാരം വിശദീകരിച്ചു:- "പത്തുകൊല്ലത്തെ തുടർച്ചയായ അക്രമപ്രവർത്തനങ്ങളുടെ സങ്കടകരമായ അനുഭവങ്ങൾ മതിയാകാഞ്ഞിട്ടെന്നവണ്ണം ചിലർ അവരുടെ അഭിപ്രായങ്ങളിൽതന്നെ ഉറച്ചുനില്ക്കുകയായിരുന്നെങ്കിലും, ഈയിടെ രക്തസാക്ഷിത്വംവരിച്ച ഒരു ജനവിഭാഗത്തിനാൽ ചിന്തപ്പെട്ട രക്തവും ഹോമിക്കപ്പെട്ട ജീവസഞ്ചയവും അവരെ ബോദ്ധ്യപ്പെടുത്തുന്നതിനു പര്യാപ്തമാകാതെ വരികയില്ല...... മുന്നവസരങ്ങളിൽ നാം ചെയ്തിട്ടുള്ളതുപോലെ, ഇപ്പോഴും ക്രൈസ്തവലോകത്തെ ഒരു കുരിശുയുദ്ധത്തിനു നാം ആഹ്വാനം ചെയ്യുകയല്ല ചെയ്യുന്നതു്. എന്നാൽ ഒരുകാര്യം എല്ലാവരും വ്യക്തമായി മനസ്സിലാക്കിയിരിക്കണം. മതം ചൈതന്യമുള്ള ഒരു സജീവപാരമ്പര്യമായിരിക്കുന്ന രാജ്യങ്ങളിൽ, അവരുടെ ശത്രുക്കളാൽ അന്യായമായി അവരുടെമേൽ അടിച്ചേല്പിക്കപ്പെടുന്ന വിപ്ലവങ്ങളെ അവർ ഒരു കുരിശുയുദ്ധമായിട്ടാണു് വീക്ഷിക്കുക. അസുഖകരങ്ങളായ യാഥാർത്ഥ്യങ്ങൾ, ഈ മാൽസര്യത്തിന്റെ ശരിയായ വശങ്ങളെ വിശദമായ ഭാഷയിൽ പ്രസ്താവിക്കുന്നതിനു നമ്മെ നിർബന്ധിക്കുന്നു. അതുകൊണ്ടു് വിരുദ്ധചേരികളെ കിടമൽസരത്തിൽ ഉറപ്പിക്കുകയാണെന്നോ, നമ്മുടെ അപ്പസ്തോലികമായ ഉദ്യോഗത്തിനനുഗുണമായ സമാധാനദൗത്യത്തിൽനിന്നു ഏതെങ്കിലുംതരത്തിൽ വ്യതിചലിക്കുകയാണെന്നോ ആരും നമ്മുടെ മേൽ കുറ്റാരോപണം ചെയ്കയില്ല എന്നു കരുതുന്നു. നേരെമറിച്ചു് ഈ അവസരത്തിൽ നാം മൗനമവലംബിക്കുകയാണെങ്കിൽ, ദൈവത്തിന്റെ വിധിയെ നമുക്കു ഭയപ്പെടാതെ ഗത്യന്തരമില്ല.

"സമാധാനത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടിയാണു് നാം നിലകൊള്ളുന്നതു്. അതിനെ പിറവിയുടെ രാത്രിയിലെ വാനവഗണത്തോടൊപ്പം പരിപൂർണ്ണമായും, സൗഭാഗ്യസമന്വിതമായും പ്രഖ്യാപിക്കുന്നതിനു നാം എത്രമാത്രം ആവേശപൂർവ്വം അഭിലഷിക്കുന്നു എന്നു ദൈവത്തിനു മാത്രമേ അറിയാവൂ. എന്നാൽ അതിനെ ആധുനികങ്ങളായ ഭീഷണികളിൽനിന്നു സംരക്ഷിക്കുന്നതിനു്, അപകടം എവിടെയാണെന്നും അതിന്റെ ശത്രുക്കളുടെ തന്ത്രങ്ങൾ ഏവയാണെന്നും അവരുടെ അടയാളങ്ങൾ എന്തെല്ലാമാണെന്നും നമുക്കു ചൂണ്ടിക്കാണിക്കാതെ നിവൃത്തിയില്ല. എല്ലാ ജനതകളുടെമേലും, ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ, ദുർവ്വഹമായതും പ്രത്യേകവിധത്തിലുള്ളതുമായ ഒരു ജീവിതരീതി കെട്ടിവയ്ക്കുന്നതിനു നിർബന്ധബുദ്ധിയോടുകൂടി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരുശത്രു നിലവിലുള്ളപ്പോൾ, സത്യത്തേയും നന്മയേയും സ്നേഹിക്കുന്നവരുടെ ഏകയോഗവും ധീരോദാത്തവുമായ നിലപാടിനു മാത്രമേ സമാധാനത്തെ സംരക്ഷിക്കുന്നതിനു സാദ്ധ്യമാവുകയുള്ളൂ എന്നാണു് നമ്മുടെ ബോദ്ധ്യം."

ലോകസമാധാനത്തെ സംബന്ധിച്ചു് ഐക്യരാഷ്ട്രസംഘടനയ്ക്കുള്ള കർത്തവ്യങ്ങളേയും അതിന്റെ പ്രവർത്തനങ്ങളെ ഫലപ്രദമാക്കുന്നതിനു സ്വീകരിക്കപ്പെടേണ്ട മാർഗ്ഗങ്ങളേയും പരിശുദ്ധ പിതാവു് അവിടുത്തെ സന്ദേശത്തിൽ സമ്യക്കായി പ്രതിപാദിക്കുകയുണ്ടായി. അംഗരാഷ്ട്രങ്ങളെല്ലാം ഐക്യമനോഭാവത്തെ ദൃഢവല്ക്കരിക്കണമെന്നും പരസ്പരസഹായത്തിനു സർവ്വദാ സന്നദ്ധരാകണമെന്നും അവിടുന്നു നിർദ്ദേശിച്ചു. "ലോകത്തിന്റെ ഏതെങ്കിലും ഒരുഭാഗത്തു സ്ഥിതിചെയ്യുന്ന ഏതെങ്കിലും ഒരംഗരാഷ്ട്രത്തിനു അനുഭവപ്പെടുന്ന രാഷ്ട്രീയമോ സാമ്പത്തികമോ ആയ തോൽവികൾ മറ്റുള്ളവയ്ക്കു യഥാർത്ഥത്തിൽ ലാഭമായിരിക്കുകയില്ല എന്നു എല്ലാ രാജ്യങ്ങളും ധരിച്ചെങ്കിൽ മാത്രമേ ഐക്യത്തിനു ശക്തിയുണ്ടാകൂ" എന്നവിടുന്നു പറഞ്ഞു. "പൊതുവായ ഒരപകടസന്ധിയിൽ, ഒരു രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളെ ഇതരരാഷ്ട്രങ്ങൾ ഏകപക്ഷീയമായി പൊതുഐക്യത്തെ അവഗണിച്ചു വിമർശിക്കുന്നതായാൽ, അതു നീതീകരണാർഹമായിരുന്നാൽതന്നേയും, ഐക്യത്തിന്റെ ശിഥിലീകരണത്തിനു് അതു നിദാനമാകുന്നതാണു്......ഒരു സിവിലിയൻജനതയ്ക്കു സ്വീകാര്യമല്ലാത്ത ജീവിതമുറയെ അവരുടെമേൽ അടിച്ചേല്പിക്കുന്നതിനുവേണ്ടി പെട്ടെന്നു അതിർത്തിപ്രദേശങ്ങളിൽ ഹുങ്കാരപടഹധ്വനികളോടുകൂടി ടാങ്കുവ്യൂഹങ്ങൾ പ്രത്യക്ഷപ്പെടുകയും വധവും അക്രമങ്ങളും നടമാടുകയും ചെയ്യുന്ന ആക്രമണരീതികളും അവയുടെ ഉദ്ദേശ്യങ്ങളും സംശയാതീതങ്ങളാണല്ലോ. തമ്മിൽത്തമ്മിലുള്ള കൂടിയാലോചനകൾക്കോ മദ്ധ്യസ്ഥതകൾക്കോ അവിടെ സാവകാശം നൽകപ്പെടുകയില്ല. നീതിപൂർവ്വകമോ അനീതിപരമോ എന്നൊന്നും നോക്കാതെ ഉന്നയിക്കപ്പെടുന്ന എല്ലാ വ്യവസ്ഥകൾക്കും സമ്മതം നൽകുന്നില്ലെങ്കിൽ അണുബോംബുപ്രയോഗത്തിന്റെ ഭീഷണിപ്പെടുത്തലും നടന്നുകഴിയും." ആധുനികകാലത്തു നടമാടുന്ന ഈവിധ പ്രവർത്തനങ്ങളൊന്നും അതീതകാലങ്ങളിൽ ഉണ്ടായിരുന്നില്ലെന്നും അതുകൊണ്ടു് ഇവയുടെ സ്വഭാവത്തെ എല്ലാവരും ധരിച്ചിരിക്കണമെന്നും അവിടുന്നുൽബോധിപ്പിച്ചു.

യഥാർത്ഥത്തിൽ ലോകസമാധാനം ഇന്നൊരു കീറാമുട്ടിപ്രശ്നമായിരിക്കുകയാണു്. പല പരിഹാരമാർഗ്ഗങ്ങളും പരിപാടികളും ആവിഷ്കരിക്കപ്പെടുന്നുണ്ടെങ്കിലും അവയെ എല്ലാം അവഗണിച്ചു് ചില പ്രബലരാഷ്ട്രങ്ങൾ ഇടതടവില്ലാതെ കൈയേറ്റങ്ങൾ നടത്തിവരുന്നതാണനുഭവം. ഐക്യരാഷ്ട്രസംഘടന മുതലായ പൊതുസഖ്യങ്ങൾ വസ്തുതകൾ പരിശോധിച്ചും ന്യായാന്യായങ്ങൾ പഠിച്ചും വരുമ്പോഴേക്കും ഒരു ദുർബലരാഷ്ട്രം ശക്തിരാഷ്ട്രത്തിൽ അമർന്നു ലയിച്ചുകഴിയും. പുതിയ പുതിയ അടവുകളാണു് ഓരോ അവസരത്തിലും പ്രയോഗിക്കപ്പെടുക. ഇപ്രകാരം ലോകസമാധാനത്തിനു വലുതായ ഒരു ഭീഷണിയായി നിലകൊള്ളുന്ന ആക്രമണാസക്തിയെ ശക്തിയായി എതിരിടുന്നതിനുള്ള സജ്ജീകരണങ്ങളും വ്യവസ്ഥകളും ഉണ്ടാകേണ്ടതു് ദുർബലരാഷ്ട്രങ്ങളുടെ വ്യക്തിത്വത്തേയും രാഷ്ട്രീയാഭിലാഷങ്ങളേയും നിലനിർത്തുന്നതിനു അപരിത്യാജ്യമാണെന്നു തിരുമേനി അനുഭവങ്ങളെ അനുസ്മരിച്ചു സ്ഥാപിച്ചിരിക്കുകയാണു്. "കയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്ന കിരാതനിയമം ത്യജിക്കപ്പെടുന്നതിനും സത്യത്തിലും ധാർമ്മികമൂല്യങ്ങളിലും അടിയുറച്ച സഹവർത്തിത്വമനോഭാവം കൈവരിക്കുന്നതിനുമുള്ള ഇന്നത്തെ ആവശ്യകതയെ സുവ്യക്തമായി കാണിക്കുകയും അതിൽ സഹകരിക്കുന്നതിനു ജനതയേയും രാഷ്ട്രങ്ങളേയും ആഹ്വാനം ചെയ്യുകയുമാണു് അവിടുന്നു ഇത്തവണത്തെ ക്രിസ്തുസ്സന്ദേശത്തിൽ ചെയ്തിരിക്കുന്നതു്. ഈ ആദർശപാലനംവഴി നവവത്സരം ഭാവുകമണിയുന്നതിനു ഇടവരട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

### പ്രസാധകക്കുറിപ്പുകൾ

## നെഹ്റുവിന്റെ അമേരിക്കൻ പര്യടനം

ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിറ്റു് ജവഹർലാൽ നെഹ്റു ചിരപ്രതീക്ഷിതമായ അമേരിക്കൻപര്യടനം സമാപിച്ചിരിക്കുന്ന ഈ അവസരത്തിൽ അതിന്റെ പരിണതഫലങ്ങളെപ്പറ്റി ലോകം മുഴുവനും പലേ തരത്തിലുള്ള പ്രതീക്ഷകളോടുകൂടി കഴിയുകയാണു്. രാഷ്ട്രീയചിന്തകന്മാരും പ്രതിദിനപ്രസിദ്ധീകരണങ്ങളും ശ്രീ നെഹ്റുവിന്റെ ഈ പര്യടനം ദൂരവ്യാപകങ്ങളായ പല സൽഫലങ്ങളും ലോകത്തിൽ ഉളവാക്കുന്നതിനു പര്യാപ്തമായിക്കഴിഞ്ഞിട്ടുണ്ടു് എന്നു നിശ്ശങ്കം അഭിപ്രായപ്പെടുന്നു. യു. എസ്സ്. പ്രസിഡണ്ടു് മി. ഐസനോവറും, കനേഡിയൻ പ്രധാനമന്ത്രി മി. ലൂയി സെൻറു് ലോറൻറുമായി നടത്തിയ സുദീർഘമായ കൂടിയാലോചനകളിൽ ഇന്നത്തെ രൂക്ഷമായ പലേ ലോകപ്രശ്നങ്ങളെപ്പറ്റിയും അഭിപ്രായഐക്യത്തിൽ എത്തുന്നതിനും പല പ്രശ്നങ്ങളെ സംബന്ധിച്ചും തെറ്റിദ്ധാരണകൾ ദൂരീകരിക്കുന്നതിനും അങ്ങനെ ലോകസമാധാനസംസ്ഥാപനത്തിൽ ഒത്തുചേർന്നു പ്രവർത്തിക്കത്തക്ക ഒരു പരസ്പരധാരണ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ടു് എന്നു അവരുടെതന്നെ പ്രസ്താവനകളും സംഭാഷണങ്ങളും തെളിയിക്കുന്നുണ്ടു്. ഇതു വലിയൊരു നേട്ടമാണെന്നുള്ളതിനു സംശയമില്ല. ഈജിപ്തിന്റെ സൂയസ്പ്രശ്നവും, ഹങ്കറിയുടെ സ്വാതന്ത്ര്യസമരവും അടുത്തകാലത്തു രാഷ്ട്രമേധാവികളുടെ ഇടയിൽ വലിയ തെറ്റിദ്ധാരണകൾക്കും ചിന്താക്കുഴപ്പങ്ങൾക്കും ഇടയാക്കിയ സംഭവങ്ങളായിരുന്നല്ലോ. ഈ സംഭാഷണങ്ങളിൽ പ്രസ്തുത തെറ്റിധാരണകൾ നീക്കുന്നതിനു സാധിച്ചിട്ടുണ്ടെന്നു കാണുന്നതു ശുഭോദർക്കമാണു്. പാശ്ചാത്യശക്തികളും പൗരസ്ത്യശക്തികളും തമ്മിൽ അഭിപ്രായഐക്യം ഉണ്ടാവുകയും ലോകസമാധാനത്തിനുള്ള പദ്ധതികളിൽ ഒന്നിച്ചു പ്രവർത്തിക്കുകയും ചെയ്യെങ്കിൽ മാത്രമേ ലോകത്തിൽ എന്തെങ്കിലും സ്ഥായിയായ നന്മചെയ്യുവാൻ സാദ്ധ്യമാവുകയുള്ളൂ. യൂറോപ്യൻരാജ്യതാല്പര്യങ്ങളെന്നും, അമേരിക്കൻരാഷ്ട്രതാല്പര്യങ്ങളെന്നും, ഏഷ്യൻരാജ്യതാല്പര്യങ്ങളെന്നും വിഭിന്നമായ വീക്ഷണകോണങ്ങളിൽനിന്നു വസ്തുതകളെ ദർശിക്കുകയും അവനവന്റെ നേട്ടങ്ങളെമാത്രം കണ്ണുവച്ചു പ്രവർത്തിക്കുകയും ചെയ്താൽ ലോകസമാധാനം കൈവരിക സാദ്ധ്യമല്ല. അതുകൊണ്ടു് ശ്രീ നെഹ്റുവിന്റെ അമേരിക്കൻപര്യടനം പ്രാചിയേയും പ്രതീചിയേയും കൂട്ടിയിണക്കുന്ന ഒരു ബലവത്തായ കണ്ണിയായിരിക്കുമെന്നു നമുക്കു സന്യായം പ്രതീക്ഷിക്കുവാൻ അവകാശമുണ്ടു്.

x x x

## നവവത്സരമംഗളം

കാലമായ തരുശാഖിയിൽ നവം—
കായ്ച്ചുമിന്നുമൊരു ചാരുവർഷമേ,
ഭൂതിയും മഹിതശാന്തിയും സദാ
ഭുവിനേകി വിജയിക്ക! നീ മുദാ.

(കെ. ഒ. ഡോമിനിക്കു്, പൊൻകുന്നം)

## സൂയസ്പ്രശ്നവും ഹങ്കറിക്കാര്യവും

സൂയസ്കനാൽ ഈജിപ്തു് ദേശസാല്ക്കരിച്ചു. കമ്പനിയിലെ അംഗങ്ങളും ഗുരുതരമായ നിക്ഷിപ്തതാല്പര്യങ്ങളുള്ളവയുമായ ഇംഗ്ലണ്ടു് ഫ്റാൻസ് രാജ്യങ്ങൾ ബലപ്രയോഗംകൊണ്ടു പ്രശ്നത്തിനു നിവൃത്തിമാർഗ്ഗം കാണുവാൻ രംഗത്തിറങ്ങി. ഇതാണല്ലോ സൂയസ് കനാൽപ്രശ്നത്തിന്റെ രത്നച്ചുരുക്കം. കനാൽപ്രശ്നത്തെ വിശദമായി പഠിക്കുമ്പോൾ ആർക്കും മനസ്സിലാക്കാൻകഴിയും അതിൽ പലേ കുഴഞ്ഞപ്രശ്നങ്ങളും അന്തർഭവിച്ചിട്ടുണ്ടെന്നു്. ഈജിപ്തിന്റെ ചില ജീവൽപ്രശ്നങ്ങൾ അതിലുണ്ടു്. പരിശുദ്ധ മാർപ്പാപ്പാ ഇതേപ്പറ്റി ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ, ധാരാളം ധനം കനാലിലൂടെ അങ്ങോട്ടും ഇങ്ങോട്ടും കടത്തിക്കൊണ്ടുപോകുമ്പോൾ അതിന്റെ ഇരുകരകളിലും ധിർദ്ധനരായി, ജീവിതത്തിനത്യാവശ്യമായ സാമ്പത്തികസൗകര്യങ്ങൾപോലുമില്ലാതെ കഴിഞ്ഞുകൂടുന്ന ഒരു ജനവിഭാഗത്തെ അവഗണിക്കുന്നതു നീതീകരിക്കത്തക്ക ഒരേർപ്പാടല്ലതന്നെ. അതുപോലെതന്നെ പുറംരാജ്യങ്ങളിൽനിന്നു ലഭിക്കുന്ന അസംസ്കൃതവിഭവങ്ങളെ ആശ്രയിച്ചു വമ്പിച്ച വ്യവസായങ്ങൾ നടത്തുകയും അതിനുവേണ്ട ഉറപ്പുകൾ ഉടമ്പടികൾമൂലം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ള രാജ്യങ്ങളുടെ അവകാശങ്ങളെ അനീതിയായി കൈയടക്കുന്നതും സാധൂകരണാർഹമല്ല. ഇങ്ങനെ നീതിബോധത്തോടും പരിതസ്ഥിതികളെ പരിഗണിച്ചും തീരുമാനിക്കപ്പെടേണ്ട ഒരു യഥാർത്ഥപ്രശ്നമാണു് സൂയസ് കനാൽക്കാര്യത്തിൽ ആവിർഭവിച്ചിട്ടുള്ളതു്.

ഇതുപോലെയുള്ള ഒരു പ്രശ്നമാണു് ഹങ്കറിയുടേതും എന്നു ധരിക്കുന്നതു് വലിയ അബദ്ധമാണു്. ഹങ്കറിയിലെ ജനങ്ങൾ ഏറെക്കാലമായി റഷ്യയുടെ നിർബന്ധപൂർവ്വകമായ അടിമത്തത്തിൽ കഴിഞ്ഞുകൂടുകയായിരുന്നു. ഈ അടിമത്തത്തിൽനിന്നു മോചനം പ്രാപിക്കുന്നതിനും അവരുടെ ദേശീയമായ താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനുംവേണ്ടി രാജ്യസ്നേഹികളായ ഹങ്കറിക്കാർ അനുകൂലമായ ഒരു സാഹചര്യത്തിൽ റഷ്യാക്കാരെ ഹങ്കറിയിൽനിന്നു തുരത്തുന്നതിനുള്ള ഒരു ദേശീയപ്രക്ഷോഭണം ആരംഭിച്ചു. ആരംഭത്തിൽ അതു വിജയിച്ചു എങ്കിലും റഷ്യ അതിന്റെ ആയുധശക്തി ആ പാവപ്പെട്ട രാജ്യത്തിന്മേൽ പ്രയോഗിക്കുകയും അനേകായിരങ്ങളെ നിർദ്ദയം വധിച്ചും, അനേകായിരങ്ങളെ സൈബീരിയാ മുതലായ ദുരിതംനിറഞ്ഞ അടിമക്യാമ്പുകളിലേക്കു കടത്തിക്കൊണ്ടുപോയും മറ്റും ഒരു നാരകീയനരവേട്ട നടത്തി ആ രാജ്യത്തെ വീണ്ടും റഷ്യയുടെ സ്വേച്ഛാധിപത്യത്തിൽ അമർത്തുകയുമാണു ചെയ്തിരിക്കുന്നതു്. ഹങ്കറിയിലെ നരവേട്ടയെ അതിന്റെ ആരംഭം മുതലേ മിക്കരാജ്യങ്ങളും അപലപിച്ചെങ്കിലും, യാഥാർത്ഥ്യം വേണ്ടതരത്തിൽ മനസ്സിലാക്കുന്നതിനു ഇന്ത്യയ്ക്കു കുറച്ചു സമയം വേണ്ടിവന്നു. നിഷ്കൃഷ്ടമായ നിഷ്പക്ഷതപാലിക്കുന്നതിനുള്ള ബദ്ധപ്പാടുകൊണ്ടാണെങ്കിലും ഇന്ത്യയുടെ ഈ നിലപാടു പല പാശ്ചാത്യരാജ്യങ്ങൾക്കും സംശയത്തിനു നിദാനമായി. റഷ്യയുടെ കടുത്ത അനീതികളെപ്പോലും അംഗീകരിക്കുന്ന ഒരു കൂട്ടുകെട്ടാണു് അവർ ദർശിച്ചതു്. അമേരിക്കയും ആ ധാരണയുള്ള കൂട്ടത്തിലായിരുന്നു എന്നും തെളിഞ്ഞിട്ടുള്ളതാണു്. പക്ഷെ, നെഹ്റു-ഐക്കു് സംഭാഷ

ണങ്ങൾ ഈ തെററിദ്ധാരണക ളെ നിശ്ശേഷം മാററിയിട്ടുണ്ട് എ ന്നു കാണുന്നു. ഇങ്ങനെ പലേതര ത്തിൽ ലോകശ്രദ്ധയെ അത്യധി കം ആകർഷിക്കുന്ന പ്രശ്നങ്ങ ളിൽ പ്രകാശനവും സമൃക്കായ ഒരു സംയുക്തപ്രവർത്തനത്തിനുള്ള പശ്ചാത്തലവും സൃഷ്ടിച്ചു എന്നതു തന്നെ ഈ പര്യടനത്തിൻെറ ഒരു മികച്ച നേട്ടമാണു്. പരിശു ദ്ധമാർപ്പാപ്പായുടെ ഇക്കൊല്ലത്തെ ക്രിസ്മസ് സന്ദേശവും അതിഗൗര വാവഹമായ ഈ പ്രശ്നങ്ങളെ ആസ്പദമാക്കിയുള്ളവയായതുകൊ ണ്ടു് ഭാവിപ്രവർത്തനങ്ങൾക്കു അ തു് അത്യുത്തമമായ ഒരു നിർദ്ദേശി കോപാധിയായിരിക്കുമെന്നതിൽ സംശയമില്ല.


തയ്യാറാകുന്നു

ക്രൂനർകുരിശു

സത്യം

(രണ്ടാം പതിപ്പു്)

ഫാദർ തോമസ് വടശ്ശേരി L. D.

1 കോപ്പിക്കു് 2ണ സ്റ്റാമ്പയക്കുക.

ഡസനു് 12 ണ.

സി. പി. ബ്യൂറോ

ആലുവാ നോർത്തു് P. O.





ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Marjakutty George Thottakam


(11-ാംപേജ് (തുടർച്ച)

ഗ്രഹം."

"ഇദംപ്രഥമമായി പീലാത്തോസ് ബറാബാസിൻെറ മുഖത്തു തുറിച്ചുനോക്കി. ആദ്യത്തെ വിസ്താരസമയത്തു് ദൃശ്യമായ നിഷ്ഠുരത്തുണീകരണമല്ലാ അവിടെ കാണപ്പെട്ടതു്. നിസ്സീമമായ ആയാസവും ഹാര്യമായ ജീവൻ ആവുന്നതും വേഗം അവസാനിക്കട്ടെ എന്നുള്ള ആശയുമായിരുന്നു ദൃശ്യമായതു്.

"മരിക്കുക തനിക്കു നിസ്സാരകാര്യമാണോ?" പീലാത്തോസ് ചോദിച്ചു.

"റോമന്മാരുടെ തടവുകാരനായിരിക്കുന്നതിലും നല്ലതു് മരിക്കുകയാണു്."

"താൻ മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നുണ്ടോ? ഒരു യഹൂദനെന്നനിലയിൽ ആ വിശ്വാസം ഉണ്ടായിരിക്കേണ്ടതല്ലെ്യാ."

"ഞാൻ വിശ്വസിക്കുന്നുണ്ടു്."

"ദു:ഖകരമായ ഒരു ചിന്തയാണതു്. നരകം എന്നു് നിങ്ങൾ പറയാറുള്ള ആ നിത്യശിക്ഷാരംഗത്തിലേക്കു് താൻ മരണാനന്തരം പോകുകതന്നെ ചെയ്യും."


"ഒരു പക്ഷേ."

"ഒരു റോമൻ കാരാഗൃഹത്തിലെ സ്ഥിതിയിലും ഭേദമായിരിക്കും നരകത്തിലെ അനുഭവമെന്നാണോ നിങ്ങൾ കരുതുന്നതു്?"

"എനിക്കറിഞ്ഞുകൂടാ." ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ ബറാബാസിൻെറ നയനങ്ങളിൽ പഴയ പ്രഭ വന്നുചേർന്നു. അയാൾ തുടർന്നു: "അവിടെവച്ചു് അങ്ങയെ കാണാമെന്നു ഞാൻ പ്രതീക്ഷിക്കുന്നു."

പീലാത്തോസിനു ഈ സമാധാനം ഹൃദ്യമായി. അദ്ദേഹം ചിരിച്ചു. (തുടരും)

# ആലുവാ സെമ്മിനാരിറെക്റ്റർ



റെക്റ്റർസ്ഥാനമൊഴിയുന്ന വെരി റവ. ഫാദർ ഔറേലിയൻ ഒ. സി. ഡി.

മംഗലപ്പുഴ സെമ്മിനാരിയുടെ റെക്റ്ററായി ഒരു വ്യാഴവട്ടത്തോളം പ്രശസ്തസേവനമനുഷ്ഠിച്ച വെരി റവ. ഫാദർ ഔറേലിയൻ ഒ. സി. ഡി തൽസ്ഥാനത്തുനിന്നു റിട്ടയർ ചെയ്തിരിക്കുന്നു. റെക്റ്റർസ്ഥാനം കൈയേൽക്കുന്നതിനുമൻപു് 30 വർഷത്തോളം അദ്ദേഹം ആദ്ധ്യാത്മികോപദേഷ്ടാവായും ഡിവിഷൻ പ്രീഫെക്ററായും വൈസ് റെക്റ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ശാലീനനും നിഷ്കൃമഷനുമായ ഫാദർ ഔറേലിയൻ കഴിഞ്ഞ നാല്പതുവർഷങ്ങളായി കേരളത്തിൽ സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനുംവേണ്ടി നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ അവിസ്മരണീയങ്ങളാണു്. പ്രാതികനായ ഈ വൈദികോത്തംസം സ്വശിഷ്യഗണങ്ങളുടെ മാത്രമല്ല താനുമായി പരിചയപ്പെടുവാനിടയായിട്ടുള്ള ഏവരുടേയും നിസ്സീമങ്ങളായ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനാണു്. കേരളത്തിൽ കത്തോലിക്കരുടെ ആദ്ധ്യാത്മികപ്രവർത്തനങ്ങളിലെല്ലാം ആ പാവനചരിതൻ മാർഗ്ഗദർശനം നൽകിപ്പോന്നിട്ടുണ്ടു്. അദ്ദേഹത്തിൻെറ മഹനീയനേതൃത്വം കേരളത്തിലെ കത്തോലിക്കരുടെ ആദ്ധ്യാത്മികമായ പൊതുപ്രവർത്തനങ്ങൾക്കു ഇനിയും ദീർഘകാലം തുടർന്നു ലഭിക്കത്തക്കവിധം അദ്ദേഹത്തിനു് ദീർഘായുരാരോഗ്യസൗഭാഗ്യങ്ങളെ പ്രാർത്ഥിക്കുകയും അദ്ദേഹത്തിൽനിന്നു കേരളത്തിനു ഇതുവരെ ലഭിച്ചുപോന്നിട്ടുള്ള സേവനാനുഗ്രഹങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.



പുതിയ റെക്റ്റർ വെ. റവ. ഫാ. മൈക്കിൾ എയിൻജൽ ഒ. സി. ഡി.

മംഗലപ്പുഴ സെമ്മിനാരിയുടെ റെക്റ്ററായി നിയമിതനായിരിക്കുന്ന വെരി റവ. ഫാദർ മൈക്കിൾ എയിൻജൽ ഒ. സി. ഡി. ഡിസമ്പർ 22-ാംനു- ഉദ്യോഗം ചാർജ്ജെടുത്തിരിക്കുന്നു. 1954 ആഗസ്റ്റ് 10-ാംനു- മംഗലപ്പുഴയിലെത്തി അവിടെ കാനൻലോ പ്രഫസറായി സേവനമാരംഭിച്ച ഇദ്ദേഹം 1955-ൽ വൈസ് റെക്റ്ററായി നിയമിതനായി. സിവിൽലോയിലും കാനൻലോയിലും ഉൽകൃഷ്ടബിരുദം സമ്പാദിച്ചിട്ടുള്ള പുതിയ റെക്റ്റർ ആന്തരികവിശുദ്ധിയും പാണ്ഡിത്യവും തികഞ്ഞ ഒരു വൈദികവരേണ്യനാണു്. സ്ഥാനമൊഴിയുന്ന റെക്റ്റർക്കു തികച്ചും യോഗ്യനായ പിൻമുറക്കാരനായ ഫാദർ മൈക്കിൾ എയിൻജൽ അവർകളെ ഹൃദയപൂർവ്വം അനുമോദിക്കുകയും അദ്ദേഹത്തിനു സർവ്വഭാവുകങ്ങളും ഹൃദയപൂർവ്വം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

—o—

## വെരി റവ. ഫാദർ പോൾ വടക്കുഞ്ചേരിഅവർകളുടെ പൗരോഹിത്യ രജതജൂബിലി

ഞാറക്കൽപ്പള്ളിവികാരി പെ. ബ. പോൾ വടക്കുംചേരി അച്ചൻെറ പൗരോഹിത്യരജതജൂബിലി 1956 ഡിസമ്പർ 21, 22 എന്നീ തീയതികളിൽ അത്യാഡംബരപൂർവ്വം ഞാറക്കൽ ഇടവകക്കാർ കൊണ്ടാടിയിരിക്കുന്നു. 21-ാംനു- നടന്ന പരി. കുർബാനയുടെ ആരാധനയിലും ജൂബിലേറിയൻെറ ആഘോഷപൂർവ്വമായ പാട്ടുകുർബാനയിലും ഇടവകക്കാരേവരും പങ്കെടുക്കുകയും ഏകദേശം മൂവായിരംപേർ ദിവ്യകാരുണ്യം സ്വീകരിക്കുകയുംചെയ്തു. തദവസരത്തിൽ പൗരോഹിത്യത്തിൻെറ മഹത്തായ പാരമ്പര്യത്തേയും ആധുനികലോകത്തിനു പുരോഹിതന്മാർ ചെയ്തുകൊണ്ടിരിക്കുന്ന നിസ്വാർത്ഥസേവനങ്ങളേയും വിവരിച്ചുകൊണ്ടു്, സെൻറു് ആൽബർട്ടു് കോളേജ് പ്രിൻസിപ്പാൾ റവ. ഫാദർ സേവ്യർ കണിയാമ്പുറം എം. എ., എസ്. ടി. എൽ. ഉജ്ജ്വലത്തായ ഒരു പ്രസംഗംചെയ്തു. വൈകുന്നേരം സ്ഥലത്തെ അദ്ധ്യാപകാദ്ധ്യേതാക്കൾ ജേൾസ്ഹൈസ്കൂൾഹാളിൽ വച്ചു് ജൂബിലേറിയനു ഹൃദ്യമായൊരു സ്വീകരണംനൽകി.

22-ാം തീയതിയിലെ ആഘോഷങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ എഴുന്നെള്ളിയ മഹാവന്ദ്യ ദിവ്യശ്രീ മാർ യൗസേപ്പു് പാറേക്കാട്ടിൽ തിരുമേനിയെ ഇടവകാംഗങ്ങൾ ബോട്ടുകടവിൽവച്ചു ഹാരമണിയിച്ചുസ്വീകരിച്ചു് ആഘോഷപൂർവ്വം പള്ളിയിലേക്കു ആനയിച്ചു. പള്ളിയങ്കണത്തിൽ കമനീയമായി അലങ്കരിച്ചിരുന്ന പന്തലിൽവച്ചാണു് ആഘോഷമായ പൊന്തിഫിക്കൽകുർബാന തിരുമേനി അർപ്പിച്ചതു്. തുടർന്നു ജൂബിലേറിയൻെറ പ്രധാനകാർമ്മികത്വത്തിൽ പരി. കുർബാനയുടെ വാഴ്വും "ലാക് ആലാഹാ" എന്ന സ്തോത്രഗീതവും നടന്നു. എറണാകുളം അതിരൂപതാ വികാരി ജനറാൾ റൈററു് റവ. മോൺ. ജോർജ് വല്യാറമ്പത്തു്, വെരി റവ. മോൺ. വർഗ്ഗീസ് പുതുശ്ശേരി, വെരി റവ. മോൺ. ജോസഫ് കൊറനം തുടങ്ങി അനേകം വൈദികരും പല ബ. കന്യാസ്ത്രീകളും ഒട്ടുവളരെ ജനങ്ങളും അവയിൽ സംബന്ധിച്ചു. മൂവായിരത്തിൽപ്പരം സാധുക്കൾക്കു ജൂബിലേറിയൻെറ വകയായി ഉച്ചയ്ക്കു സമൃദ്ധമായ വിരുന്നു നൽകുകയുണ്ടായി എന്നതു പ്രത്യേകം പ്രസ്താവാർഹമാണു്.

ആയിരക്കണക്കിനാളുകൾ തിങ്ങിക്കൂടിയ അനുമോദനസമ്മേള

# വിവിധവൃത്താന്തങ്ങൾ

## വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ

പരേതനായ കർദ്ദിനാൾ ഗ്രിഫിനു പകരം വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്തായായി ലിവർപ്പൂൾ മെത്രാപ്പോലീത്താ മോസ്റ്റ് റവ. വില്യം ഗോഡ്ഫ്റേയെ തിരുസിംഹാസനത്തിൽനിന്നും നിയമിച്ചിരിക്കുന്നു. 67 വയസ്സുള്ള ആർച്ചുബിഷപ്പ ഗോഡ്ഫ്റേ വെസ്റ്റ്മിനിസ്റ്റർ അതിരൂപതയിലെ 7-ാമത്തെ മെത്രാപ്പോലീത്തായാണു്. അദ്ദേഹത്തിൻെറ പുരോഗാമികൾ കർദ്ദിനാൾ വൈസ്മൻ, കർദ്ദിനാൾ മാനിങ്ങ്, കർദ്ദിനാൾ വോൺ, കർദ്ദിനാൾ ബൂൺ, കർദ്ദിനാൾ ഹിൻസ്ലി, കർദ്ദിനാൾ ഗ്രിഫിൻ എന്നിവരായിരുന്നു. വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താമാർ പരമ്പരയാ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തപ്പെട്ടിട്ടുള്ളതുകൊണ്ടു ആർച്ചുബിഷപ്പ ഗോഡ്ഫ്റേയും ആ സ്ഥാനത്തേക്കുയർത്തപ്പെടുമെന്നു പ്രതീക്ഷിക്കാം.

## മാനിലാ കോൺഗ്രസ്

ഫിലിപ്പൈൻസിലെ രണ്ടാമത്തെ ദേശീയദിവ്യകാരുണ്യകോൺഗ്രസ് മാനിലായിൽവെച്ചു പേപ്പൽ പ്രതിനിധി കർദ്ദിനാൾ സ്പെൽമാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

നം മെത്രാപ്പോലീത്താച്ചൻ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ വൈകിട്ടു 4 മണിക്കു കൂടി. റവ. ഫാദർ അജേവൂസ് സി. ഡി, എം. എ. പൗരോഹിത്യമാഹാത്മ്യത്തെക്കുറിച്ചു് പ്രസംഗിക്കുകയും, ഇടവകക്കാർക്കുവേണ്ടി മി. എം. വി. മാത്യു ബി. എ. ബി. ടി. ജൂബിലേറിയനെ അനുമോദിക്കുകയും ചെയ്തു. ദന്തനിർമ്മിതമായ വി. പൗലോസിൻെറ രൂപത്തിൻെറ പീഠത്തിൽ കൊത്തിയിട്ടുള്ള ഒരു സുകൃതമഞ്ജരി ഇടവകക്കാരായ വൈദികരുടേയും അൽമായരുടേയും വകയായി സമർപ്പിക്കപ്പെട്ടു. ജൂബിലേറിയൻ ഈ സ്നേഹപ്രകടനങ്ങൾക്കെല്ലാം സമുചിതമായ മറുപടിപറഞ്ഞു. അനന്തരം നടന്നതു് അദ്ധ്യക്ഷൻ തിരുമേനിയുടെ ഉപസംഹാരപ്രസംഗമായിരുന്നു. ജൂബിലേറിയൻെറ നിസ്വാർത്ഥസേവനങ്ങളെ തിരുമേനി സ്മരിക്കുകയും അദ്ദേഹത്തെ ആലോചനാസംഘത്തിൽ ഒരംഗമായി നിയമിച്ചിരിക്കുന്ന വിവരം പ്രഖ്യാപിക്കുകയുംചെയ്തു കരഘോഷംകൊണ്ടു് ആബാലവൃദ്ധം ജനം ഈ നിയമനത്തിലുള്ള സന്തോഷം പ്രകടമാക്കി. കൃതജ്ഞതാപ്രകടനത്തോടെ യോഗം സമാപിച്ചു. ഇടക്കിടയ്ക്കു വിവിധ കലാപരിപാടികളും, സമ്മേളനത്തിനുശേഷം "തോമ്മാശ്ലീഹാ വന്നാൽ" എന്ന കൃതിയെ സ്വീകരിച്ചു് ശ്രീ കെ. ജെ. വർഗ്ഗീസിൻെറ ഓട്ടംതുള്ളലും ഉണ്ടായിരുന്നു.

അവസാനദിവസം നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ പത്തുലക്ഷത്തിൽപരമാളുകൾ സംബന്ധിച്ചിരുന്നു. പ്രദക്ഷിണാനന്തരം നടത്തപ്പെട്ട ദിവ്യകാരുണ്യാശീർവ്വാദവേളയിൽ ഫിലിപ്പൈൻസ് പ്രസിഡണ്ടു മഗ്സേസേ ആ രാജ്യത്തെയും അവിടത്തെ ജനങ്ങളെയും തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയുണ്ടായി. മിസ്സസ് മഗ്സേസേ ഫിലിപ്പൈൻ കുടുംബങ്ങളെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചു. കോൺഗ്രസിൽ സംബന്ധിച്ചിരുന്നവരോടു പരിശുദ്ധപിതാവു് ആദ്യം സ്പാനിഷിലും പിന്നീടു ഇംഗ്ലീഷിലും റേഡിയോമുഖേന ഒരു പ്രസംഗം ചെയ്തു. രോഗികൾക്കും വൃദ്ധന്മാർക്കുംവേണ്ടി പേപ്പൽ ലിഗേററു് സമർപ്പിച്ച ദിവ്യപൂജയിൽ അൻപതിനായിരത്തിലധികം രോഗികളും വൃദ്ധരും സംബന്ധിച്ചിരുന്നു. കോൺഗ്രസിലെ സ്മരണീയമായ മററൊരു സംഭവം 77 പേർക്കു പുരോഹിതപട്ടം നൽകപ്പെട്ടതാണു്.

## പോളണ്ടിലെ സഭ

പോളണ്ടിലെ കത്തോലിക്കാസഭയ്ക്കു കുറേയൊക്കെ പ്രവർത്തനസ്വാതന്ത്ര്യം ലഭിച്ചിരിക്കുന്നുവെന്നാണു അടുത്തകാലത്തെ സംഭവവികാസങ്ങൾ തെളിയിക്കുന്നതു്. കർദ്ദിനാൾ വിഷിൻസ്കി തിരുമനസ്സുകൊണ്ടു് ഈ അടുത്ത ദിവസം സ്റ്റേററിനോടു ചോദിക്കാതെതന്നെ, 5 വൈദികരെ മെത്രാന്മാരായി നിയമിക്കുകയുണ്ടായി. കുറേനാൾമുൻപു് സ്റ്റേററു വികാരിജനറൽമാരായി നിയമിച്ച അഞ്ചുപേരെ തൽസ്ഥാനത്തുനിന്നു നീക്കി പകരം ഇവരെ നിയമിക്കുന്നതാണു്. സ്റ്റേററു നിയമിച്ചിട്ടുള്ള മറേറതാനും വൈദികരെയും കർദ്ദിനാൾ ആ സ്ഥാനത്തുനിന്നു നീക്കി പകരം തനിക്കിഷ്ടപ്പെട്ടവരെ നിയമിച്ചിട്ടുണ്ടു്. സഭയുടെ ആഭ്യന്തരകാര്യങ്ങളിൽ സ്റ്റേററു കൈകടത്തുന്നതല്ലെന്നാണല്ലോ ഈ സംഭവങ്ങളിൽനിന്നു് അനുമിക്കേണ്ടതു്.

## സെൻറു തോമസ് ബസിലിക്കാ

മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ തിരുമനസ്സിലെ ഭദ്രാസനദേവാലയമായ സെൻറു തോമസ് കത്തീഡ്റൽ ഒരു ബസ്സിലിക്കായുടെ പദവിയിലേക്കുയർത്തുന്നതിനു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ചിട്ടുണ്ടു്. അതനുസരിച്ചുള്ള ഔദ്യോഗികപ്രഖ്യാപനം ഡിസംബർ 23-ാംതീയതി ആഘോഷമായി നടത്തപ്പെട്ടിരിക്കുന്നു. അന്നുതന്നെ കത്തീഡ്റൽ അങ്കണത്തിലെ ഗ്രോട്ടോയിലുള്ള മാതാവിൻെറ തിരുസ്വരൂപത്തെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ആഘോഷമായി മുടിധരിപ്പിക്കുകയുണ്ടായി. മേലാൽ


## തയ്യാറായിരിക്കുന്നു "സുകൃതകുസുമം"

ഗ്രന്ഥകർത്താ:

ഫാദർ ജോസഫ് ജെ. നിലപ്പന

പ്രത്യേകം കുട്ടികളെ ഉദ്ദേശിച്ചു എഴുതിയിട്ടുള്ളതു്.

ക്രിസ്മസിനും

പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനും ഉത്തമം

| | | | |
|---|---|---|---|
| കടലാസ് ബയൻറു് | 2 ണ. | തുകൽ ഗിൽററു് | 1- 8-0 |
| ഇമിറേറഷൻ കാലിക്കോ | 4 " | ഗിൽററു് ഓവൽ | 1-12-0 |
| ടി കൂടിയ കാലിക്കോ | 6 " | കുഷ്യൻ | 2- 8-0 |
| ടി വലുതു് | 8 " | സെല്ലുലോയിഡ് | 3- 0-0 |
| ടി തുകൽ | 12 " | ടി കൂടിയതു് | 3- 8-0 |

മാനേജർ, എസ്. എച്ച്. ബുക്ക്സ്റ്റാൾ, മാന്നാനം.

"മൈലാപ്പൂർ മാതാവു്" എന്ന പേരിൽ ആ തിരുസ്വരൂപം വണങ്ങപ്പെട്ടുന്നതാണെന്നും തിരുമേനി പ്രസ്താവിച്ചു. മൈലാപ്പൂർ മാതാവിനെ മദ്രാസ് മൈലാപ്പൂർ അതിരൂപതയുടെ സംരക്ഷികയായി പ്രഖ്യാപിച്ചിട്ടുണ്ടു്. ഈ തിരുസ്വരൂപത്തിൻെറ മുന്നിൽ വിശുദ്ധ ഫ്റാൻസിസ് സേവ്യർ അനേകം രാത്രികൾ പ്രാത്ഥനയിൽ ചെലവഴിച്ചിട്ടുണ്ടു്.

## അവശക്രൈസ്തവർക്കു മദ്രാസിൽ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും

മദ്രാസ്ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന ചെലവിനങ്ങളിൽ ഒന്നു, ക്രിസ്തുമതത്തിലേക്കു പരിവത്തനം ചെയ്തിട്ടുള്ള ഹരിജനങ്ങൾക്കു മററു ഹരിജനങ്ങൾക്കു അനുവദിച്ചിട്ടുള്ളതുപോലുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചിരിക്കുന്നു എന്നതാണ്.

ക്രിസ്തുമതത്തിലേക്കു പരിവത്തനം ചെയ്യുന്നവരും അല്ലാത്തവരുമായ ഹരിജനങ്ങൾ തമ്മിൽ ഇതുവരെ ചില വ്യത്യസ്തപരിഗണനകളുണ്ടായിരുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ആ വ്യത്യസ്തപരിഗണന പാടെ മാററണമെന്നു നിരന്തരമായി ഗവമ്മെൻറിനോടാവശ്യപ്പെട്ടു മിരുന്നു. തൽഫലമായി അമ്മാതിരി വ്യത്യാസം നിശ്ശേഷം തുടച്ചുമാററാൻ ഗവമ്മെൻറു് ഇപ്പോൾ തീരുമാനിക്കയും ഹിന്ദുക്കളായ ഹരിജനങ്ങൾക്കു നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ മതപരിവത്തനം ചെയ്തവക്കുകൂടി നൽകാൻ ഏർപ്പാടുചെയ്കയും ചെയ്തിരിക്കുന്നു.

## ഉച്ചയ്ക്കു 'കർത്താവിൻെറ മാലാഖ'


ഇരുമ്പുമറയ്ക്കു പിന്നിൽ പീഡനമനുഭവിക്കുന്ന സഭയ്ക്കുവേണ്ടി പ്രതിദിനം ഉച്ചയ്ക്കു കത്താവിൻെറ മാലാഖാ എന്ന പ്രാത്ഥന ചൊല്ലുവാൻ നെതർലൻഡ്സിലെ ആർച്ചുബിഷപ്പുമാരും ബിഷപ്പുമാരും കത്തോലിക്കരെ ആഹ്വാനം ചെയ്തിരിക്കുന്നു. ഒരു പ്രാർത്ഥനാകുരിശുയുദ്ധം നടത്തുവാനുള്ള പരിശുദ്ധപിതാവിൻെറ നിദ്ദേശത്തെ സമാദരിച്ചാണു് ഇങ്ങനെ ചെയ്തിരിക്കുന്നതു്. ഈ പ്രാർത്ഥന കത്തോലിക്കാസഭയിൽ നടപ്പായിട്ടു് 5 നൂററാണ്ടു തികഞ്ഞിരിക്കുന്നു. തുക്കികളുടെ ആക്രമണഭീഷണി മുഴങ്ങിയിരുന്ന കാലത്തു് 1456 ജൂൺ 29-ാംനു മൂന്നാം കലിക്സ്റ്റസ് മാർപ്പാപ്പായാണു് ഈ പ്രാത്ഥന നടപ്പാക്കിയതു്. പിറേറമാസത്തിൽ ബെൽഗ്രേഡിൽവെച്ചു തുക്കികൾ നിശ്ശേഷം പരാജിതരാക്കപ്പെടുകയും ചെയ്തു.

## പോളിഷ് തടങ്കൽ പാളയം

പോളണ്ടിൽ സഭയും ഗവമ്മെൻറും തമ്മിലുണ്ടായ ധാരണയെതുടന്നു മദ്ധ്യപോളണ്ടിൽ കന്യാസ്ത്രീകൾക്കുവേണ്ടി ഉണ്ടാക്കിയിരുന്ന ഒരു തടങ്കൽപാളയം ഗോമുൽക്കായുടെ ഗവമ്മെൻറു നിത്തൽ ചെയ്തിരിക്കുന്നു. പാളയത്തിലുണ്ടായിരുന്ന ആയിരം കന്യാസ്ത്രീകളെ ഡൈലേഷ്യായിലെ അവരുടെ മഠങ്ങളിലേക്കു തിരിച്ചുപോകുന്നതിനു് അനുവദിച്ചിരിക്കുന്നു. എന്നാൽ ജമ്മൻകാരായ കന്യാസ്ത്രീകൾക്കു ജമ്മനിയിലേക്കു മടങ്ങിപ്പോകുവാൻ അനുവാദം നൽകിയിട്ടുണ്ടു്. എന്നാൽ മിക്കവരും പോളണ്ടിൽതന്നെ താമസിക്കുന്നതിനാണു തീരുമാനിച്ചിരിക്കുന്നതു്.

## ഹംഗറി വിട്ടുപോകയില്ല

ഹംഗറിയിലെ അമേരിക്കൻ ലിഗേഷനിൽ താമസിക്കുന്ന കർദ്ദിനാൾ മിൻസെന്തിക്കു അവിടെനിന്നും രഹസ്യമായി ആസ്ത്രിയായിലേക്കു പോകുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നിട്ടും ഹംഗറി വിട്ടുപോകുന്നതിനു അദ്ദേഹം വിസമ്മതിച്ചിരിക്കുന്നു. ഹംഗറി പരിപൂണ്ണസ്വതന്ത്രമാകാതെ താൻ ഹംഗറി വിട്ടുപോകുന്നതല്ലെന്നു അദ്ദേഹം ഖണ്ഡിതമായി പ്രസ്താവിച്ചിരിക്കുന്നു. ഹംഗറി സ്വതന്ത്രമായ ശേഷം ഹംഗറിയിലെ പ്രൈമററുസ്ഥാനത്തിൽനിന്നും തന്നെ ഒഴിവാക്കുവാൻ കർദ്ദിനാൾ മാർപ്പാപ്പാ തിരുമേനിയോടു് അഭ്യത്ഥിക്കുന്നതാണ്. എസ്തർഗം മെത്രാപ്പോലീത്തായെന്ന നിലയിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനു തൻെറ ആരോഗ്യം പോരായെന്നാണു് അദ്ദേഹത്തിൻെറ വിശ്വാസം.




**For favours received**

Excuse delay.

A. V. P.

## ഇററാലിയൻ വൈദികൻെറ ജന്മനാൾ

ഇററാലിയൻ ക്രിസ്ത്യൻ ഡിമോക്രാററു് പാർട്ടിയുടെ സ്ഥാപകനും ഒരു സാമൂഹ്യപരിഷ്കത്താവും ഗ്രന്ഥകാരനുമായ ഫാദർ ലൂയിജി സ്റ്റർസോയുടെ 85-ാംജന്മനാൾ ഈയിടെ ഇററലിയിലെങ്ങും കൊണ്ടാടിയിരിക്കുന്നു. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടർ ബിരുദമെടുത്തു് 1894-ൽ വൈദികനായ അദ്ദേഹം ഒരു സാമൂഹ്യപരിഷ്കത്താവായും, രാജ്യകാര്യപ്രവത്തകനായും തീന്നു. 1919-ൽ അദ്ദേഹം ഇററാലിയൻ പോപ്പുലർപാർട്ടി സ്ഥാപിച്ചു. ഫസിസ്റ്റ്ഗവമ്മെൻറു് അതു പിരിച്ചുവിടുകയാണു ചെയ്തതു്. ജീവരക്ഷാത്ഥം അദ്ദേഹം ലണ്ടനിലേക്കു പലായനംചെയ്തു. അവിടെയിരുന്നുകൊണ്ടു മുസ്സോലിനിക്കെതിരായി സമരം നടത്തി.

## കേരളവാർത്തകൾ

കേരള എ. ഐ. ജി. മി. എം. ടി. പോളിനെ ഐ. പി. എസ്. കേഡറിലേക്കു നവമ്പർ 1-ാംനു മുതൽ പ്രമോട്ടുചെയ്തിരിക്കുന്നു. വിദ്യാഭ്യാസസിക്രട്ടറി സി. കെ. കേരളവമ്മ, പൊതുമരാമത്തുവകുപ്പു സിക്രട്ടറി ജി. മാധവൻ, മലപ്പുറം സബ്കളക്ടർ എം. എം. വർക്കി എന്നിവരെ ഐ. എ. എസ്. കേഡറിലേക്കും പ്രമോട്ടു ചെയ്തിരിക്കുന്നു.

—തിരുവനന്തപുരം കോവോപ്പറേറീവു് ബാങ്കിനു 25 ലക്ഷം ക. കൂടി നൽകുന്നതിനു റിസവ്വ്ബാങ്കിനു ഗവർമെൻറു് ഉറപ്പുനൽകിയിരിക്കുന്നു.

—തിരുക്കൊച്ചി ബാങ്കിങ്ങ്എൻകൃയറി കമ്മീഷൻെറ ശുപാശ്കളെപ്പററി അടുത്തുതന്നെ തീരുമാനമെടുക്കുന്നതാണെന്നു കേന്ദ്രറവന്യൂമന്ത്രി ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—കൊച്ചിയിലെ കസ്റ്റംസ് അധികാരികൾ വാർഫിലെത്തിയ എസ്. എസ്. ഇത്തൗര എന്ന കപ്പലിൽനിന്നു ഒന്നരലക്ഷം ക. യോളം വിലവരുന്ന ౽50 റാത്തൽ വ്യാജക്കറപ്പു പിടിച്ചെടുത്തിരിക്കുന്നു.

—കേരളത്തിലെ കോൺഗ്രസ് തിരഞ്ഞെടുപ്പു പ്രചരണം പ്രധാനമന്ത്രി നെഹ്റു ഉൽഘാടനം ചെയ്യുന്നതാണു്.

—മലബാറിനേയും കാസർകോടിനേയുംകൂടി മൂന്നു ഡിസ്ത്രിക്ററുകളായി വിഭജിച്ചിരിക്കുന്നു. കണ്ണൂർ, കോഴിക്കോടു്, പാലക്കാടു് ഇവയായിരിക്കും പുതിയ ഡിസ്ത്രിക്ററുകളുടെ ആസ്ഥാനങ്ങൾ.

—വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു് പുനസ്സംഘടിപ്പിച്ചിരിക്കുന്നു. ഇതുപ്രകാരം 4 ഡിവിഷൻഓഫീസുകളും 14 ഡിസ്ത്രിക്ററു് എഡ്യൂക്കേഷൻ ഓഫീസുകളും 68 അസി. എഡ്യൂക്കേഷൻ ഓഫീസുകളും ആരംഭിക്കുന്നതാണു്.

—കേരളറവന്യൂബോർഡ് മെമ്പറായി നിയമിതനായിരിക്കുന്ന മി. കെ. പി. കെ. മേനോൻ ഈയാഴ്ച ഇവിടെയെത്തി ജോലിയിൽ പ്രവേശിക്കുന്നതാണു്.

—കൊല്ലത്തും എറണാകുളത്തും ഓരോ ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ ഗവർമെൻറു് ഏപ്പെടുത്തുകയും മെ: പി. ഡി. നന്ദനമേനോൻ, ജോസഫ് വിതയത്തിൽ എന്നിവരെ തത്തൽസ്ഥാനങ്ങളിൽനിയമിക്കുകയുംചെയ്തിരിക്കുന്നു.

—റോമയിൽവച്ചു വൈദികപട്ടവും ഡി. സി. എൽ. ബിരുദവും നേടി എടാട്ടു് ഇടവകാംഗമായ റവ. ഫാദർ ജോസഫ് വടക്കുംചേരി വിമാനമാർഗ്ഗം തിരിച്ചെത്തിയിരിക്കുന്നു.


## ചരമവാർത്തകൾ

കോന്നി: ഊട്ടുപാറ ഇടവക കൊട്ടമണ്ണേത്തു ശ്രീ ഗീവറുഗീസ് 82-ാമത്തെ വയസ്സിലും കൊട്ടമണ്ണേത്തു വടക്കേതിൽ അന്നമ്മ 76-ാമത്തെ വയസ്സിലും ഡിസംബർ 21-ാനു വെള്ളിയാഴ്ച രാത്രി കത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രിഗോറിയോസു് തിരുമനസ്സുകൊണ്ടു് പരേതരുടെ ഗൃഹത്തിലെത്തി മൃതദേഹങ്ങൾ സന്ദർശിച്ചു് ധൂപപ്രാത്ഥന നടത്തുകയുണ്ടായി. മൃതദേഹങ്ങൾ ഊട്ടുപാറ മിഷ്യൻ സിമിററിയിൽ റവ. ഫാദർ ജോസഫ് അവർകളുടെ കാമ്മികത്വത്തിൽ സംസ്കരിക്കപ്പെട്ടു.

നെല്ലൂരി: ഈ ഇടവക പുളിപ്പറമ്പിൽ തെക്കേൽ പ്രഞ്ചു ഭായ്യ ഏലി ഡിസം. 13-ാംനു 88-ാമത്തെ വയസ്സിൽ കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. സംസ്കാരകമ്മം പിറേറദിവസം ഉച്ചതിരിഞ്ഞു 5 മണിക്കു് റവ. ഫാദർ പോൾ കുഴിക്കാട്ട ബി. എ. യുടെ പ്രധാനകാമ്മികത്വത്തിൽ നടത്തപ്പെട്ടു.

ഇടപ്പള്ളി: ഈ ഇടവക ആലുങ്കൽ നേരേവീട്ടിൽ ഔസേപ്പു മത്തായി 78-ാമത്തെ വയസ്സിൽ ഡിസം. 15-ാംനു ശനിയാഴ്ച രാവിലെ കത്താവിൽ നിദ്രപ്രാപിച്ചു. അന്നു വൈകുന്നേരം 5 മണിക്കു റവ. ഫാദർ ജോസഫ് തായങ്കേരി അവർകളുടെ പ്രധാന കാമ്മികത്വത്തിലും, മററു വൈദികരുടേയും വലിയൊരു ജനാവലിയുടേയും സഹകരണത്തിലും ശവസംസ്കാരം നടത്തപ്പെട്ടു.

R. I. P.




**For favours received**

By E. J. T., Anickad

## ഇൻഡ്യാ വാത്തകൾ

ഇന്ത്യൻ അയൺ ആൻറു് സ്റ്റീൽ കമ്പനിക്കു 2 കോടി ഡോളർ ലോൺ നൽകുന്നതിനുള്ള ഒരുടമ്പടിക്കു ലോകബാങ്കു് അധികൃതർ ഒപ്പുവച്ചിരിക്കുന്നു.

—നിയോഗിക്കമ്മിററിയുടെ ശുപാർശകൾ നടപ്പാക്കണമെന്നു മദ്ധ്യപ്രദേശ്ഗവമ്മെൻറു് ആവശ്യപ്പെട്ടിട്ടില്ലെന്നും, അതിന്മേൽ എന്തെങ്കിലും നടപടിയെടുക്കണമെന്നു് കേന്ദ്രഗവമ്മെൻറു് കരുതുന്നില്ലെന്നും ആഭ്യന്തരമന്ത്രി ലോക്സഭയിൽപ്രസ്താവിച്ചിരിക്കുന്നു.

—ജനുവരി 2 മുതൽ 9 വരെ തീയതികളിൽ ഇൻഡോറിൽവച്ചു് ഒരു അഖിലേന്ത്യാ കന്നുകാലി-കോഴിവളത്തൽ പ്രദശ്നം നടത്തുന്നതാണു്. വിജയികൾക്കു 25000 ക. പണമായി നൽകുന്നതിനു പുറമെ വെള്ളിക്കപ്പുകളും മററു സമ്മാനങ്ങളും നൽകുന്നതാണു്.

—ഇൻഡ്യൻ നാഷനൽ കോൺഗ്രസിൻെറ 62-ാംസമ്മേളനം പുതുവത്സരദിനം ഗ്വാളിയോറിൽ വെച്ചു ആരംഭിച്ചിരിക്കുന്നു.

—അമേരിക്ക, ക്യാനഡാ ഈ രാജ്യങ്ങൾ സന്ദർശിക്കുന്നതിനു പുറപ്പെട്ടിരുന്ന പ്രധാനമന്ത്രി നെഹ്റു തിരിച്ചെത്തിയിരിക്കുന്നു. യാത്രാമദ്ധ്യേ ബ്രി. പ്രധാനമന്ത്രി ഈഡനുമായും പശ്ചിമജമ്മൻചാൻസലർ അഡനോവറുമായും അദ്ദേഹം സംഭാഷണം നടത്തുകയുണ്ടായി.

## ഉപകാരസ്മരണ

വി. യൂദാശ്ലീഹായുടേയും, വി. റീത്തായുടേയും, വി. ഫിലോമിനായുടേയും, വി. പത്താംപീയൂസിൻെറയും, മററു പല പുണ്യവാന്മാരുടേയും പുണ്യവതികളുടേയും മാദ്ധ്യസ്ഥത്താലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

എ. വി. പ

—22,13,000 ഡോളർ വിലയ്ക്കു കൂടി അമേരിക്കൻ ഗോതമ്പോ ഗോതമ്പുമാവോ വാങ്ങുന്നതിനു യു. എസ്. കാർഷികവകുപ്പു് ഇന്ത്യാ ഗവമ്മെൻറിനെ അധികാരപ്പെടുത്തിയിരിക്കുന്നു.

—അടുത്ത തിരഞ്ഞെടുപ്പിൽ അഖിലേന്ത്യാ റേഡിയോവിലൂടെ തെരഞ്ഞെടുപ്പു പ്രക്ഷേപണങ്ങൾ നടത്തുവാൻ രാഷ്ട്രീയനേതാക്കന്മാരെ അനുവദിക്കുന്നതല്ലെന്നു് മന്ത്രി ഡോക്ടർ കേസ്കർ ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—അഖിലേന്ത്യാ മെഡിക്കൽ കോൺഫറൻസിൻെറ 33-ാമതു സമ്മേളനം തിരുവനന്തപുരത്തുവച്ചു കേരളഗവണ്ണർ ഉൽഘാടനം ചെയ്തിരിക്കുന്നു. അസോസിയേഷൻെറ പുതിയ പ്രസിഡണ്ടു് ഡോക്ടർ താക്കറാണു് കോൺഫറൻസിൽ ആദ്ധ്യക്ഷംവഹിച്ചതു്.

—വിദ്യാഭ്യാസഡയറക്ടറായിരുന്ന മി. സുന്ദരരാജനായിഡുവിനു തൃശ്ശൂർ ഡിസ്ത്രിക്ടിലെ മാനേജർമാരും അദ്ധ്യാപകന്മാരുംചേന്നു് ഹൃദ്യമായ ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

പ്യാരി (REGD)
ഔഷധസോപ്പ്
ചമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

—പാക്കിസ്ഥാനിലെ ഇന്ത്യൻ ഡെപ്യൂട്ടിഹൈക്കമ്മീഷണറായ ശ്രീ എൻ. വെങ്കിടേശറാവുവിനെ മലയായിലേയും സിങ്കപ്പൂരിലേയും ഇന്ത്യൻ കമ്മീഷണറായി നിയമിച്ചിരിക്കുന്നു.

—ഒറീസായിലെ ഹിരാക്കുഡ് അണക്കെട്ടുപദ്ധതി ജനുവരി 13-ാം തീയതി പ്രധാനമന്ത്രി ഉൽഘാടനം ചെയ്യുന്നതാണു്.

—ലോക്സഭയും രാജ്യസഭയും ഡിസമ്പർ 22-ാംനു അനിശ്ചിതകാലത്തേക്കു നീട്ടിവച്ചിരിക്കുന്നു.

—പൂനാ പേപ്പൽസെമ്മിനാരി റെക്ടർ വെരി റവ. ഫാദർ ജോൺ ആൻകട്ടു് എസ്. ജെ. തൽസ്ഥാനം ഒഴിയുകയും പകരം വെരി റവ. ഫാദർ ലോറൻസ് ഫെർണാണ്ടസ് ഡിസമ്പർ 28-ാംനു റെക്ടറായി ചാർജെടുക്കുകയും ചെയ്തിരിക്കുന്നു.

ഭാരത യൂണിയൻ ബേങ്ക് ലിമിററഡ്, തൃശ്ശിവപേരൂർ
(ESTD: 1932)
തിരു-കൊച്ചി ഗവമ്മേണ്ടിൽനിന്നു് 16-10-56-ലെ D. Dis. Ins. 3-12014/56 നമ്പ്രായി സിദ്ധിച്ച അനുവാദപ്രകാരം തുടങ്ങുന്ന
പുതിയ മാസക്കുറി
111 നറക്കു്. നറക്കൊന്നുക്കു് 100ക. ആകെ സല 11,100ക.
ഒന്നാമത്തെ നറക്കെടുപ്പു്: 1957 ജനുവരി 12-ാംനു (1132 ധനു 28-ാംനു)
കുറിയിൽ കുറഞ്ഞതു് 1/32 (3ക. 2ണ യുടെ) വീതംവരെ ചേരാവുന്നതാണു്.
കൂടുതൽ വിവരങ്ങൾക്കു് ബാങ്കാപ്പീസിൽ അന്വേഷിക്കുക.
തൃശ്ശൂർ, 5-12-1956. പി. ടി. മനുവേൽ, മാനേജിംഗ് ഡയരക്ടർ

# റിബണില്ലാത്ത ടൈപ്പ്റൈറ്റർ

(ഫാദർ ജോസഫ് പുതിയാപറമ്പിൽ. ബി. എ.)

നാല്പത്തിരണ്ടാമത്തെ വയസ്സിൽ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട ജോസ് കാഴ്ചയുടെ മാഹാത്മ്യത്തെപ്പററി ലോകത്തിനു ഒരു ദൗത്യം നൽകുന്നതിനു നിശ്ചയിച്ചു. ശ്രോതാക്കളെ കാണാൻ നിവൃത്തിയില്ലാത്ത താൻ എപ്രകാരം അവരോടു പ്രസംഗിക്കും. കടലാസ്സിൽ കുറിക്കുന്നതു് കാണാൻ സാധിക്കാത്ത താൻ എപ്രകാരം അതേപ്പററി എഴുതുന്നതിനു തൂലിക കൈയിലെടുക്കും? ഏതായാലും ഈ സദുദ്യമത്തിൽനിന്നും പിൻമാറുന്നതു ശരിയല്ലായെന്നു നിശ്ചയിച്ചു ടൈപ്പ്റൈററർമൂലം കടലാസിൽ തന്റെ ആശയങ്ങൾ രേഖപ്പെടുത്തുന്നതിനു നിശ്ചയിച്ചു മേശയെ സമീപിച്ചു. ഒരു കൊല്ലം മുഴുവൻ ടൈപ്പുചെയ്തതിനുശേഷം തന്റെ പ്രയത്നം എത്ര സഫലമായി എന്നറിയുന്നതിനു സ്നേഹിതൻ ടോമിയോടു ടൈപ്പുചെയ്തതു വായിക്കുവാൻ ജോസ് ആവശ്യപ്പെട്ടു. ടോമി കടലാസ്സുകൾ മറിച്ചുനോക്കി. അവയിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. കാരണം ആരായുന്നതിനു ടോമി ടൈപ്പ്റൈററർ മെഷിനെ സമീപിച്ചു. അവിടെ കണ്ട കാഴ്ച അയാളെ കണ്ണുനീർ പൊഴിപ്പിക്കുന്നതിനു കാരണമാക്കി. ജോസ് ഒരു വർഷം മുഴുവൻ ribbon (പിത്ത) ഇല്ലാതെയാണു് ടൈപ്പുചെയ്തതു്. തന്റെ തെററിനെയോർത്തു ജോസ് വിങ്ങിക്കരഞ്ഞു ഇതുപോലെ കഴിഞ്ഞകൊല്ലം മുഴുവൻ എത്രയോ മനുഷ്യർ ദൈവാനുഗ്രഹമാകുന്ന ribbon ഇല്ലാതെ മനുഷ്യശരീരത്തിലെ അവയവങ്ങളാകുന്ന ടൈപ്പ്റൈററർകൊണ്ടു എന്തെല്ലാം പ്രവൃത്തികൾ ചെയ്തു? എന്നാൽ അവയെല്ലാം വിഫലങ്ങളായിത്തീർന്നില്ലേ? ഒന്നുകൂടി ടൈപ്പുചെയ്യുന്നതിനു സ്രഷ്ടാവായ ദൈവം ഒരു വത്സരംകൂടി തന്നിരിക്കുന്നു. മുൻകൊല്ലത്തെ നമ്മുടെ പ്രവൃത്തികൾ ആത്മാർത്ഥതയും സ്നേഹവും നിറഞ്ഞവയായിരുന്നോ? ആധുനികലോകം അവയെ പുറംതള്ളിയിരിക്കുന്നു. ചെററക്കുടിലുകളിലും ആകാശത്തിലെ വെൺമേഘങ്ങളിലും മാടപ്രാവുകളിലും പിഞ്ചുകുഞ്ഞുങ്ങളുടെ അധരങ്ങളിലും ഇളംതെന്നലിൽ പുഷ്പങ്ങളുടെ നൃത്തത്തിലും അതു് സ്ഥലം പിടിച്ചിരിക്കുന്നു. മനുഷ്യരിൽ ഭൂരിപക്ഷവും തങ്ങളുടെ ഹൃദയങ്ങളിൽ അവയ്ക്കു സ്ഥലം അനുവദിക്കുന്നില്ല.

കാലവൃക്ഷശിഖരത്തിൽനിന്നും വത്സരകുസുമം ഒന്നടന്നുവീണിരിക്കുന്നു. തൽസ്ഥാനത്തു അതാ വേറൊരു കുസുമം വികസിക്കുകയും ചെയ്യുന്നു. മാനവലോകമേ, നിനക്കു ലഭ്യമായിരിക്കുന്ന ഈ വത്സരപുഷ്പത്തിലെ ദിനങ്ങളാകുന്ന ദളങ്ങൾ നീ എപ്രകാരമുപയോഗിക്കുവാനുദ്ദേശിക്കുന്നു? ആ ദളങ്ങളിൽ പററിപ്പിടിച്ചിരിക്കുന്ന മധു ഊററിക്കുടിക്കുവാൻ ശത്രു സമീപിച്ചേക്കാം. അതിനു അവസരം നീ കൊടുക്കരുതു്. 1956-ാമാണ്ടു് കഴിഞ്ഞു. അതു് തിരിച്ചെടുക്കുക സാദ്ധ്യമല്ല. പ്രഭാപൂരിതവും ശാന്തിസമ്പന്നവുമായ ഒരു അന്തരീക്ഷം അന്നു സൃഷ്ടിക്കാൻ നമുക്കു സാദ്ധ്യതയുണ്ടായിരുന്നിട്ടും അതു ചെയ്തില്ലെങ്കിൽ ഖേദിക്കേണ്ടാ. ഇപ്പോൾ കിട്ടിയിരിക്കുന്ന സുവർണ്ണാവസരം ശരിയായി വിനിയോഗിക്കുക. അങ്ങനെ ഈ നവവത്സരം നമ്മുടെ ജീവിതത്തിലെ ഒരു പരിവർത്തനാവസരം ആയിത്തീരട്ടെ. ഈ യാത്രയിൽ നമ്മുടെ മാർഗ്ഗദർശിയായി തെരഞ്ഞെടുക്കേണ്ടതു നമ്മുടെ വഴിയും സത്യവും ജീവനുമായിത്തീരുന്നതിനു ക്രിസ്തുമസ് രാത്രിയിൽ അവതീർണ്ണനായ യേശുമിശിഹാ ആയിരിക്കണം. അവിടുത്തെ പ്രബോധനങ്ങൾ അനുസരിച്ചും അവിടുത്തെ പ്രവൃത്തികൾ അനുകരിച്ചും ജീവിച്ചാൽ മാത്രമേ സ്വർഗ്ഗത്തിലെത്തിച്ചേരുവാൻ സാധിക്കയുള്ളൂ.

കടൽത്തീരത്തു മണ്ണുവാരി കളിച്ചുകൊണ്ടിരുന്ന ഒരു ബാലനു പാറക്കല്ലുകൾ നിറഞ്ഞ സഞ്ചികിട്ടി. അവയിൽ ഓരോന്നെടുത്തു അവൻ ജലത്തിലേക്കു എറിഞ്ഞു. അവസാനം കുറച്ചുമാത്രം ശേഷിച്ചപ്പോൾ അവൻ സഞ്ചിക്കുള്ളിലേക്കു നോക്കി. അത്ഭുതമേ, നിരാശനായി അവൻ ബോധംകെട്ടു വീണു. "വജ്റക്കല്ലുകൾ! മുത്തുമണികൾ!" എന്നു ബോധം തെളിഞ്ഞപ്പോൾ അവൻ വിളിച്ചുപറഞ്ഞു. അതേ, വലിച്ചെറിഞ്ഞവ വിലപ്പിടിപ്പുള്ള രത്നക്കല്ലുകളായിരുന്നു. സമുദ്രത്തിന്റെ അഗാധത്തിലേക്കു മുങ്ങി അവ വീണ്ടെടുക്കണമെന്നു അവൻ വിചാരിച്ചു. പക്ഷേ ആ പ്രയത്നം പരാജയത്തിലേ കലാശിക്കയുള്ളുവെന്നു് അവനു അറിയാമായിരുന്നു. "ആ കല്ലുകൾ ശരിയായി വിനിയോഗിച്ചിരുന്നെങ്കിൽ ഞാൻ എത്ര ഭാഗ്യവാനാകുമായിരുന്നു" എന്നു അവൻ ആത്മഗതം ചെയ്തു. ഈ ബാലനു സദൃശരാണു് നമ്മിൽ പലരും. 365 മുത്തുമണികൾ നിറഞ്ഞതും 1956 എന്ന നമ്പരുള്ളതുമായ ഒരു സഞ്ചി ദൈവം നമ്മെ ഏല്പിച്ചു. നാം ആ മുത്തുകൾ ശരിയായി ഉപയോഗിച്ചിരുന്നെങ്കിൽ ആ ബാലനെപ്പോലെ നിരാശപ്പെടേണ്ടിവരികയില്ലായിരുന്നു. ആ ബാലനു സഞ്ചിയുടെ അടിഭാഗത്തു ശേഷിച്ചിരുന്ന മുത്തുമണികളെങ്കിലും ഉപയോഗിക്കുന്നതിനു സാധിച്ചതുപോലെ ദൈവം നമുക്കു തന്നിരിക്കുന്ന 1957-ാം വത്സരം ശരിയായി ചെലവഴിക്കാം. നമുക്കു കവിശ്രേഷ്ഠനോടുകൂടി പാടാം:

> Last year is a cancelled cheque, don't cash it,
> Next year is a promissory note, don't sign it,
> This year is ready cash, spend it wisely.

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്,
താരൻ, മുഖക്കുരു
മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

# പുസ്തകാഭിപ്രായം

## "മാർഗ്ഗദീപം"

(അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി 19-ാംനമ്പർ)

ലോകത്തിനു ഇന്നു ഏററവും ആവശ്യമായിട്ടുള്ളതു് കുറെ പുണ്യവാന്മാരാണ്. പുണ്യവാന്മാർ എന്ന പദംകൊണ്ടു അസാധാരണ താപസജീവിതം നയിക്കയും അത്ഭുതം പ്രവർത്തിക്കയും ചെയ്യുന്നവരെയല്ല, പ്രത്യുത സുവിശേഷപാഠങ്ങളനുസരിച്ചു സാമാന്യജീവിതം നയിക്കുന്ന ഉത്തമക്രിസ്ത്യാനികളെയാണ് ഇവിടെ വിവക്ഷിക്കുന്നതു്; നാമമാത്രക്രിസ്ത്യാനികൾ ഇപ്പോൾ കോടിക്കണക്കിനുണ്ടു്. പേരിലും മതാചാരങ്ങളിലും അന്യമതസ്ഥരിൽനിന്നു ഇവർ വ്യത്യസ്തരാണെങ്കിലും ഇതരസംഗതികളിൽ മററുള്ളവരെക്കാൾ വലിയ മെച്ചമായി കാണപ്പെടുന്നില്ല. സജ്ജീവിതവൈശിഷ്ട്യത്താൽ ലോകത്തിനു പ്രകാശം നൽകി അജ്ഞാനാന്ധകാരം നീക്കേണ്ടവരിൽ പലരും ഇരുട്ടിനെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നതെന്നു തോന്നിപ്പോകുന്നു. അതു ദുർമ്മനസ്സുകൊണ്ടു് എന്നതിനേക്കാൾ അജ്ഞതകൊണ്ടാണെന്നു വേണം പറയാൻ. അഭ്യസ്തവിദ്യരായ ചില കത്തോലിക്കർപോലും തങ്ങൾ എന്തെല്ലാമാണ് വിശ്വസിക്കേണ്ടതു്, അതിനുള്ള ന്യായമെന്താണു്, സന്മാർഗ്ഗികനിയമാനുസരണം എന്തെല്ലാം ചെയ്യാം, എന്തെല്ലാം പാടില്ല എന്നുള്ളവയെക്കുറിച്ചു വലിയ നിശ്ചയമില്ല.

ഈ ദുരവസ്ഥയ്ക്കുള്ള ഉത്തമമായ പരിഹാരമാർഗ്ഗമാണ് അദ്ധ്യയനമണ്ഡലം, (Study Circle) ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ടു തിരുമനസ്സിലെ പ്രോത്സാഹനത്തോടുകൂടി ബ. നടയ്ക്കലച്ചൻ സമാരംഭിച്ചിട്ടുള്ള അദ്ധ്യയന മണ്ഡലപ്രസ്ഥാനത്തെക്കുറിച്ചു പലരും കേട്ടിരിക്കുമല്ലോ. അതിന്റെ ആവശ്യത്തിലേക്കായി ഒന്നരക്കൊല്ലംകൊണ്ടു ഇരുപതു വിശിഷ്ട ചെറുഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ടു്. അവയിൽ സർവ്വപ്രാധാന്യമർഹിക്കുന്ന ഒന്നാണ് മാർഗ്ഗദീപം.

അദ്ധ്യയനമണ്ഡലം വഴിയായി നിത്യസത്യങ്ങളെക്കുറിച്ചു ലഭിക്കുന്ന ജ്ഞാനം ആത്മവിശുദ്ധീകരണത്തിനായി ഉപയോഗിച്ചെങ്കിൽ മാത്രമേ അതുകൊണ്ടു പറയത്തക്ക പ്രയോജനം ഉണ്ടാകുകയുള്ളൂ. പ്രസ്തുത വിശുദ്ധീകരണം എങ്ങനെയാണ് സാധിക്കേണ്ടതെന്നു വിശദമായി കാണിച്ചുതരുകയാണ് മാർഗ്ഗദീപം ചെയ്യുന്നതു്.

മാർഗ്ഗദീപം, Soul of the Apostolate അഥവാ പ്രേഷിതജീവൻ എന്ന വിശ്വവിഖ്യാതമായ ഗ്രന്ഥത്തിന്റെ ചുരുക്കമാണ്. വി. പത്താംപീയൂസ് മാർപ്പാപ്പാ ഒരു മാറാസഖിയായി എപ്പോഴും കൂടെ കൊണ്ടുനടന്നു വായിച്ചിരുന്ന ഒരു പുസ്തകമാണതു്. അദ്ദേഹത്തെ ഒരു പുണ്യവാനാക്കാൻ ആ ഗ്രന്ഥം ഗണ്യമായി സഹായിച്ചിട്ടുണ്ടു്. അതെല്ലാവരും വായിച്ചുകാണുവാൻ അദ്ദേഹം ആഗ്രഹിച്ചുമിരുന്നു. ഇതിനകം ഇരുനൂറിലധികം ഭാഷകളിലേക്കു അതു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ളതുതന്നെ അതിന്റെ വൈശിഷ്ട്യത്തെ വിളിച്ചറിയിക്കുന്നുണ്ടല്ലോ.

ഏതൊരു കത്തോലിക്കാപ്രവർത്തനവും ശാശ്വതമായ സൽഫലം പുറപ്പെടുവിക്കണമെങ്കിൽ അതു നടത്തുന്നയാൾ ആന്തരികജീവിതത്താൽ ദൈവത്തോടു യോജിച്ചിരിക്കേണ്ടതാണെന്നു ഗ്രന്ഥകർത്താവായ ദോം ഷത്തോർ ശക്തിയുക്തം തെളിയിച്ചിട്ടുണ്ടു്. ആന്തരികജീവിതം നയിക്കുന്നതിനും തദ്വാര പുണ്യവാന്മാരായി തീരുന്നതിനും വേണ്ട പല പ്രായോഗികനിർദ്ദേശങ്ങളും മാർഗ്ഗദീപത്തിലടങ്ങിയിട്ടുണ്ടു്.

ലോകത്തിന്റെ ഇന്നത്തെ ഏററവും വലിയ ആവശ്യമായ പുണ്യവാന്മാരെ ഉല്പാദിപ്പിക്കുന്നതിനു ഈ ചെറുഗ്രന്ഥം ഗണ്യമായി സഹായിക്കുമെന്നതിനു രണ്ടുപക്ഷമില്ല. സകല കത്തോലിക്കരും അതു വായിച്ചിരിക്കേണ്ടതാണ്.

165 പേജുള്ള പ്രസ്തുത "മാർഗ്ഗദീപം" വെറും 7 ണ വിലയ്ക്കു മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിൽ നിന്നും ലഭിക്കുന്നതാണ്.

(റവ. ഫാ. ഔറേലിയൂസ് ടി. ഒ. സി. ഡി., ബി ഏ എൽ ടി)

—○—

## കൃതജ്ഞത

വി. പത്താംപീയൂസിന്റെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരു രോഗശാന്തി ലഭിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം

അന്നമ്മ ജോസഫ്,
കുറവിലങ്ങാട്ട്



**For Favours Received**

V. M. Manimooly

തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി

ബ: കേരള ഗവമ്മെണ്ടിൽനിന്നും സിദ്ധിച്ച D. Dis. Ins. 3-12216/56 നമ്പ്ര് ഓർഡർ അനുസരിച്ചു തുടങ്ങുന്ന

പുതിയ മാസക്കുറി

111 നറുക്ക്. നറുക്ക് 1 ക്ക് 100 ക. 11100 ക. സല

ആദ്യനറുക്കെടുപ്പ്:— 1957 ഫെബ്രുവരി 11-ാംനു-

കുറിയിൽ കുറഞ്ഞതു് 1/32 നറുക്ക് (3ക. 2 ണയുടെ വീതം) വരെ ചേരാവുന്നതാണ്.

കൂടുതൽ വിവരത്തിനും അപേക്ഷാഫാറത്തിനും കുറിയാപ്പീസിൽ ആവശ്യപ്പെടുക:-

TRICHUR, 15-11-1956 ) VICAR & TRUSTEE ) THE LOURDES CHURCH KURI OFFICE

നിങ്ങൾ ആഗ്രഹിക്കുന്ന നല്ല സാധനങ്ങൾക്കുവേണ്ടി

പണം കരുതി വെയ്ക്കുന്നതെങ്ങിനെ

നിങ്ങൾ വാങ്ങിക്കുവാൻ ആഗ്രഹിക്കുന്ന പുതിയ വസ്ത്രങ്ങൾ, വീട്ടു സാമാനങ്ങൾ മുതലായവയ്ക്കു വേണ്ടി ഇന്നുതന്നെ പണം കരുതി വയ്ക്കുവാൻ ആരംഭിക്കുക. വെറും അഞ്ചു രൂപാകൊണ്ട് നിങ്ങൾക്ക് പാലാ സെൻട്രൽ ബാങ്കിൽ ഒരു സേവിംഗ്സ് കണക്കു തുടങ്ങാം. പിന്നീട് എത്ര ചെറിയ സംഖ്യവേണമെങ്കിലും കണക്കിൽ ചേർക്കാം. നിക്ഷേപിക്കുന്ന ഓരോ അണയ്ക്കും നല്ല പലിശ ലഭിച്ചുകൊണ്ടിരിക്കും.

നിങ്ങളുടെ ആഗ്രഹം അനുസരിച്ച് ഒരു ബ്രാഞ്ചിൽ നിന്നും മറെറാന്നിലേക്ക് സേവിംഗ്സ് കണക്ക് മാററാം; അല്ലെങ്കിൽ നൂറു രൂപാമുതൽ മേല്പോട്ടുള്ള സംഖ്യകൾ കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിര നിക്ഷേപമായി ഇടാം.

വിശദ വിവരങ്ങൾക്കു "സേവിംഗ്സ് കണക്കുകൾ തുടങ്ങുന്നതെങ്ങിനെ" എന്ന ഞങ്ങളുടെ ലഘുഗ്രന്ഥത്തിന് എഴുതുക.

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ്: പാലാ

തിരുവിതാംകൂർ–കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

PC. 2197

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്

ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം. മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | " | 39,47,506—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ. പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
4. " തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
5. " കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. " തോമസ് ററി. കുടിയാളൂശ്ശേരിൽ (മാനേജിംഗ് ഡയറക്ടർ)

# ചോദിച്ചാൽ പറയാം

55. ചോ: കുറച്ചുദിവസങ്ങൾക്കുമുൻപു ഞാൻ രണ്ടു ചോദ്യങ്ങൾ അയച്ചിരുന്നു. അതിൽ പിന്നീടു മൂന്നു ലക്കങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടും എന്റെ ചോദ്യങ്ങൾക്കു മറുപടി തരാതിരുന്നതെന്താണു്?

(വി. ററി. തോമ്മസ് വെച്ചൂച്ചിറ)

ഉ: നിങ്ങളുടെ ചോദ്യങ്ങൾ ഇവിടെ കിട്ടുന്നതിനു മുൻപു കിട്ടിയ അഞ്ഞൂറോളം ചോദ്യങ്ങൾ ഇനിയും മറുപടി പറയേണ്ടതായിട്ടുണ്ടു്. ഇവയിൽ പലതും മുൻപു് ഉത്തരം പറഞ്ഞ ചോദ്യങ്ങളുടെ ആവത്തനങ്ങളും, ചിലതു ചെറിയ വേദോപദേശം നോക്കിയാൽ പെട്ടെന്നു മനസ്സിലാക്കാവുന്നതും, മററു ചിലതു സ്വന്തം കുമ്പസാരക്കാരനോടു ചോദിച്ചറിയാവുന്നതുമാണു്. അവയ്ക്കു ഈ പംക്തിയിൽ മറുപടി പറയുന്നതല്ല. എന്നാൽതന്നേയും പല ചോദ്യങ്ങൾക്കും ഇനി മറുപടി പറയേണ്ടതായിട്ടുണ്ടു്. ശരാശരി സത്യദീപത്തിന്റെ 4 കോളം ഈ പംക്തിക്കായി വിനിയോഗിക്കുന്നുണ്ടു്. അതിൽ കൂടുതൽ പത്രസ്ഥലം ഉപയോഗപ്പെടുത്തുന്നതു് മററു വിഷയങ്ങളോടും എഴുത്തുകാരോടും നീതി കാണിക്കുകയായിരിക്കുകയില്ലല്ലോ. അതുകൊണ്ടു് ചോദ്യകത്താക്കൾക്കു ഉടനുടൻ മറുപടി ലഭിക്കുന്നില്ലായെന്നു കരുതി അവർ അക്ഷമരാകരുതെന്നു് അപേക്ഷയുണ്ടു്.

56. ചോ: ഒൻപതാംപീയൂസ് മാർപ്പാപ്പായുടെ ശവക്കല്ലറ തുറന്നപ്പോൾ വെൽവററു മടിശീലയിൽ 96 നാണയങ്ങൾ മൃതശരീരത്തോടുകൂടി ഉണ്ടായിരുന്നതായി "സത്യദീപ"ത്തിൽ കണ്ടു. എന്തിനാണു മടിശീലയിൽ 96 നാണയങ്ങൾ വെച്ചിരുന്നതു്?

(പി. വി. ഒ. കണ്ടശാങ്കടവു്)

ഉ: മൃതശരീരത്തോടുകൂടി നാണയങ്ങൾ അടക്കംചെയ്യുക പേപ്പൽ ശവസംസ്കാരത്തിലെ അവശ്യചടങ്ങൊന്നുമല്ല. 9-ാംപീയൂസ് മാർപ്പാപ്പാ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനെന്നപോലെ പേപ്പൽസ്റ്റേററുകളുടെ ഭരണാധികാരിയുമായിരുന്നു. തിരുമനസ്സിലെ 32 കൊല്ലത്തെ ഭരണകാലത്തു് സ്വർണ്ണത്തിലും വെള്ളിയിലും ഓടിലും പുറപ്പെടുവിച്ചിരുന്ന നാണയങ്ങളിൽ ഓരോന്നു മൂന്നു വെൽവെററു മടിശീലകളിലാക്കി മൃതശരീരത്തോടുകൂടി വെക്കുകയായിരുന്നു. ഈ നാണയങ്ങളിൽ തിരുമനസ്സിലെ പേരും ആണ്ടും മുദ്രണം ചെയ്തിരുന്നു. ഒരു കാലത്തു് കുഴിമാടം തുറന്നുനോക്കുമ്പോൾ, മൃതശരീരം ആരുടേതെന്നു അവിതക്കിതമായി മനസ്സിലാക്കുന്നതിനു ഈ മുൻകരുതൽ സഹായിക്കുന്നുണ്ടല്ലോ.

മാർപ്പാപ്പാമാരുടെ ലൗകികാധികാരം നഷ്ടപ്പെട്ടിരുന്ന കാലങ്ങളിൽ അവർ നാണയങ്ങൾ പുറപ്പെടുവിച്ചിരുന്നില്ലാ; എന്നാൽ ഓരോ വിശേഷാവസരങ്ങൾ പ്രമാണിച്ചു മെഡലുകൾ മുദ്രണംചെയ്തിരുന്നു. പതിമൂന്നാം ലെയോ, പത്താംപീയൂസ്, പതിനഞ്ചാംബെനദിക്തൊസ് മുതലായ മാർപ്പാപ്പാമാരുടെ മൃതശരീരങ്ങളോടുകൂടെ അവരുടെ കാലത്തെ മെഡലുകൾ നിക്ഷേപിച്ചിട്ടുണ്ടു്.

റോമാനഗരത്തിലെപ്പോലെ വളരെയധികം മാർപ്പാപ്പാമാരും വൈദികമേലദ്ധ്യക്ഷന്മാരും സംസ്കരിക്കപ്പെട്ടിരിക്കുന്ന ഒരു നഗരത്തിൽ, തിരിച്ചറിയുന്നതിനു പററിയ ഇത്തരം എന്തെങ്കിലും മുൻകരുതൽ ഉള്ളതു, മൂന്നോ നാലോ നൂററാണ്ടു കഴിയുമ്പോൾ, ഏതെങ്കിലും കുഴിമാടത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്നതു് ആരാണെന്നു തിരിച്ചറിയുന്നതിനു വളരെ സഹായിക്കുന്നതാണല്ലോ. വിവാദകുഴിമാടത്തിൽ 9-ാംപീയൂസിന്റെ കാലത്തെ 96 നാണയങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു്, ആ കുഴിമാടം 9-ാംപീയൂസിന്റേതുതന്നെയാണെന്നു മററു തെളിവുകൾ നോക്കാതെതന്നെ നമുക്കു വിശ്വസിക്കാമല്ലോ.

57. ചോ: വേദനയില്ലാത്ത പ്രസവമെന്ന സമ്പ്രദായത്തെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അംഗീകരിച്ചതിൽനിന്നു് കത്തോലിക്കാസഭ ക്രമേണ കമ്മ്യൂണിസത്തോടു അടുത്തുവരുന്നതായി വിശ്വസിക്കാമോ?

(പി. ജെ. എം., പാലാ)

ഉ: ചോ: ചോദ്യകത്താവിനു് ഈ സംശയമെങ്ങനെയുണ്ടായി എന്നു് അത്ഭുതപ്പെടാതെ തരമില്ല. വേദനയില്ലാത്ത പ്രസവവും കമ്മ്യൂണിസവും ആയി എന്തോ അഭേദ്യബന്ധമുള്ളതുപോലെ അദ്ദേഹം ധരിച്ചുവെച്ചിരിക്കുന്നതായി തോന്നുന്നു. ആദ്യംതന്നെ അവ തമ്മിൽ മോരും മുതിരയുംപോലുള്ള ബന്ധമില്ലെന്നു വ്യക്തമാക്കിക്കൊള്ളട്ടെ.

പ്രസവം വേദനയില്ലാതാക്കിത്തീക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി പ്രാചീനകാലം മുതൽതന്നെ ഡോക്ടർമാർ അന്വേഷണം നടത്തിക്കൊണ്ടിരുന്നു. 1874-ൽ ഡോക്ടർ ജയിംസ് സിംപ്സൺ ആവിഷ്കരിച്ച പദ്ധതിക്കു് ആദ്യകാലത്തു കുറേ എതിർപ്പുണ്ടായെങ്കിലും, ഇംഗ്ലണ്ടിലെ വിക്ടോറിയാ മഹാരാജ്ഞി അതു സ്വീകരിച്ചതുപോലെ ഏതാണ്ടു സാവ്വത്രികമായിത്തീന്നു. 'Analgesia a la Renie" എന്നറിയപ്പെടുന്ന ഈ പദ്ധതി, ക്ലോറോഫോം മുതലായ ഔഷധങ്ങൾ ഗർഭിണിക്കു നൽകി വേദന അറിയുന്നതിൽനിന്നും അവളെ മുക്തയാക്കുകയെന്നതായിരുന്നു. മോർഫിൻ, സ്കോപ്പോലാമിൻ എന്നീ മരുന്നുകൾ നൽകി ഗർഭിണികളെ അർദ്ധനിദ്രാലുക്കളാക്കിത്തീക്കുന്ന ഒരു പദ്ധതി 1906-ൽ ആവിഷ്കൃതമായി. എന്നാൽ സ്വാഭാവികപ്രസവംവഴി സംജാതമാകുന്ന മാതൃ-ശിശുബന്ധം ഈ കൃത്രിമമാർഗ്ഗങ്ങൾമൂലം നഷ്ടപ്പെടുന്നുവെന്നു ഒരു ആക്ഷേപമുണ്ടു്.

ഈ കൃത്രിമത ഇല്ലാത്ത ഒരു പദ്ധതിയാണു് 1933-ൽ ഒരു ആംഗ്ലേയനായ ഡോക്ടർ ഗ്രാൻറ്ലി ഡിക്ക് റീഡ് കണ്ടുപിടിച്ചതു്. ഔഷധങ്ങൾ ഉപയോഗിക്കാതെ, ഗർഭിണിയെ ഭയത്തിൽനിന്നും വിമുക്തയാക്കുന്നതിനു പരിശീലിപ്പിക്കുകയെന്നതാണു് ഡോക്ടർ റീഡിന്റെ പദ്ധതി. അപരിഷ്കൃതജനസമുദായങ്ങളുടെ ഇടയിൽ പ്രസവം വേദനാരഹിതമായിരിക്കുന്നതു്, അവർ അതിനെ ഒരു സ്വാഭാവികസംഗതിയായി പരിഗണിക്കുന്നതുകൊണ്ടാണെന്നു അദ്ദേഹം മനസ്സിലാക്കി. അങ്ങനെ ഗർഭിണിയിൽനിന്നും ഭയത്തെ ഒഴിവാക്കി, മാംസപേശികളെ ശരിയായി നിയന്ത്രിക്കുവാൻ പരിശീലിപ്പിച്ചാൽ, പ്രസവം വേദനാരഹിതമായിരിക്കുമെന്നു് അദ്ദേഹം തെളിയിച്ചു.

## For favours received



Excuse delay
Mrs. Claramma Iype
Kochumuttam, Paingottoor.

ആംഗ്ലേയനായ ഡോക്ടർ റീഡിന്റെ പദ്ധതിയും റഷ്യാക്കാരനായ ഡോക്ടർ പവ്ലോവിന്റെ പദ്ധതിയും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. റീഡിന്റെ പദ്ധതിയെ പവ്ലോവ് സ്വല്പംകൂടി പരിഷ്കരിച്ചിട്ടുണ്ടെന്നു പറയാമെന്നേയുള്ളു. 1956 ജനുവരി 5-ാം തീയതി മാർപ്പാപ്പാ തിരുമേനി ചെയ്ത ചരിത്രപ്രസിദ്ധമായ പ്രസംഗത്തിൽ ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. "ആംഗ്ലേയനായ ഗ്രാൻറ്ലി ഡിക്ക് റീഡ് ഒരു സിദ്ധാന്തവും ഒരു സമ്പ്രദായവും പരിപൂർണ്ണമാക്കിയിട്ടുണ്ടു്; പല കാര്യങ്ങളിലും ഇതു റഷ്യൻ പദ്ധതിക്കു സമാനമായിരിക്കുന്നു. എന്നാൽ താത്വികവും ആദ്ധ്യാത്മികവുമായ അഭ്യൂഹങ്ങളിൽ അദ്ദേഹം (റഷ്യൻ പദ്ധതിയിൽനിന്നു്) വളരെയധികം ഭിന്നാഭിപ്രായക്കാരനാണു്. അദ്ദേഹത്തിന്റെ പദ്ധതി ഭൗതികവാദത്തെയല്ലാ ആധാരമാക്കിയിരിക്കുന്നതു്."

ഇതിൽനിന്നു വേദനയില്ലാത്ത പ്രസവവും കമ്മ്യൂണിസവുമായി ബന്ധമൊന്നുമില്ലെന്നു വ്യക്തമാണല്ലോ. കമ്മ്യൂണിസ്റ്റ്റഷ്യയിലെ ഒരു ശാസ്ത്രീയകണ്ടുപിടിത്തം സ്വീകാര്യമാണെന്നു മാർപ്പാപ്പാ പറഞ്ഞെന്നിരിക്കട്ടെ. അതുമൂലം കത്തോലിക്കാസഭ കമ്മ്യൂണിസത്തോടു അടുത്തുവരുന്നു എന്നു എങ്ങനെയാണു അത്ഥമാകുന്നതു്? അമേരിക്കയുടെ ഒരു കണ്ടുപിടിത്തം കമ്മ്യൂണിസ്റ്റ്റഷ്യാ അംഗീകരിച്ചാൽ, കമ്മ്യൂണിസം മുതലാളിത്തം സ്വീകരിച്ചുവെന്നു് ആരെങ്കിലും പറയുമോ?

58. ചോ: പുണ്യവാന്മാരുടെ തിരുശേഷിപ്പുകൾ കണ്ടുപിടിക്കുന്നതെങ്ങനെ? കണ്ടുപിടിച്ചാൽതന്നെ പുണ്യവാന്മാരുടെ ആണെന്നു് എങ്ങനെ നിശ്ചയിക്കും?

(കെ. എം. പി. ബാലഘട്ടു്)

ഉ: പുണ്യവാന്മാരുടെ ശാരീരികതിരുശേഷിപ്പുകൾ കണ്ടുപിടിക്കുന്നതു് അവരെ സംസ്കരിച്ചിരിക്കുന്ന കുഴിമാടങ്ങൾ തുറന്നിട്ടാണു്. ജീവിതകാലത്തു് അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളെയും അവർ പൂജ്യമായി കരുതിയിരുന്ന പദാർത്ഥങ്ങളെയും തിരുശേഷിപ്പുകളായി ഭക്തജനങ്ങൾ വണങ്ങാറുണ്ടു്. ഇത്തരം തിരുശേഷിപ്പുകളെ അവ സൂക്ഷിച്ചിരിക്കുന്ന സ്ഥലങ്ങളിൽനിന്നു ശേഖരിക്കുന്നു. കണ്ടുപിടിച്ചാൽതന്നെ പുണ്യവാന്മാരുടെയാണെന്നു് എങ്ങനെ നിശ്ചയിക്കുമെന്ന ചോദ്യത്തിനു പ്രസക്തിയില്ല. കാരണം, പുണ്യവാന്മാരുടേതു് എന്നു ഖണ്ഡിതമായി തെളിയിക്കപ്പെടാവുന്നവ മാത്രമേ തിരുശേഷിപ്പുകളായി പ്രഖ്യാപിക്കപ്പെടാറുള്ളു. അവിതക്കിതമായ തെളിവുകൾ ഇല്ലാത്തവയെ സഭ ഒരിക്കലും




സ്വീകരിക്കാറില്ല. ഏതെങ്കിലും പുണ്യവാന്റെ നാമകരണം സംബന്ധിച്ച അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ, തിരുശേഷിപ്പുകൾ ആ പുണ്യവാന്റേതല്ലായെന്നു വാദിക്കുവാൻ ആക്കും സ്വാതന്ത്ര്യമുണ്ടു്. വാദത്തിനുവേണ്ടിത്തന്നെ അങ്ങനെ വാദിക്കപ്പെടാറുമുണ്ടു്. തന്മൂലം, തിരുശേഷിപ്പുകൾ ആ പുണ്യവാന്റെയാണെന്നു അവിതക്കിതമായി തെളിയിക്കേണ്ട ബാദ്ധ്യത പോസ്ററുലേററർക്കുണ്ടാകുന്നു. അതു തെളിയിക്കുവാൻ സാധിക്കാത്ത കേസുകളിൽ തിരുശേഷിപ്പുകൾ ഒരിക്കലും അംഗീകരിക്കപ്പെടുകയില്ല.

59. ചോ: മോശയ്ക്കു ദൈവം കൊടുത്ത 9-ാമത്തെ കല്പനയിൽ "അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുതു്" എന്നു പുരുഷനെ ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നതുപോലെ എന്തുകൊണ്ടു സ്ത്രീയെ ഉദ്ദേശിച്ചും ഒരു കല്പന ദൈവം നൽകിയില്ല?

(ബി. വി. എം., ആലുവാ)

അർശ്ശസോൾ
മൂലക്കുരു
ഓപ്പറേഷൻ കൂടാതെ മാററുന്നു
4.oz. BOTTLE Rs. 3
APPLY WITH ADVANCE
VAIDYAN A. GEORGE TIRUNILATH
ST. ANTONY'S VAIDYA SALA
AMARAVATHY, FORT COCHIN.
DISTRIBUTORS: JAMES & CO, BROADWAY, ERNAKULAM.

ഉ: ദൈവം മോശയ്ക്കു കൊടുത്ത കല്പനകളിൽ പുരുഷനെ ഉദ്ദേശിച്ചു പറയുന്നതെല്ലാം സ്ത്രീക്കും ബാധകമാണു്. തന്മൂലം അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുതു് എന്ന ആജ്ഞയിൽതന്നെ "അന്യയുടെ ഭത്താവിനെ ആഗ്രഹിക്കരുതു്" എന്ന ആജ്ഞയും അടങ്ങിയിട്ടുണ്ടു്. അതിനു് ഒരു പ്രത്യേക കല്പനയുടെ ആവശ്യമില്ല.

## വിനോദവേദി




"ശ്ശോ ശ്ശോ! നിങ്ങളുടെ പലഹാരങ്ങളെല്ലാം വളിച്ചു പുഴുഅരിച്ചതായിരുന്നു. ഹായി, ഇനി എന്റെ വയറൊന്നിനും കൊള്ളാതായിരിക്കുന്നു."

"എന്തിനാ സാറെ, പണമില്ലെങ്കിലാക്കാര്യമങ്ങു പറഞ്ഞാമതിയല്ലോ, എല്ലാക്കടേലും കേറി തിൻകഴിഞ്ഞിട്ടിങ്ങനെയുള്ള അടവെടുത്തു രക്ഷപെടുന്ന സാറിന്റെ പതിവാക്കാണറിഞ്ഞുകൂടാത്തതു്"

× × ×




"ചെമ്പോത്തിക്കൊച്ചമ്മയെന്തേ ഈ അന്തിനേരത്തു് പരിഭ്രമിച്ചോടിക്കളയാനു വച്ചതു്!"

"പൊന്നേ, എന്നെ കണ്ടകാര്യം നമ്മടെ വീട്ടിലറിയിക്കല്ലേ, 200-നു് ഇന്നാളു് വാങ്ങിയ എന്റെ കിടാവിനേംകൊന്നു, ഇപ്പെനിക്കു് പാലില്ലെന്നു കണ്ടപ്പോ 15 രൂപയ്ക്കു പിടിച്ചുകൊടുക്കാനവരു് ഏപ്പാടുചെയ്തിരിക്കാ. കടന്നുകളയാതെന്താ ചെയ്യും, കുട്ടപ്പച്ചാരൊന്നു പാഞ്ഞെ!"

ശരിയായ സ്ഥാപനത്തിന്റെ പേരു് "കാളൻ" എന്ന 3 അക്ഷരംകൊണ്ടും
ശരിയായ സ്ഥാപനത്തിന്റെ വിലാസം "കാളൻ, നെല്ലായി" എന്ന 6 അക്ഷരംകൊണ്ടും പൂത്തിയാവുന്നു.
3 അക്ഷരത്താൽ സ്ഥാപനത്തിന്റെ പേരും; 6 അക്ഷരത്താൽ സ്ഥാപനത്തിന്റെ വിലാസവും പൂത്തിയാവുന്ന
സാക്ഷാൽ "കാളൻ"
സോപ്പുണ്ടാക്കുകയോ, സോപ്പു് വില്ക്കുകയോ ചെയ്യുന്നില്ലെന്നും, സാക്ഷാൽ കാളൻ സ്ഥാപനം വകയായി
നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം
എന്നീ മൂന്നു സിദ്ധൗഷധങ്ങൾ മാത്രമേയുള്ളു എന്നുമുള്ള വിവരങ്ങൾ അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ വേണ്ടി പ്രത്യേകം ഓർമ്മയിൽ വെക്കേണ്ടതാണു്.
ഫോൺ: അളഗപ്പനഗർ 542.
ടെലിഗ്രാം: "കാളൻ" അളഗപ്പനഗർ.
കാളൻ, നെല്ലായി (S. India)

# എത്യോപ്യൻസഭയും യാക്കോബായസഭയും

## ഇവ തമ്മിലുള്ള ഐക്യം അഭിലഷണീയമോ?

(ഫാദർ തോമസ് വടശ്ശേരി എൽ. ഡി.)

(തുടർച്ച)

"എത്യോപ്യൻസഭ സംശയരഹിതമായി എവുത്തിക്കോസിന്റെ ഏകസ്വഭാവവാദം സ്വീകരിക്കുന്നു. മരിച്ചവരിൽ നീതിമാന്മാരുടെ ആത്മാക്കൾ അവസാനവിധിസമയംവരെ ഭൗമികപറുദീസായിൽ (അബ്രഹാമിന്റെ മടിയിൽ) വസിക്കുന്നെന്നും, ദുഷ്ടന്മാരുടെ ആത്മാക്കൾ ഭൂമിക്കടിയിലോ, സമുദ്രാന്തർഭാഗത്തോ ബന്ധിക്കപ്പെട്ടിരിക്കുന്നെന്നും ഇവർ വിശ്വസിക്കുന്നു......കന്യകമറിയത്തോടുള്ള ഭക്തി ഇവരിൽ വളരെ വർദ്ധിച്ച് അന്ധവിശ്വാസപരമായ ചടങ്ങുകളിൽ പര്യവസാനിച്ചതിന്റെ ഫലമായി മറിയത്തെ മിക്കവാറും ദൈവത്തെപ്പോലെ ഇവർ ആക്കിയിരിക്കയാണ്.

"എത്യോപ്യൻസഭ മററു ക്രൈസ്തവസഭാവിഭാഗങ്ങൾ സ്വീകരിക്കാത്ത പല പുസ്തകങ്ങളും, ഉദാഹരണമായി ഏനോക്കിന്റെ പുസ്തകം, ബാറൂക്കിന്റെ വെളിപാട്, ഹെർമസിലെ ഇടയന്റെ ഗ്രന്ഥം എന്നിങ്ങനെ പലതും വേദപുസ്തകങ്ങളുടെ ഗണത്തിൽ സ്വീകരിച്ചിരിക്കുന്നു......എത്യോപ്യരായ പലരേയും വിശുദ്ധന്മാരുടെ ഗണത്തിൽ ഇവർ ഉൾപ്പെടുത്തിയിരിക്കുന്നു. "ഈ മനുഷ്യന്റെ രക്തത്തിൽ ഞാൻ കുററമില്ലാത്തവനാണ്" എന്നു പീലാത്തോസ് നമ്മുടെ കർത്താവിനെപ്പററി പറഞ്ഞതുകൊണ്ട് പീലാത്തോസിനേയും ഇതുപോലെയുള്ള മററു പലരേയും ഇവർ വിശുദ്ധന്മാരായി പരിഗണിച്ചുവരുന്നു! കർത്താവിന്റെ പിറവിത്തിരുനാൾ, മാതാവിന്റെ പിറവിത്തിരുനാൾ, വി. മിഖായേലിന്റെ തിരുനാൾ എന്നിങ്ങനെ പല തിരുനാളുകളും മാസംതോറും ഇവർ ഘോഷിക്കുന്നു......

"എത്യോപ്യരുടെ കാര്യത്തിൽ ഏററവും പ്രധാനമായി പറയുവാനുള്ളത് യഹൂദന്മാരുടെ ആചാരമര്യാദകൾ ഇവർ സ്വീകരിച്ചിരിക്കുന്നു എന്നുള്ളതാണ്. കുട്ടികളെ മാമ്മോദീസാ മുക്കുന്നതിനുമുമ്പു ഇവർ പരിച്ഛേദനം ചെയ്യിക്കുന്നു. സ്ത്രീകൾക്കും ഇങ്ങനെയുള്ള ഒരു ചടങ്ങു ഇവർ നിർവ്വഹിക്കുന്നുണ്ട്. പഴയനിയമത്തിലെപ്പോലെ മൃഗങ്ങളെ ശുദ്ധവും അശുദ്ധവും (ആചാര്യ 12—12, എന്ന്) ഇവർ വേർതിരിച്ചിരിക്കയാൽ മററു ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന പല മൃഗങ്ങളുടേയും പക്ഷികളുടേയും മാംസം ഇവർ ഉപയോഗിക്കയില്ല. പഴയനിയമത്തിലെ പല ശുചീകരണകർമ്മങ്ങളും ഇവർക്കുണ്ട്. ശനിയാഴ്ചയെ ഞായറാഴ്ചപോലെ ഇവർ ശുദ്ധമായി ആചരിക്കുന്നു......ശലമോനു് ശേബാരാജ്ഞിയിൽ ജനിച്ച മകനിൽനിന്നാണ് എത്യോപ്യൻരാജാക്കന്മാരുടെ വംശാവലി ആരംഭിച്ചിട്ടുള്ളതെന്നു് ഇവർ വിശ്വസിക്കുന്നതുകൊണ്ട് "യൂദായുടെ ഗോത്രത്തിലെ സിംഹം" എന്ന ബഹുമതി ഇവരുടെ രാജാക്കന്മാർ സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഇതു പൗരസ്ത്യർ സാധാരണമായി പറഞ്ഞുവരുന്നതുപോലുള്ള ഒരു വമ്പുപറച്ചിൽ മാത്രമാണ്." (അററ്വാട്ടർ, റോമ്മായുടെ ഐക്യത്തിലല്ലാത്ത പൗരസ്ത്യസഭകൾ, വാല്യം II, പുറം 217-224; വിഭിന്നപൗരസ്ത്യസഭകൾ, പുറം 251—265)

യാക്കോബായസഭയും, ഏകസ്വഭാവവാദത്തിൽനിന്നു ഉത്ഭവിച്ച ഈഗുപ്തായ, അബിസ്സീനിയൻ, എത്യോപ്യൻ എന്നീ സഭകളും അന്യോന്യം യാതൊരു ബന്ധവുമില്ലാത്ത സ്വതന്ത്രസഭകളാണെന്നു മാത്രമല്ല യാക്കോബായസഭയും എത്യോപ്യൻസഭയും വിശ്വാസത്തിലും ആചാരങ്ങളിലും വളരെ വിഭിന്നമായ സഭകളാണെന്നു മുകളിൽ ഉദ്ധരിച്ച സാക്ഷ്യങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. ഇങ്ങനെയിരിക്കെ യാക്കോബായസഭയ്ക്കു എങ്ങനെയാണ് എത്യോപ്യൻസഭയോട് മനോരമ അഭിപ്രായപ്പെടുന്നതുപോലെ സ്ഥായിയായ ബന്ധമുണ്ടാകുന്നത്? അങ്ങനെയുള്ള ബന്ധമുണ്ടായാൽ യാക്കോബായസഭയ്ക്കു ഇപ്പോഴത്തേക്കാൾ അധഃപതനമല്ലേ ഉണ്ടാകുക?

യാക്കോബായസഭയിൽ പുരോഹിതപട്ടം കൊടുക്കുമ്പോൾ കാർമ്മികനായ മേല്പട്ടക്കാരൻ പട്ടം സ്വീകരിക്കുന്ന ആൾക്കു നൽകുന്ന സുദീർഘമായ ഉപദേശത്തിൽ ഇപ്രകാരം പറയുന്നു:- "ക്ഷുദ്രക്കാരനായ ശീമോൻ....ആറിയോസു്...മക്കദോനിയസു്....നെസ്തോറിയസു്....നിന്ദ്യനാമധാരിയായ എവുത്തിക്കോസ്....എന്നിവരേയും, അവരുടെ മുമ്പും, അവരോടുകൂടെയും, അവരുടെ പിമ്പുമുള്ള മറെറല്ലാ മതവിപരീതികളേയും...നീ നിഷേധിക്കണം" (പട്ടംകൊടക്രമം, ആമ്മൊലൂഗിയാ = വിശ്വാസപ്രഖ്യാപനം) മലങ്കരയാക്കോബായസഭയുടെ മെത്രാപ്പോലീത്തായും, മഹാമല്പാനുമായിരുന്ന വട്ടശ്ശേരി മാർ ദിവന്നാസ്യോസ് തിരുമേനി എഴുതിയ "മതോപദേശസാരങ്ങൾ" എന്ന ഗ്രന്ഥത്തിൽ എവുത്തിക്കോസിനെ ആരിയോസ്, നെസ്തോറിയസ് മുതലായ മഹാ വേദവിപരീതികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (മതോപദേശസാരങ്ങൾ, അവസാനഭാഗം, 27) ഇങ്ങനെ എവുത്തിക്കോസിനെ മഹാ പാഷണ്ഡിയായി ഇപ്പോഴും പരിഗണിക്കുന്ന യാക്കോബായക്കാരാണ് എവുത്തിക്കോസിന്റെ ഏകസ്വഭാവവാദം എന്ന അബദ്ധോപദേശം ഇപ്പോഴും സ്വീകരിച്ചിരിക്കുന്ന എത്യോപ്യൻസഭയോട് യോജിക്കണമെന്നും പറയുന്നതു്.

യാക്കോബായക്കാർ വി. കർബാനയിൽ രാജാക്കന്മാരെ അനുസ്മരിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. വി. കർബാനയിൽ ശുശ്രൂഷകൻ ഇപ്രകാരം ചൊല്ലുന്നു:- "നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭകളേയും, ദയറാകളേയും (സന്യാസാശ്രമങ്ങളേയും) സത്യവിശ്വാസത്തിൽ നിലനിർത്തി ഉറപ്പിച്ച വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ സകല രാജാക്കന്മാരേയും ഞങ്ങൾ ഓർക്കുന്നു" (മൂന്നാം തുബ്ദേൻ—മാദ്ധ്യസ്ഥപ്രാർത്ഥന) യാക്കോബായസഭയുടെ വിശ്വാസത്തിൽ നിൽക്കുന്ന രാജാക്കന്മാരെ ഓർത്തു അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നാണ് ഇവിടെ പറയുന്നതു്. എത്യോപ്യൻ ചക്രവർത്തി യാക്കോബായസഭ ശപിച്ചു തള്ളിയിരിക്കുന്ന ഏകസ്വഭാവവാദമെന്ന പാഷണ്ഡത സ്വീകരിച്ചിട്ടുള്ള ഒരാളാകയാൽ യാക്കോബായക്കാർക്കു അദ്ദേഹത്തെ സത്യവിശ്വാസിയായോ, സത്യക്രിസ്ത്യാനിയായോ പരിഗണിക്കുവാൻ നിവൃത്തിയില്ല. എന്നാൽ ഫാദർ ടി. വി. ജോൺ അഭിപ്രായപ്പെടുന്നതു യാക്കോബായസഭയ്ക്കും എത്യോപ്യൻ ചക്രവർത്തിയെ വി. കർബാനയിൽ ഓർക്കുന്നതിനു ചുമതലയുണ്ടെന്നത്രേ. യാക്കോബായസഭയുടെ വിശ്വാസത്തിനും ആചാരത്തിനും എത്രയോ വിപരീതമാണ് ഈ "ഓർമ്മയും ചുമതലയും" എന്നു യാക്കോബായസഹോദരങ്ങൾ അറിഞ്ഞിരുന്നെങ്കിൽ!

കോട്ടയം മനോരമപ്രസ്സിൽനിന്നു പുറപ്പെടുന്നതും, മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗികനാവായിട്ടിരിക്കുന്നതുമായ "മലങ്കരസഭ" എന്ന മാസികയിൽ പറയുന്നു:- (എത്യോപ്യൻ) ചക്രവർത്തി തിരുമേനി നമ്മുടെ ഒരു ബന്ധുവാണ്. അദ്ദേഹം ഉൾപ്പെട്ടുനില്ക്കുന്ന സഭയുടെ വിശ്വാസംതന്നെയുള്ള നമ്മുടെ സഭയെപ്പററി അറിയുന്നതും കാണുന്നതും അദ്ദേഹത്തിനു തീർച്ചയായും സന്തോഷകരമായിരിക്കും ......വിശ്വാസത്തിൽ നമ്മുടെ സഭയുമായി യാതൊരു വ്യത്യാസവുമില്ല... ...അബിസീനിയൻ സഭയുടെ ഉന്നതനായ അംഗവും യഥാർത്ഥഭക്തനും സത്യവിശ്വാസിയുമായ ഹെയ്‌ലി സെലാസി ചക്രവർത്തി നമ്മുടെ സഭയെ സന്ദർശിക്കുന്നതു് ആ സഭയെ പ്രതിനിധീകരിച്ചുകൂടെയാകയാൽ ഈ സന്ദർശനം സഭാചരിത്രത്തിൽ രേഖപ്പെടുത്തത്തക്കവണ്ണം പ്രാധാന്യമുള്ളതാകുന്നു. ഇൻഡ്യയിലെ ഓർത്തഡോക്സ്സഭയും അബിസീനിയായിലെ ഓർത്തഡോക്സ്സഭയും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢപ്പെടുന്നതിനു ചക്രവർത്തി തിരുമേനിയുടെ ഈ സന്ദർശനം വഴിതെളിക്കുമെന്നു പ്രതീക്ഷിക്കാം" (മലങ്കരസഭ, 1956 ഒക്ടോബർ, പുറം 1, 25, 26)

എത്യോപ്യൻ ചക്രവർത്തി നമ്മുടെ നാട്ടിൽ വന്നപ്പോൾ ഒരു സന്ദർശകനും, ബഹുമാന്യാതിഥിയുമെന്ന നിലയിൽ ജാതിമതഭേദമെന്യേ എല്ലാവരും അദ്ദേഹത്തെ ബഹുമാനിക്കയോ ഹാർദ്ദമായി അദ്ദേഹത്തെ സ്വീകരിക്കയോ ചെയ്യുന്നതിൽ ആരും കുററം പറയുമെന്നു തോന്നുന്നില്ല. എത്യോപ്യൻസഭയും യാക്കോബായസഭപോലെ കല്ക്കദോനിയായിൽവച്ചു ശപിക്കപ്പെട്ട ഏകസ്വഭാവവാദികളിൽനിന്നു സംഘടിപ്പിക്കപ്പെട്ട ഒരു സഭയാകയാൽ മററു ക്രിസ്തീയവിഭാഗക്കാരെക്കാൾ യാക്കോബായക്കാർ എത്യോപ്യൻ ചക്രവർത്തിയെ സ്വീകരിച്ചു സല്ക്കരിച്ചതും അവിവേകമാണെന്നു് ആർക്കും അഭിപ്രായമില്ല. "ഒരേതരത്തിൽ തൂവലുകളുള്ള പക്ഷികൾ ഒരുമിച്ചുകൂടുക" സാധാരണമാണ്. എന്നാൽ പൊതുജനങ്ങൾക്കു പല തെററിദ്ധാരണകൾ ഉണ്ടാകത്തക്കവണ്ണം ചക്രവർത്തിതിരുമനസ്സിലേക്കു സ്വീകരണങ്ങൾ നൽകിയതും, അവാസ്തവമായ പല വാർത്തകൾ പത്രങ്ങൾ വഴി പ്രചരിപ്പിച്ചതും സമുചിതമായോ എന്നാണ് യാക്കോബായനേതാക്കന്മാരും മേല്പട്ടക്കാരും ചിന്തിക്കേണ്ടതു്. എത്യോപ്യൻ ചക്രവർത്തി യാക്കോബായവിശ്വാസമുള്ള ഒരാളാണെന്നുള്ള ധാരണയാണ് ഈ നാട്ടിലെ യാക്കോബായക്കാർക്കു ഇതുമൂലം ഉണ്ടായിട്ടുള്ളതെന്നു പലരുടേയും സംസാരങ്ങളിൽനിന്നു അറിയുവാൻ കഴിഞ്ഞു. ഓർത്തഡോക്സ്സഭാദ്ധ്യക്ഷനായ കാതോലിക്കാബാവാ തിരുമേനി പ്രസിദ്ധപ്പെടുത്തിയ കല്പനയിൽ പറയുന്നു:- "അപ്പസ്തോലന്മാരുടെ കാലംമുതൽ എന്നു മാത്രമല്ല, പഴയ നിയമകാലം മുതൽതന്നെ എത്യോപ്യാക്കാരെപ്പററി വി. വേദത്തിൽ സ്മരണകളുണ്ട്. ഇപ്പോഴത്തെ ചക്രവർത്തി സത്യവിശ്വാസിയും ദൈവഭക്തനുമാണ്. നമ്മുടെ സഭയും എത്യോപ്യൻസഭയുമായി ഐക്യത്തിൽ കഴിയുന്നു...... ചേപ്പാട്ടുപള്ളിയിൽവച്ചു നടത്തുന്ന പൊതുസമ്മേളനത്തിൽ അദ്ദേഹം സംബന്ധിക്കുന്നതാകയാൽ സൗകര്യമുള്ള എല്ലാവരും ചേപ്പാട്ടുവന്നുചേന്നു് അദ്ദേഹത്തോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കണം. അദ്ദേഹത്തിനും രാജകുടുംബാംഗങ്ങൾക്കുംവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം" (മനോരമ, 1956 ഒക്ടോബർ 19) കാതോലിക്കേററു് ആഫീസിൽനിന്നും അറിയിച്ചിട്ടുള്ള സ്വീകരണപരിപാടിയിൽ ഇപ്രകാരം പറയുന്നു:- "എത്യോപ്യൻ ചക്രവർത്തി കോട്ടയം പഴയസിമ്മിനാരി സന്ദർശിക്കുന്ന അവസരത്തിൽ......പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് കസവുമാല്യം ഇട്ടു സ്വീകരിക്കുന്നതും, അവിടെനിന്നു പള്ളിയിലേക്കു ആനയിക്കുന്നതുമാണ്. പട്ടക്കാരും ശമ്മാശ്ശന്മാരും ഇരുവശങ്ങളിൽനിന്നുകൊണ്ട് ഗാനാലാപം ചെയ്തുകൊണ്ടിരിക്കും. പള്ളിയകത്തു പ്രവേശിച്ചതിനുശേഷം ഒരു ചെറിയ ശുശ്രൂഷ ഉണ്ടായിരിക്കുന്നതും, അതിൽ ചക്രവർത്തി തിരുമനസ്സുകൊണ്ടും പരിവാരങ്ങളും സംബന്ധിക്കുന്നതുമായിരിക്കും" (മനോരമ, 1956 ഒക്ടോബർ 27). "എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിക്കു സ്വാഗതം" എന്ന തലക്കെട്ടിൽ മനോരമ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ ചക്രവർത്തിയുടെ വംശമാഹാത്മ്യങ്ങളെ വിവരിക്കുന്നുണ്ട്. എത്യോപ്യൻ രാജവംശാവലി ആരംഭിക്കുന്നതു ശേബാരാജ്ഞിയിൽ ശലോമോനു ന്യായരഹിതമായി ജനിച്ച ശിശുവിൽനിന്നാണത്രേ! (മനോരമ, ഒക്ടോബർ 28) ഇതു രാജകുടുംബത്തിനു് അഭിമാനകരമോ, അഭിമാനക്ഷയമോ? പോരെങ്കിൽ പാത്രിയർക്കീസുകക്ഷിയിലേ വലിയ ഒരു പണ്ഡിതനായി പരിഗണിക്കപ്പെടുന്ന മോശെ സലാമ റമ്പാൻ ഈയിടെ എഴുതിയ "വിശ്വാസത്യാഗി" എന്ന ലഘുലേഖയിൽ (പുറം 2) ശലോമോൻ നരകത്തിലേക്കുപോയി എന്നുള്ള വിധിയെഴുതിയിരിക്കുന്നു! ഇതു് എവിടെനിന്നു കിട്ടിയ അറിവാണെന്നു നിശ്ചയമില്ല. നരകത്തിൽ പോയ ഒരാളുടെ വംശാവലി അത്ര മാഹാത്മ്യമുള്ളതോ?

(തുടരും)




(2-ാം പേജ് തുടർച്ച)

ശവംപോലെ വിളറിയ അയാളുടെ മുഖം, അത്യധികമായ ക്ഷീണാവസ്ഥ ഇവ ആദ്യം പീലാത്തോസിന്റെ ശ്രദ്ധാവിഷയമായില്ല. മററുള്ളവരുടെ ദയനീയസ്ഥിതികണ്ടു് തഴമ്പിച്ചതായിരുന്നു പീലാത്തോസിന്റെ കണ്ണുകൾ. പോരെങ്കിൽ ബറാബാസ് മരണത്തിനു വിധിക്കപ്പെട്ട ആളുമായിരുന്നല്ലോ. ബറാബാസിന്റെ വിലങ്ങു മാററുവാൻ പ്രൊക്കുറയിററരുടെ കല്പനയുമുണ്ടായില്ല. ഉത്തരമെന്തെന്നറിയുവാൻ ആഗ്രഹിക്കാതെ പതിവിൻപ്രകാരമുള്ള ചോദ്യങ്ങൾ പീലാത്തോസു് തുടങ്ങി: "മറപ്രകാരമുള്ള കുററവിസ്താരം നടത്തേണമെന്നാണോ തന്റെ ആഗ്രഹം?"

"എന്നെ പെട്ടെന്നു കൊന്നുകൊള്ളാമെന്നുള്ള അവിടത്തെ വാഗ്ദാനം പാലിക്കേണമെന്നാണ് എന്റെ ആഗ്രഹം."

അയാളുടെ ശബ്ദം ആ അവസ്ഥയിലുള്ള ഒരുവനിൽനിന്നു് പ്രതീക്ഷിക്കാവുന്നതിലധികം മുഴക്കമുള്ളതായിരുന്നു.

"തന്റെ കുററം ലഘൂകരിക്കത്തക്കവണ്ണം തെളിവുതരുവാൻ ഇവിടെ വിസ്തരിക്കപ്പെടുന്ന സാക്ഷികൾക്കു സാധിച്ചെന്നുവന്നേക്കാം. ആവക സാക്ഷിവിസ്താരത്തിനുള്ള അവകാശം നിങ്ങൾ ഉപേക്ഷിക്കുകയാണോ ചെയ്യുന്നതു്?"

"അതെ ഞാൻ ഉപേക്ഷിക്കുന്നു."

"കൊലപാതകം താൻ നടത്തിയിട്ടുണ്ടെന്നു സമ്മതിക്കുന്നുവോ?"

"ഉവ്വ്."

"അതുപോലെതന്നെ പെരുവഴിയിൽ കവർച്ചയും നടത്തിയിട്ടില്ലേ?"

"ഉവ്വ്."

ചോദ്യങ്ങളും ഉത്തരങ്ങളും രേഖപ്പെടുത്തിക്കൊണ്ടിരുന്ന മാർക്കസിന്റെ നേരെ തിരിഞ്ഞു് പീലാത്തോസ് പറഞ്ഞു: "അയാൾ കുററങ്ങൾ സമ്മതിക്കുന്ന സ്ഥിതിക്കു് നമുക്കു സാക്ഷികൾ ആവശ്യമില്ല. കുററസമ്മതവും ശിക്ഷാവിധിയുംമാത്രം രേഖപ്പെടുത്തിയാൽ മതി."

ബറാബാസിനോടായി പ്രൊക്കുറയിററർ പ്രസ്താവിച്ചു: "ബറാബാസ്"നാമധാരിയായ യഹൂദൻ കൊലപാതകങ്ങളും പെരുവഴിയിൽ കവർച്ചകളും നടത്തിയതായി അയാൾ സമ്മതിച്ചു മൊഴിതന്നിരിക്കുന്നതിൽനിന്നുതന്നെ തെളിഞ്ഞിട്ടുണ്ട്. ഇതാണ് എന്റെ പ്രഖ്യാപനം. സാന്ദർഭികമായി ചോദിക്കുകയാണ് എത്ര റോമന്മാരെ താൻ വധിച്ചിട്ടുണ്ട്?"

"എന്റെ കയ്യിൽ കിട്ടിയിടത്തോളം റോമന്മാരെ ഞാൻ കൊന്നൊടുക്കി."

"ആ പ്രവൃത്തിയെപ്പററി പശ്ചാത്താപമുണ്ടോ?"

"ഞാൻ യഹൂദന്മാരെ കൊന്നിട്ടുള്ളതിൽമാത്രം പശ്ചാത്താപമുണ്ട്."

"അതു കേട്ടാൽ പുരോഹിതന്മാർക്കിഷ്ടം തോന്നുമായിരിക്കും. എനിക്കതിൽ രസമില്ല. ആകട്ടെ, തന്റെ കുററത്തിനു് ഗൗരവം കുറക്കുന്ന ഒരു വശമുണ്ട്. റോമന്മാരെ താൻ കൊലപ്പെടുത്തിയതു് പുരോഹിതന്മാരുടെ പ്രേരണയാലല്ലേ?"

"ആരുടേയും പ്രേരണ ഉണ്ടായിട്ടില്ല."

"കൊള്ളാം. മാർക്കസ്, എഴുതിക്കോളു; യഹൂദൻ ബറാബാസ് കുരിശുമരണത്തിനു വിധിക്കപ്പെട്ടിരിക്കുന്നു. എന്താ, ബറാബാസ്, വേറെ വല്ലതും പറയാനുണ്ടോ?"

"ശിക്ഷാവിധി ഉടൻതന്നെ നടത്തേണമെന്നാണ് എന്റെ ആ

(ശേഷം 7-ാംപേജിൽ)

Wednesday
January 2
1957

# THE SATHYADEEPAM


(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2239
Vol. 30
No. 20




## ബ്രിട്ടനിലെ കുട്ടികളുടെ ക്രിസ്തുമസ്



ബ്രിട്ടനിലെ ക്രിസ്തുമസ് അലങ്കാരങ്ങളിൽ ക്രിസ്തുമസ് ട്രീക്കു ഗണ്യമായ സ്ഥാനമുണ്ട്. കുട്ടികൾക്കായുള്ള ഓർമൻഡ് സ്ട്രീററു് ആശുപത്രിയിൽ ഒരു ക്രിസ്തുമസ് ട്രീ അലങ്കരിക്കുവാൻ േറഴ്സിനെ കുട്ടികൾ സഹായിക്കുന്നു.



ബ്രിട്ടനിലെ സ്റ്റോറുകൾ കുട്ടികളെ ആകർഷിക്കുവാൻ അലങ്കരിച്ചു സജ്ജമാക്കുന്നു. അലങ്കാരങ്ങളിൽ ഫാദർ ക്രിസ്തുമസിനു് ഒരു പ്രധാന സ്ഥാനമുണ്ട്. കുട്ടികളുടെ രക്ഷാധികാരിയായ സെൻറു് നിക്കൊളാസിനെ പ്രതിനിധാനം ചെയ്യുന്ന ഒരു സങ്കല്പരൂപമാണു് ക്രിസ്തുമസ് 'പപ്പാ'. ലണ്ടനിലെ ഒരു സ്റ്റോറിൽ ഫാദർ ക്രിസ്തുമസിനെ സന്ദർശിക്കുവാനെത്തിയ കുട്ടികൾ അവക്കുവേണ്ട സമ്മാനങ്ങൾ തിരഞ്ഞെടുക്കുന്നു

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

വിശുദ്ധ ആഗ്നസിൻെറ മനോഹരവും ഉത്തേജകവും മാതൃകാപരവുമായ ജീവിതം നിങ്ങൾ കണ്ടുകഴിഞ്ഞു. ഇനി പുതിയൊരു പംക്തി തുടങ്ങുന്നതിനു മുമ്പായി അല്പം ഒരു വിശ്രമം നിങ്ങൾ ഇഷ്ടപ്പെട്ടുമായിരിക്കാം. പക്ഷെ അതിനിടയിൽ കിട്ടുന്ന സമയം അലസമായിക്കളയാതിരിക്കുവാൻ ശ്രമിക്കുമല്ലോ. പുണ്യവാന്മാരുടേയും പുണ്യവതികളുടേയും ജീവിതങ്ങൾ വെറും കഥകളുടെ രീതിയിൽ മാത്രം നാം മനസ്സിലാക്കിയാൽ പ്രയോജനമില്ല. അവ നമുക്കു മാതൃകകളായി രൂപാന്തരപ്പെടണം. അവയിൽ അനുകരണീയങ്ങളായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്തുന്നതിനു ശ്രമിക്കണം. ഒരു യോദ്ധാവായിരുന്ന ഇഗ്നേഷ്യസിനെ ഒരു പുണ്യവാനാക്കിയതെന്താണെന്നു നിങ്ങൾ കേട്ടിട്ടുണ്ടോ? അദ്ദേഹം യുദ്ധത്തിൽ ഒരു മുറിവുപററി ആശുപത്രിയിൽ കിടക്കുകയായിരുന്നു. നേരം പോകണ്ടേ? വല്ലതും വായിക്കാമെന്നു വിചാരിച്ചു വായിക്കാൻ കിട്ടിയ പുസ്തകങ്ങൾ വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളായിരുന്നു. ഒരു യോദ്ധാവിനു അവ ഇഷ്ടപ്പെടുകയില്ല, ഇഗ്നേഷ്യസിനും അവ ഇഷ്ടപ്പെട്ടില്ല ആദ്യത്തിൽ. പക്ഷെ വേറൊന്നും കിട്ടാനില്ലായിരുന്നതുകൊണ്ടു് അവ വായിക്കാൻ തുടങ്ങി. നല്ല രസം. എന്തൊരു വീരകൃത്യങ്ങൾ! യോദ്ധ്ാവുസഹജമായ ഒരു വീരരസം വിശുദ്ധന്മാരുടെ ജീവിതത്തിലും ഉണ്ടെന്നു അദ്ദേഹം ഗ്രഹിച്ചു. എന്നാൽ ആദ്ധ്യാത്മികമായ ആ വീരകൃത്യങ്ങൾ ചെയ്യുന്നതു അത്ര എളുപ്പമല്ലെന്നു ഇഗ്നേഷ്യസ് കണ്ടു. ലോകത്തിൻെറ വീരകൃത്യങ്ങളെ അതിശയിക്കുന്നവയായിരുന്നു അവ. ധീരനായ ഇഗ്നേഷ്യസ് മടുത്തില്ല. അദ്ദേഹം സ്വയം ചോദിച്ചു: "ഇവനും ഇവൾക്കും എല്ലാം ഇതു സാദ്ധ്യമായെങ്കിൽ എന്തുകൊണ്ടു് എനിക്കും പാടില്ല?" വളരെ തൻേറടമുള്ള ഒരു ചോദ്യമായിരുന്നു അതു്. അതിനുള്ള മാർഗ്ഗവും അദ്ദേഹം തേടിപ്പിടിച്ചു, ദൈവസഹായം. അദ്ദേഹം ദൈവസഹായത്തോടുകൂടി വിശുദ്ധരുടെ ജീവിതം അനുകരിക്കുന്നതിനു ദൃഢനിശ്ചയം ചെയ്തു. അവരുടെ മാതൃകകളെ തൻെറ പ്രവൃത്തനങ്ങളിൽ പകർത്തി. വലിയൊരു വിശുദ്ധനും ഈശോസഭയുടെ സ്ഥാപകനുമായി. കുഞ്ഞനുജന്മാരുടേയും കുഞ്ഞനിയത്തികളുടേയും പിഞ്ചുകാലുകൾ അവരുടെ മാതൃകാവിശുദ്ധരുടെ ജീവിതമാതൃകയിലൂടെ മുന്നോട്ടുവയ്ക്കുക. നിങ്ങൾക്കും ആ സ്ഥാനം കൈവരുന്നതാണു്. നവവത്സരത്തിൻെറ മംഗളങ്ങൾ!

വല്യേട്ടൻ.

### 99-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം
എൻെറ പേർ—ക്രിസ്തുരാജൻ

### പ്രശ്നം നമ്പർ 100
(കെ. വി. തോമസ്
Reg. No. 57)

ഞാൻ ആഴ്ചയിൽ ഒരിക്കലേ പുറത്തിറങ്ങാറുള്ളു. മുപ്പതുകൊല്ലത്തോളമായി ഞാനീ പതിവു തുടങ്ങിയിട്ടു്. എല്ലാവർക്കും എന്നെ വലിയ കാര്യമാണു്. എനിക്കവരേയും അങ്ങിനെതന്നെ. ചില വൃദ്ധന്മാരും വൃദ്ധകളും വളരെ ക്ലേശിച്ചു കണ്ണാടിയിൽക്കൂടി എന്നെ കാണാൻ ശ്രമിക്കുമ്പോൾ അവരോടു എൻെറ സ്നേഹം വളരെ വർദ്ധിക്കുന്നുണ്ടു്. കുട്ടികളുടെ കുഞ്ഞിക്കണ്ണുകൾ എന്നെ ഉററുനോക്കുമ്പോൾ എനിക്കെന്തൊരാനന്ദമാണെന്നോ? എൻെറ പേരിനു നാലക്ഷരമാണു്. ഒന്നാമത്തെ അക്ഷരം സകലത്തിലും കാണാം, എല്ലാററിലും കാണുകയില്ല. രണ്ടാമത്തെ അക്ഷരം ആദിത്യനിലുണ്ടു്, ദിവാകരനിലില്ല. മൂന്നാമത്തെ അക്ഷരം നദീതീരത്തിൽ കാണാം, കടൽതീരത്തിലില്ല നാലാമത്തെ അക്ഷരം വിലാപത്തിലുണ്ടു്, വിഷാദത്തിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## "സ്രഷ്ടാവു വന്നു; സൃഷ്ടികൾ ഉണർന്നു"

(അഗസ്റ്റിൻ എം. Reg. No. 3)

രണ്ടായിരം വർഷങ്ങൾക്കപ്പുറം അതു ബെസ്ലഹമിലെ കാലിത്തൊഴുത്തിൽ സംഭവിച്ചു! മനുഷ്യവർഗ്ഗത്തിൻെറ ആയുസ്സിൻെറ ആയുസ്സു്, ജീവൻെറ ജീവൻ സമാഗതമായി. നൂററാണ്ടുകളായി അജ്ഞാനാന്ധകാരത്തിൽ ആണ്ടുപോയിരുന്ന മാനവസമുദായത്തിൽ സാഹോദര്യത്തിൻേറയും സമത്വത്തിൻേറയും പൊൻപുലരി ഉദയം ചെയ്തു. ദു:ഖിക്കുന്നവരും ഭാരം ചുമക്കുന്നവരും അദ്ധ്വാനിക്കുന്നവരുമായ സാധുക്കൾക്കു ഒരു ആശാദീപമായി അതു ഉയിരെടുത്തു.

എന്നാൽ അജ്ഞാനാന്ധകാരത്തിൽ നിപതിച്ചിരുന്ന യഹോവായുടെ അനുയായികൾ ഈ സംഭവം അറിഞ്ഞതേയില്ല. അറിഞ്ഞവർപോലും അതു കാര്യമായിഗണിച്ചുമില്ല. ഹൃദയശുദ്ധിയുള്ള പാവപ്പെട്ട ആട്ടിടയർ ഈ മഹനീയസംഭവത്തിൽ ആനന്ദിച്ചു; ആഹ്ളാദപൂർവ്വം അവർ അവിടുത്തെ സന്ദർശിച്ചാരാധിച്ചു.

ശാന്തിയും സമാധാനവും നിറഞ്ഞതായിരുന്നു ആ സുദിനം! ആനന്ദം വിളഞ്ഞ ആ രാത്രി! താരഗണങ്ങൾ ആകാശത്തിൽ മിന്നിത്തിളങ്ങി. ഇതിനുമുമ്പെങ്ങും ഇത്ര ശാന്തിനിറഞ്ഞതും സമാധാനപൂർണ്ണവുമായ ഒരു രാത്രി അവർ ദർശിച്ചിട്ടില്ല. പെട്ടെന്നു അന്ധകാരം എവിടെയോ പോയൊളിച്ചു. ലോകത്തിൽ അന്നെന്തൊക്കെയോ സംഭവിച്ചു. ഭൂമിയിലേക്കു മോക്ഷഭവനം താണിറങ്ങി. വാനാരൂപികൾ മധുരഗാനമാലപിച്ചു. പ്രപഞ്ചം ഒന്നാകെ ഞെട്ടിയുണർന്നു. ചക്രവാളം പുളകിതമായി. നമ്മസല്ലാപങ്ങൾ പകർന്നുകൊണ്ടു് ഇളംതെന്നൽ മലർവാടിയിലെ കുസുമതല്ലജങ്ങളിലൂടെ കടന്നുപോയി. കുസുമങ്ങളോരോന്നും ഉണ്ണിയേശുവിനെ തലകുനിച്ചാരാധിച്ചു. വൃക്ഷലതാദികൾ സന്തോഷത്താൽ തുഷാരബിന്ദുക്കൾ പൊഴിച്ചു. ഇളംകുയിലുകൾ തേന്മാവുകളുടെ തുഞ്ചിയിൽ കയറിയിരുന്നു് "സ്രഷ്ടാവു വന്നു; സൃഷ്ടികൾ ഉണർന്നു" എന്ന ഗീതം ഏററു പാടി.

ചരിത്രം മനഞ്ഞുണ്ടാക്കിയ സംഭവം—മനുഷ്യസമുദായത്തിനു് ഓജസ്സും തേജസ്സും, ഉശിരും ഉണർവും നൽകിയ സംഭവം—സുഖലോലുപന്മാർക്കു് മരണമണി മുഴക്കിയ മഹാസംഭവം—നരകശക്തികളെ തകർത്തു തരിപ്പണമാക്കിയ അത്ഭുതസംഭവം! അതിനു സാക്ഷിയാകുവാൻ ജനലക്ഷങ്ങൾക്കു അന്നു ഭാഗ്യമുണ്ടായില്ല. അവിടുന്നു മുട്ടി വിളിച്ചിട്ടുപോലും അവർ പടി തുറന്നില്ല. കിരാതത്വം നടമാടിയിരുന്ന മനുഷ്യഹൃദയത്തിൽ സാഹോദര്യത്തിൻേറയോ സമത്വത്തിൻേറയോ പൊൻകതിരുകൾ പ്രതിഫലിക്കുമോ? ദിവ്യസ്നേഹമധു പകർന്നുകൊടുക്കുവാൻ യാതനകളുടെമദ്ധ്യേ ഉദയംചെയ്ത ആ പൊന്നോമൽക്കുമാരനെ സമീപിക്കുവാൻ അന്നത്തെ ജനസാമാന്യം മുമ്പോട്ടുവന്നില്ല! കാററും കുളിരും തണുപ്പും സഹിച്ചു്, ബെസ്ലഹംനഗരിയിലെ ഒരു കാലിത്തൊഴുത്തിൽ പുൽമെത്തയിൽ ശയിക്കുന്ന ആ പൊന്നോമൽക്കുമാരൻ ആരാണു്? ത്യാഗത്തിൻേറയും സൗമനസ്യത്തിൻേറയും സാഹോദര്യത്തിൻേറയും വററാത്ത അരുവി! അഹംഭാവവും അജ്ഞതയും അക്രമാസക്തിയും നിറഞ്ഞ മനുഷ്യസമുദായത്തിൻെറ ആബദ്ധ്യത്തിൽ അനുകമ്പതൂകുന്ന പൊന്നുണ്ണി! പ്രപഞ്ചത്തിൻേറയും അതിലുൾപ്പെട്ട സകല ചരാചരങ്ങളുടേയും സ്രഷ്ടാവല്ലയോ ആ ഓമൽക്കുമാരൻ! എളിമയുടെ മൂർത്തീകരണം! ശിക്ഷിക്കാനും രക്ഷിക്കാനും അവകാശമുള്ള, അധികാരമുള്ള ദൈവസൂനു! നിമിഷംകൊണ്ടു് പ്രപഞ്ചത്തെയും അതിലുൾപ്പെട്ട സകലതിനേയും സൃഷ്ടിച്ചുണ്ടാക്കിയ സർവ്വശക്തൻ!—എത്ര മഹനീയവും അത്ഭുതകരവുമായ ഒരു സംഭവം—സൃഷ്ടികൾക്കുവേണ്ടി സ്രഷ്ടാവു് സ്വയം ത്യാഗം വരിച്ചു സൽമാതൃക!

അവിടുത്തേക്കു വേണമെങ്കിൽ രാജകീയമായ സുഖാഡംബരങ്ങളുടെ നടുവിൽ അവതരിക്കാമായിരുന്നു. എന്നാൽ സൃഷ്ടിയോടുള്ള അതുല്യമായ സ്നേഹകാരുണ്യവായ്പിനാൽ അവിടുന്നു കാലിത്തൊഴുത്തിൽ കാലികളുടെയിടയിൽ പള്ളികൊണ്ടു. അങ്ങനുഭവിച്ച യാതനകൾ ലോകദു:ഖങ്ങളെപ്പററി ചിന്തിക്കുവാൻ പാപികളായ മനുഷ്യർക്കു അവസരംനൽകുന്നു. ലോകത്തിലെ ഉദ്ധതന്മാരായ തത്വചിന്തകന്മാരേയും ആവേശഭരിതരായ വിപ്ലവകാരികളേയും ഇരുത്തിചിന്തിപ്പിക്കുന്ന മൃദുല മനോഹരമായ ഒരു സന്ദേശം അതിൽ തിളങ്ങിനില്ക്കുന്നു!

കേവലം ഭൗതികവും ക്ഷണമാത്രവുമായ ആശയങ്ങളാലും ചിന്തകളാലും ആവൃതരായി പാപച്ചെളിയിൽ മുഴകിയിരിക്കുന്ന മനുഷ്യഹൃദയങ്ങളിൽ ദൈവവിശ്വാസത്തിൻേറയും സാഹോദര്യത്തിൻേറയും സമത്വത്തിൻേറയും സഹനത്തിൻേറയും വിത്തു് വിതയ്ക്കുവാനല്ലോ അവിടുന്നു ലോകത്തിൽ ജാതനായതു്. എന്നാൽ അവിടുത്തെ സ്നേഹമസൃണമായ മധുതുളുമ്പുന്ന ആ ആശയങ്ങൾ ഗ്രഹിക്കുവാൻ ഇന്നു മനുഷ്യവർഗ്ഗത്തിനു സാധിക്കുന്നില്ല! സ്വേച്ഛാപ്രമത്തരായ അധികാരിവർഗ്ഗവും, ദ്രവ്യാഗ്രഹികളായ മുതലാളിവൃന്ദവും ലൗകായതികത്വത്തിൽ ആണ്ടുപോയിരിക്കുന്നു! അന്ധത ജനതയെ ആവരണം ചെയ്തിരിക്കുന്നു.

അങ്ങു കാണിച്ചുതന്ന സ്വർഗ്ഗപാത മുള്ളുകളാൽ അടഞ്ഞുപോകാതിരിക്കുവാൻ, അങ്ങു കൊളുത്തിയ ആ സ്നേഹത്തിൻെറ കൈത്തിരി അണഞ്ഞുപോകാതിരിക്കുവാൻ, ഭാരംചുമക്കുന്നവരും വ്യസനം അനുഭവിക്കുന്നവരുമായ മനുഷ്യരെല്ലാം അവിടുത്തെ സാന്ത്വനാഹ്വാനം ശ്രവിക്കുവാൻ അവിടുന്നു കനിഞ്ഞനുഗ്രഹിക്കുമാറാകണേ!

—o—

### തയ്യാറായി
### ലഘുനിക്ഷേപനിധി

ഇടവകകളിൽ "ലഘുനിക്ഷേപനിധി" ആരംഭിക്കുന്നതിനു് ആവശ്യമായ പാസ്സുബുക്കും അപേക്ഷാഫാറവും അടിച്ചു തയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിലേക്കു് എഴുതുക:-

വില ഒന്നിനു 2 ണ.

### സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—12—0 |

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1